www.malankaralibrary.com

സെപ്റ്റംബർ 2026

ക്രൈസ്തവ കാഹളം

മെത്രാഭിഷേക രജതജൂബിലി
വിശേഷാൽ പതിപ്പ്

25
പ്രകാശ
വർഷങ്ങൾ



www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ജാഗരണത്തിലും വിശപ്പിലും ശുദ്ധതയിലും ജ്ഞാനത്തിലും ദീർഘക്ഷമയിലും ദയയിലും പരിശുദ്ധാത്മാവിലും നിഷ്കളങ്കസ്നേഹത്തിലും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

പ്രാർത്ഥനാശംസകൾ



മെത്രാഭിഷേക രജത ജൂബിലി ആഘോഷിക്കുന്ന
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അധ്യക്ഷനുമായ
അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ്
കത്തോലിക്കാബാവയ്ക്ക് പ്രാർത്ഥനാശംസകൾ!

www.malankaralibrary.com



25 പ്രകാശ വർഷങ്ങൾ

ക്രൈസ്തവ കാഹളം

സെപ്റ്റംബർ 2026 വാല്യം 87 ലക്കം 9

ഉള്ളടക്കം



എഡിറ്റോറിയൽ	04
വഴിയും സത്യവും	07
ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ ഇടയൻ	25
കാലാതിവർത്തിയായ നേതൃത്വത്തിന്റെ കാൽനൂറ്റാണ്ട്	27
ദൈവപരിപാലനയുടെ ചൂണ്ടുവിരൽ	37
കൂട്ടായ്മയുടെ കാവലാൾ	41
അനുഗ്രഹീത നേതൃത്വത്തിന്റെ കാൽനൂറ്റാണ്ട്	47
ശ്രേഷ്ഠമായ ആചാര്യ ശുശ്രൂഷ - പ്രാരംഭ നാളുകൾ മുതൽ ഇന്നോളം	51
അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയും മിശിഹാനുകരണ സന്യാസിനീ സമൂഹവും	59
തണലേകുന്ന പൗരോഹിത്യം	65
സർവ്വ ജനങ്ങൾക്കും വേണ്ടി ഒരു മുന്തിരിവള്ളി	69
ജൂബിലി ആഘോഷത്തിന്റെ ആത്മീയ മാനങ്ങൾ	77
ജൂബിലി വാർത്തകളും ദൃശ്യങ്ങളും	83
ജൂബിലി ചാരിറ്റി പ്രോജക്ട്സ്	93

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. സാം തോമസ് മണലുശ്ശേരി
9539955970

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com



എഡിറ്റോറിയൽ

25 പ്രകാശ വർഷങ്ങൾ

ചുരുളഴിയുന്നത് കരുതലിന്റെ മാന്ത്രികത്താളുകൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് അത്യഭിവന്ദ്യ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി പൊതു സമൂഹത്തോട് ചേർന്ന് സഭയൊന്നാകെ ദൈവമുമ്പാകെ നന്ദി പറഞ്ഞുകൊണ്ട് ആഘോഷിച്ചു. ബാവാ തിരുമേനിയുടെ മെത്രാഭിഷേക ജൂബിലി കേവലം വ്യക്തിപരമായ ഒരാഘോഷ മായിരുന്നില്ല. മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ച് എല്ലാക്കാലത്തും അതിന്റെ ചരിത്രത്തിലെ എല്ലാ ആഘോഷങ്ങളും സഭയെ എടുത്തുയർത്തുന്ന ദൈവാനുഭവ ത്തിന്റെ സാക്ഷ്യങ്ങളായിരുന്നു. ഈ കഴിഞ്ഞ ഓഗസ്റ്റ് മാസം 22-ാം തീയതി സഭയുടെ ആസ്ഥാന ദൈവാലയത്തോട് ചേർന്ന് ധന്യൻ മാർ ഇവാനിയോസ് തിരുമേനിയുടെ കബറിടത്തോട് ചേർന്ന് മൺമറഞ്ഞ മഹാരഥന്മാരായ മുൻഗാമികളുടെ പാവനമായ പാദസ്പർശത്താൽ പുണ്യമാക്കപ്പെട്ട പട്ടം സെന്റ് മേരീസ് കോമ്പൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ ജൂബിലി നഗറിൽ നടന്ന പ്രൗഢഗംഭീരമായ ജൂബിലി ആഘോഷങ്ങൾ എല്ലാ അർത്ഥത്തിലും അതിന്റെ ആത്മീയ നന്മകൾ സഭാമക്കൾക്ക് സംലഭ്യമാക്കിയും പൊതു സമൂഹത്തിൽ ഈ സഭയെ കൂടുതൽ ആത്മാഭിമാനത്തോടെ ശുശ്രൂഷ ചെയ്യുവാൻ സജ്ജമാക്കിയും നടത്തപ്പെട്ടു. വന്നുചേർന്ന പൗരപ്രമുഖരുടെ, സഭാപിതാക്കന്മാരുടെ സജീവസാന്നിധ്യം ഈ സഭയെ കൂടുതൽ അഭിമാനത്തോടെയും ആത്മവിശ്വാസ ത്തോടെയും നിലനിൽക്കുവാൻ സഹായിച്ചു എന്നതിൽ സംശയമില്ല.

രാജ്യത്തിന്റെ ഒരു പരിച്ഛേദം തന്നെ ഒരു പന്തലിലേക്ക് ഒഴുകി എത്തിയെങ്കിൽ അതിന്റെ കാരണം എന്താണ്? എല്ലാവരെയും ഒരുപോലെ കാണാനും ഒരുപോലെ അടുത്തിടപെടാനും ഇവിടെ ഒരാൾക്ക് കഴിയുന്നു എന്നത് തന്നെയാണ് അതിന്റെ കാരണം. കണ്ടുമുട്ടുന്നവരെ തന്റെ ഹൃദയത്തിൽ ഇടം കൊടുത്ത് ശ്രേഷ്ഠരായി കാണുവാനും സംവദിക്കുവാനും ഈ ആത്മീയ ആചാര്യന് കഴിയുന്നു എന്നത് എല്ലാവരും തലകുലുക്കി സമ്മതിക്കുന്ന കാര്യമാണ്. സ്നേഹം അത് മറ്റുള്ളവർക്ക് കരുതലായും, കാരുണ്യമായും നൽകാനുള്ളതാണ് എന്ന് മനസ്സിലാക്കി അത് തന്റെ ജീവിത പ്രമാണമാക്കി ജീവിക്കുന്ന അത്യഭിവന്ദ്യ ബാവാ തിരുമേനി ഈ സഭയ്ക്ക് അഭിമാനമാണ്. ഈ സഭയുടെ യശ്ശസ്സ് വാനോളം ഉയർത്തുവാൻ പിതാവിന്റെ ജീവിതവും നിലപാടുകളും എന്നും സഹായിച്ചിട്ടുണ്ട്. സഭയ്ക്കുവേണ്ടി ഒരുമുഴം മുൻപേ എന്ന രീതിയിൽ കാര്യങ്ങൾ ദീർഘവീക്ഷണത്തിൽ ക്രമീകരിക്കുന്നതിന് പിതാവ് നൽകുന്ന സവിശേഷ ശ്രദ്ധ എല്ലാവരെയും അമ്പരപ്പിക്കുന്നതാണ്. പിതാവിന്റെ നിലപാടുകൾ സഭയുടെ

www.malankaralibrary.com

കേന്ദ്രീകൃതമായ ഒരു ദർശനത്തെ മാത്രമല്ല സ്വാധീനിച്ചിട്ടുള്ളത് അതിന്റെ പ്രകമ്പനങ്ങൾ ഇടവകകളിലും, കുടുംബങ്ങളിലും, സഭാമക്കളായ വ്യക്തികളിലേക്കും വ്യാപിച്ചിരിക്കുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. ഒരു സഭാനേതാവും അദ്ദേഹത്തിന്റെ ദർശനങ്ങളും ഒരു സഭയിലാകമാനം ഇത്രയധികം സ്വാധീനിക്കുന്നു എന്നുള്ളത് എടുത്തുപറയേണ്ടതാണ്. ഇടവകകളിലെയും കുടുംബങ്ങളിലെയും ആഘോഷങ്ങൾ, വെറും ആഘോഷങ്ങളായി പര്യവസാനിക്കാതെ അത് പാവങ്ങളിലേക്ക് അർഹതയുള്ളവരിലേക്ക് നീണ്ട് എത്തുന്ന യേശുവിന്റെ കരുണയുടെ കരങ്ങളായി പരിണമിക്കുന്നതിന്റെ പിന്നിലെ കാരണം ബാവാ തിരുമേനിയുടെ നിരന്തരമായ, ജാഗ്രതയോടെയുള്ള നിലപാടുകളും സ്നേഹത്തിൽ കൊരുത്തെടുത്ത ബന്ധങ്ങളുടെ ദൃഢതയുമാണ്.

ഇതരസഭകളോടും വിവിധ സമുദായങ്ങളോടും വ്യത്യസ്ത ആശയങ്ങളോടും ബാവാ തിരുമേനി പുലർത്തുന്ന തുറന്ന സമീപനവും ആശയവിനിമയത്തിന് മാറ്റിവയ്ക്കുന്ന സാധ്യതകളും ഒരിക്കലും കീഴടങ്ങലോ, ഭീരുത്വമോ അല്ല. എല്ലാവരോടും തുറന്ന് സംസാരിക്കാതെ എങ്ങനെയാണ് നമ്മെ അവർ മനസ്സിലാക്കുന്നത്? അവർ പറയുന്നത് നമ്മൾ മനസ്സിലാക്കുന്നത്? മറ്റുള്ളവർ അറച്ചു നിൽക്കുമ്പോഴും, അകന്ന് നിൽക്കുമ്പോഴും, അപകടം മുന്നിൽക്കണ്ട് നിൽക്കുമ്പോഴും, ആര് എന്ത് വിചാരിക്കും എന്ന ചിന്തയിൽ നിന്ന് പുറത്ത് വന്ന് ആരുടെ അടുത്തേക്കും പോകുവാൻ, സംസാരിക്കുവാൻ, അതുവഴി ആർക്കെങ്കിലും എന്തെങ്കിലും നന്മ ചെയ്യുവാൻ ഉള്ള സാധ്യതകളയാതെ പരമാവധി പ്രയോജനപ്പെടുത്തുവാൻ തിരുമേനി പ്രത്യേകം ശ്രദ്ധിക്കുന്നു. നിസ്സാരമെന്ന് വിചാരിച്ച് മാറ്റി വയ്ക്കുന്ന ചെറിയ കാര്യങ്ങളിലേക്ക് പോലും തിരുമേനിയുടെ കണ്ണും, മനസ്സും ഓടിയെത്തുന്നത് സാധാരണമാണ്. അതിനെല്ലാം തിരുമേനിക്ക് ചില കാരണങ്ങൾ ഉണ്ട്. കാരണം മറ്റൊന്നുമല്ല ഒരാളും നമ്മുടെ അശ്രദ്ധയിൽ പരിഗണിക്കപ്പെടാതെ പോകരുത്. തിരുമേനിയോടൊത്ത് ശുശ്രൂഷകൾ ചെയ്യുമ്പോൾ, യാത്ര ചെയ്യുമ്പോൾ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന ഈ ജീവിത പ്രത്യേകത നമുക്ക് അടുത്തറിയാൻ കഴിയും. തിരുമേനിയോട് പറഞ്ഞിട്ടുള്ള ഏത് കാര്യവും പറഞ്ഞ ആൾ മറന്നാലും തിരുമേനി അത് ഓർത്തുവയ്ക്കും. പറഞ്ഞ ദിവസം അത് നടത്തിക്കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും ഒരിക്കൽ പറഞ്ഞയാളെ അത്ഭുതപ്പെടുത്തി അത് ചെയ്ത് കൊടുത്തിരിക്കും. അതാണ് ക്ലീമീസ് ബാവാ തിരുമേനി. അടുത്തറിയുമ്പോൾ ചുരുളഴിയുന്നത് കാരുണ്യത്തിന്റെ, കരുതലിന്റെ താളുകളിൽ അത്ഭുതത്തിന്റെ മാന്ത്രിക ചിത്രങ്ങൾ വരയ്ക്കുന്ന ബാവാ തിരുമേനിയാണ്.

ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ
ഫോൺ: 9447661943
bovasmathew@gmail.com



www.malankaralibrary.com



വഴിയും സത്യവും

മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവയുടെ മെത്രാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് അദ്ദേഹവുമായി ഏഷ്യാനെറ്റ് ന്യൂസ് അവതാരകൻ ശ്രീ വിനു വി. ജോൺ നടത്തിയ അഭിമുഖം

25 വർഷം ഒരു മനുഷ്യന്റെ ജീവിതത്തിൽ ചെറിയൊരു കാലയളവല്ല. അത് ഒരു മെത്രാപ്പോലീത്തായുടെ ജീവിതത്തിലാകുമ്പോൾ ഒരുപാട് മനുഷ്യരുടെ ജീവിതവും പ്രതീക്ഷയും സന്തോഷവും സങ്കടവും ഒക്കെ അതിന്റെ ഭാഗമാവും. സമൂഹത്തിന്റെ നാനാതുറകളിലുള്ള മനുഷ്യരെ ആശ്വസിപ്പിച്ച, അവരെ നേർവഴിക്ക് നയിച്ച കാൽ നൂറ്റാണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും കർദ്ദിനാളുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ നമുക്കൊപ്പം ചേരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ...

www.malankaralibrary.com

25 വർഷങ്ങൾക്കു മുൻപ് ഒരു സ്വാതന്ത്ര്യ ദിനത്തിലാണ് അങ്ങ് മെത്രാപ്പോലീത്തായി അഭിഷേകം ചെയ്യപ്പെടുന്നത്. അത് യാദൃശ്ചികമായി വന്നു ഭവിച്ചതാണോ?

അത് വാസ്തവത്തിൽ ഞാൻ തെരഞ്ഞെടുത്തതാണ്. രണ്ടു കാരണങ്ങൾ. ഒന്ന് അത് പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിവസമാണ്. എന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം സംഭവിച്ചിട്ടുള്ളത് മാതാവിന്റെ തിരുനാൾ ദിവസങ്ങളിൽ ആണ്. അത് ഞാൻ തെരഞ്ഞെടുത്തതാണ്. ഓഗസ്റ്റ് 15 നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യ ദിനം കൂടിയാണ്. അത് എന്തുകൊണ്ടും അനുയോജ്യമാണ് എന്ന് എനിക്ക് തോന്നി. ധാരാളം അസൗകര്യങ്ങൾ അനേകർ പറഞ്ഞു. അന്ന് ഒരുമിച്ച് വരാൻ ബുദ്ധിമുട്ടുണ്ടാകും. വൈദികർക്ക് പള്ളികളിൽ നിന്ന് വരാൻ ബുദ്ധിമുട്ടുണ്ടാകും. മറ്റ് സാമൂഹ്യ പ്രവർത്തകർക്ക് പൊതു ചടങ്ങുകൾ ഉണ്ടാകും. പക്ഷേ എന്റെ മനസ്സിൽ തോന്നിയത് ഇതിനേക്കാൾ നല്ലൊരു ദിവസം ഇല്ലല്ലോ, അത് അങ്ങനെ ആകട്ടെ എന്നാണ്. അതുകൊണ്ട് വലിയ സന്തോഷത്തോടുകൂടിയാണ് ഞാൻ ആ ദിവസത്തെ ഓർക്കുന്നത് അങ്ങനെ ഞാൻ തെരഞ്ഞെടുത്ത ഒരു ദിവസമാണത്.

മെത്രാനായിട്ട് 25 വർഷമായല്ലോ. പിന്തിരിഞ്ഞു നോക്കുമ്പോൾ മനസ്സിൽ പതിഞ്ഞു നിൽക്കുന്ന ഏറ്റവുംപ്രധാനപ്പെട്ട ജീവിത ചിത്രങ്ങൾ എന്തൊക്കെയാണ്?

എന്റെ ജീവിതരഹസ്യം എന്താണെന്ന് ചോദിച്ചാൽ പറയാവുന്ന ഒരു കാര്യമുണ്ട്. എന്നെ ഞാൻ ആക്കുന്ന ഒരു കാര്യം. അത് ബന്ധങ്ങളാണ്. ബന്ധമെന്ന ആ ഒരു പൊതു സംജ്ഞയിൽ എന്റെ ആത്മീയതയും എന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഉൾച്ചേർന്നിരിക്കുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. എവിടെയൊക്കെ ഈ ബന്ധം ഉണ്ടാക്കാനും അത് നിലനിർത്താനും മുറിഞ്ഞു പോകാതെ ജാഗ്രതയിൽ സൂക്ഷിക്കാനും സാധിച്ചിട്ടുണ്ടോ അതൊക്കെ എന്റെ ഓർമ്മയിലുണ്ട്. സന്തോഷത്തോടുകൂടി പറയുന്നു കഴിഞ്ഞ 25 വർഷങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ മറ്റൊരു ജീവിതാവസ്ഥ ആയിരുന്നെങ്കിൽ ഇതിനേക്കാൾ നന്നായി പോകുമായിരുന്നു എന്നൊരു ചിന്ത എനിക്കില്ല, എന്നെ അത് സ്വാധീനിച്ചിട്ടുമില്ല. ആത്മീയ ജീവിതത്തിലെ ഒരു ശുശ്രൂഷയാ



www.malankaralibrary.com

ണിത്. തീർച്ചയായും ആത്മീയ ജീവിതത്തിൽ നാം ഓർമിക്കുന്ന അനേക മുഹൂർത്തങ്ങൾ അത് സമ്മാനിച്ചിട്ടുണ്ട്. വൈദികൻ ആയി അഭിഷേകം ചെയ്യപ്പെട്ട ആ നിമിഷം, മെത്രാൻ ആയി അഭിഷേകത്തിന്റെ ആ സന്തോഷ കരമായ അനുഭവം. എന്റെ അമ്മ അതിന് സാക്ഷിയായി എന്റെ കൂടെ ഉണ്ടായിരുന്നത്. നമ്മൾ സ്നേഹിക്കുന്ന നമ്മെ സ്നേഹിക്കുന്ന അനേകർ ചുറ്റും നിന്ന് പ്രാർത്ഥിക്കുന്നത്. ക്ഷണം സ്വീകരിച്ചും അല്ലാതെയും അനേകം ആളുകൾ നമുക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഒരുമിച്ചു കൂടുമ്പോൾ അവരുടെ ആ വലിയ കരുതൽ എന്നെ ബലപ്പെടുത്തിയിട്ടുണ്ട്. എന്റെ ഹൃദയത്തെ സ്പർശിച്ചിട്ടുണ്ട്. മുകളിലേക്കും താഴേക്കും ഇരുവശങ്ങളിലേക്കും ഉള്ള ബന്ധമാണ് എന്റെ ജീവിതത്തിന്റെ അടിസ്ഥാന സന്തോഷം എന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു. ഇപ്പോഴും ഞാൻ മനസ്സിൽ സൂക്ഷിക്കുന്നത് അതു തന്നെയാണ്.

അമ്മയെക്കുറിച്ച് പറഞ്ഞല്ലോ. മകൻ ഒരു വൈദികൻ ആകണമെന്ന് അമ്മ ആഗ്രഹിച്ചിരുന്നോ?

തീർച്ചയായും. അമ്മയോടാണ് വൈദികനാകണമെന്ന എന്റെ ആഗ്രഹം ഞാൻ ആദ്യമായി പറഞ്ഞത്. അമ്മയാണല്ലോ എല്ലാ വീടുകളിലും നമ്മുടെ അംബാസിഡർ. അമ്മയോട് ഞാൻ പറഞ്ഞു 'എനിക്ക് സെമിനാരിയിൽ പോകണം.' അമ്മ ചോദിച്ചു, 'നീ എവിടെയാ പോകുന്നത്?' ഞാൻ പറഞ്ഞു, നമ്മുടെ ഭദ്രാസനത്തിന്റെ സെമിനാരിയിൽ തന്നെയാണ്. അമ്മയ്ക്ക് ഒരു ഭയമുണ്ടായിരുന്നു ഞാൻ ആശ്രമത്തിലെങ്ങാനും പോയാൽ ഇടയ്ക്ക് വീട്ടിൽ വരാൻ കഴിയാതെ പോകുമല്ലോ എന്ന്. ഞാൻ പറഞ്ഞു, 'ഞാൻ സെമിനാരിയിലാണ് പോകുന്നത്.' ആശ്രമത്തിൽ പോകാൻ ഉള്ളിൽ ചെറിയൊരു ആഗ്രഹം ഉണ്ടായിരുന്നെങ്കിലും സെമിനാരിയിലാണ് വൈദിക പരിശീലനത്തിനായി ഞാൻ ചേർന്നത്. അമ്മയാണ് പിന്നെ അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളൊക്കെ മുന്നോട്ടു നിക്കിയത്. വീട്ടിൽ പറഞ്ഞപ്പോൾ ആരും അതിനെ എതിർത്തില്ല. ഒരു കാര്യം മാത്രമേ കാർക്കശക്കാരനായ അപ്പൻ പറഞ്ഞുള്ളൂ, 'പോകുന്നതൊക്കെ കൊള്ളാം തിരിച്ചിങ്ങോട്ട് വന്നേക്കരുത്.' അത് ഭീഷണി ആയിരുന്നില്ല ഉറച്ചു നിൽക്കാനുള്ള അപ്പന്റെ ഒരു കൽപ്പനയായിരുന്നു. അപ്പന്റെ ആഗ്രഹം പോലെ തന്നെ സംഭവിച്ചു. സെമിനാരിയിൽ ചേർന്നിട്ട് ഒരിക്കലും ഇടയ്ക്ക് തിരിച്ചു പോരാൻ തോന്നിയിട്ടില്ല; ദൈവം അതിന് അനുവദിച്ചിട്ടില്ല.



ചെറുപ്പത്തിൽ പിതാവിന്റെ വിരലിന് എന്തോ മുറിവേറ്റതായും അത് വൈദികൻ ആകുന്നതിന് തടസ്സം സൃഷ്ടിക്കാവുന്നതായിരുന്നു എന്നുമൊക്കെ കേട്ടിട്ടുണ്ട്. ആ സംഭവം എന്തായിരുന്നു?

എന്റെ വലതു കൈയുടെ ചൂണ്ടുവിരലിലാണ് അന്ന് മുറിവേറ്റത്. ചെറുപ്പമായിരിക്കുമ്പോൾ ഞങ്ങളുടെ വീടുപണി നടക്കുന്ന സമയത്ത് ജനലിന്റെ കമ്പി മുറിക്കുന്ന പണിക്കാരനെ ഞാൻ സഹായിക്കാൻ കൂടിയതാണ്. അബദ്ധത്തിൽ ഒരു അപകടം സംഭവിച്ചു. അറക്കുന്ന വാളിനിടയിൽപ്പെട്ട് എന്റെ വിരലിന്റെ അഗ്രം മുറിഞ്ഞ് ഭാഗികമായി ഏതാണ്ട് വേർപെട്ടു. എല്ലാവരും പറഞ്ഞു അതങ്ങ് മുറിച്ചു കളയാം. പക്ഷേ അമ്മ അക്കാര്യത്തിൽ ഒരു നിർബന്ധബുദ്ധി

www.malankaralibrary.com



കാണിച്ചു. 'വിരലിന്റെ അഗ്രം മുറിച്ചു കള യേണ്ട അത് തുന്നിക്കെട്ടണം.' അവിടെനിന്ന് മല്ലപ്പള്ളിയിൽ ഉള്ള ഹോസ്പിറ്റലിൽ പോകണമെങ്കിൽ എന്നെ എടുത്തു കൊണ്ട് അഞ്ചു കിലോമീറ്റർ നടക്കണം. ഞങ്ങളുടെ വീട്ടിൽ പണിക്ക് വന്ന കുഞ്ഞൻ പണിക്കൻ ആണെന്നാണ് എന്റെ ഓർമ്മ എന്നെ എടുത്തു കൊണ്ട് ഹോസ്പിറ്റലിലേക്കോടി. അപ്പൻ ഒരു അധ്യാപകനായിരുന്നു. അദ്ദേഹം വീട്ടിൽ ഉണ്ടായിരുന്നില്ല. അങ്ങനെ അമ്മ യുടെ ആഗ്രഹം അനുസരിച്ച് ഹോസ്പിറ്റലിൽ കൊണ്ടുപോയി ആ വിരൽ തുന്നിച്ചേർക്കുകയായിരുന്നു. ഒരുപക്ഷേ തുന്നിച്ചേർക്കാതിരുന്നെങ്കിൽ എനിക്ക് ഒരു വൈദികനായി വിശുദ്ധ കുർബാന അർപ്പിക്കുന്നതിന് അന്നത്തെ സാഹചര്യത്തിൽ സാധിക്കുമായിരുന്നില്ല.

ആലുവ സെമിനാരിയിൽ തത്വശാസ്ത്രം പഠിക്കാൻചെന്നപ്പോൾ റെക്ടർ അച്ചൻ എന്റെ വിരൽ ശ്രദ്ധിച്ചു. എന്നെ അടുത്ത് വിളിച്ച് മുറിവിനെ കുറിച്ച് ചോദിച്ചു. എന്നിട്ട് എന്നോട് പറഞ്ഞു, 'വിരൽ മുറിഞ്ഞുപോയിരുന്നുവെങ്കിൽ നിന്നെ സെമിനാരിയിൽ എടുക്കുമായിരുന്നില്ല, കാരണം വിശുദ്ധ കുർബാന എടുക്കുമ്പോൾ പൂർണ്ണതയുള്ള വിരൽ കൊണ്ട് വേണം അത് എടുക്കാനും വിശുദ്ധ കുർബാന അർപ്പിക്കാനും. അപ്രകാരം ഒരു അപൂർണ്ണതയുള്ള ഒരാൾക്ക് വൈദികൻ ആകുന്നതിനും അർപ്പിക്കുന്നതിനും സഭാ നിയമപ്രകാരം തടസ്സമുണ്ട് എന്ന് അച്ചൻ എന്നെ ഓർമിപ്പിക്കുകയായിരുന്നു. അങ്ങനെയാണ് ഈ വിരലിന്റെ വില മനസിലായത്. വാസ്തവത്തിൽ അമ്മയുടെ അന്നത്തെ ആശാഭ്യമാണ് എന്റെ ഈ പൗരോഹിത്യം.

42 മത്തെ വയസ്സിൽ മെത്രാൻ ആകുന്നു. 47 മത്തെ വയസ്സിൽ സഭയുടെ തലവൻ ആകുന്നു. 2012 കർദ്ദിനാൾ ആകുന്നു. സാധാരണഗതിയിൽ നോക്കുമ്പോൾ ഇതൊക്കെ വളരെ ചെറുപ്പത്തിലെ ലഭിച്ചിട്ടുള്ള പദവികളാണ് അതൊക്കെ സ്വാഭാവികമായി വന്നു ചേർന്നതാണോ? എങ്ങനെയാണ് പിതാവ് അതിനെ കാണുന്നത്?

അതൊക്കെ ദൈവികമായ ഒരു പദ്ധതിയിൽ നടന്നിട്ടുള്ള കാര്യങ്ങളാണ്. ചെറുപ്പത്തിലേ അപ്രകാരമുള്ള നിയോഗങ്ങൾ വന്നുചേർന്നതുകൊണ്ട് കൂടുതൽ ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിക്കാൻ കഴിഞ്ഞു എന്നാണ് എന്റെ ചിന്ത. പിറകോട്ട് തിരിഞ്ഞ് വിലയിരുത്തുമ്പോൾ അതൊരു വലിയ നന്മയായിരുന്നു. കാരണം നമുക്ക് ആരോഗ്യവും

www.malankaralibrary.com

ഊർജ്ജവും ഒക്കെ ഉള്ളപ്പോഴാണ്കാര്യങ്ങൾ കൂടുതൽ നന്നായി ചെയ്യാൻ കഴിയുക.

ഞാൻ ഇടവക ശുശ്രൂഷ ചെയ്തിരുന്നത് ബത്തേരി ഭദ്രാസനത്തിന്റെ കീഴിൽ ഉണ്ടാ യിരുന്ന ബാംഗ്ലൂരിലെ പള്ളികളിലാണ്. ഒരു റ്റൂവീലറിൽ ആണ് ഞാൻ അന്ന് പള്ളിയി ലേക്ക് പോയിക്കൊണ്ടിരുന്നത്. ബത്തേരി യിൽ നിന്ന് ആറരമണിക്കൂർ യാത്രയുണ്ട്. ഇപ്പോഴത്തെ മുത്തങ്ങയിലൂടെയാണ് യാത്ര. ശനിയാഴ്ചകളിൽ രാവിലെ പുറപ്പെടും. ഉച്ചയാകുമ്പോഴേക്കും അവിടെ എത്തും. ഉച്ചതിരിഞ്ഞ് വീട് സന്ദർശനങ്ങളൊക്കെ നടത്തും. ഞായറാഴ്ച വിശുദ്ധ കുർബാനയും അനുബന്ധകാര്യങ്ങളും ഒക്കെ കഴിഞ്ഞു തിരികെ പോരും. രാത്രി ഏഴരയെങ്കിലും ആകും ബത്തേരിയിൽ തിരികെ എത്തിച്ചേരു മ്പോൾ. മുത്തങ്ങ വനത്തിലൂടെയുള്ള യാത്ര അല്പം സാഹസം നിറഞ്ഞതാണ് രാത്രി ആന ഇറങ്ങും അതുകൊണ്ട് ലോറികളുടെ പിന്നാലെ കൂടിയായിരുന്നു യാത്ര. ചെറുപ്പ ത്തിന്റെ ഊർജത്തിൽ അതൊന്നും പ്രശ് നമായിരുന്നില്ല. താരതമ്യേന ചെറുപ്പത്തിൽ ലഭിച്ച നിയോഗങ്ങൾ കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള വിളിയല്ലാതെ മറ്റൊന്നുമല്ല.

67 വയസ്സുള്ള കർദ്ദിനാളിന് 42 വയസ്സുള്ള മെത്രാനോട് പിന്തിരിഞ്ഞ് നോക്കുമ്പോൾ എന്താണ് ചോദിക്കാനുള്ളത്? എന്താണ് പറയാനുള്ളത്?

ചെയ്തതെല്ലാം ദൈവത്തെ മുൻനിർ ത്തിയും മനുഷ്യന്റെ നന്മ ലക്ഷ്യമാക്കിയും ആണ് എന്ന് ഭയമില്ലാതെ പറയാൻ എനിക്ക് കഴിയും. വന്ന വഴിയിൽ ചിലപ്പോൾ എന്റെ കുറച്ചു സ്വാർത്ഥതയും അഹങ്കാരവും ഒക്കെ ഉണ്ടായിട്ടുണ്ടാവാം. അതൊഴിച്ചാൽ ബാക്കി യെല്ലാം ദൈവമാണ് ഏറ്റെടുത്തത്. അതി നാൽ തന്നെ പുറകോട്ട് തിരിച്ചു നോക്കു മ്പോൾ നിരാശയോ ദുഃഖഭാരമോ എനിക്കില്ല. മറിച്ച് ഇനിയുമുണ്ടല്ലോ ദൈവം തന്ന ആയുസ്സ്. തെറ്റുകൾ തിരുത്തി മുന്നോട്ടു പോകാം എന്നാണ് ജീവിതത്തെ കുറിച്ചുള്ള പോസിറ്റീവായ കാഴ്ചപ്പാട്. കുറച്ചുകൂടി പക്വതയോടെ ജീവിതത്തെ കണ്ട് മുന്നോട്ട് പോകാം അതാണ് എൻറെ പ്രതീക്ഷ.

25 വർഷത്തിനുള്ളിൽ സഭ മാറിയിട്ടുണ്ട്, സമൂഹം മാറിയിട്ടുണ്ട്, രാഷ്ട്രീയം മാറിയി ട്ടുണ്ട്. ആ മാറ്റത്തെ എങ്ങനെ കാണുന്നു?

വാസ്തവത്തിൽ മാറ്റമില്ലാത്തതായി ഒന്നേയുള്ളൂ, അത് മാറ്റം തന്നെയാണ്. എല്ലാം അനുനിമിഷം നിമിഷം വ്യത്യസ്തമായി ക്കൊണ്ടിരിക്കുന്നു. നമ്മൾ തന്നെയും മാറി യിട്ടുണ്ടല്ലോ. നമുക്ക് ചുറ്റുമുള്ളതും മാറിയി ട്ടുണ്ട്. എല്ലാ ഘടകങ്ങളും മാറിയിട്ടുണ്ട്. ചില മനുഷ്യർ പറയും മാറ്റമില്ലാത്തവനായി ദൈവം മാത്രമേ ഉള്ളൂ എന്ന്. ചിലപ്പോൾ ചിന്തി ക്കാറുണ്ട്, ദൈവത്തിനും മാറ്റമുണ്ട് എന്ന്. കാരണം ഓരോ നിമിഷവും മാറിമറിയുന്ന നമ്മെ കൈകാര്യം ചെയ്യാൻ ദൈവത്തിന് മാറാതെ പറ്റില്ലല്ലോ. കൂടുതൽ കരുണയിലും വാത്സല്യത്തിലും മനുഷ്യനെ ദൈവം കാണുന്നു എന്നാണ് ഞാൻ ചിന്തിക്കുന്നത്. മാറ്റം അതൊരു യാഥാർത്ഥ്യമാണ്. എന്നാൽ അതിനെ നന്മയിലേക്ക് തിരിച്ചു വിടുക എന്നുള്ളതാണ് അഭികാമ്യം ആയിട്ടുള്ളത്. നമ്മുടെ സൗകര്യങ്ങൾ വർധിക്കുന്നത നുസരിച്ച് നമ്മുടെ ബന്ധങ്ങൾ മെച്ചപ്പെടാ ത്തത് എന്തുകൊണ്ടാണ്? കാലം പുരോഗ മിക്കുംതോറും മനസ്സുകൾ ഇടുങ്ങിപ്പോ കുന്നത് എന്തുകൊണ്ടാണ്? അതിനെ നിരാശ യോടെ കാണുക എന്നുള്ളതല്ല, യാഥാർത്ഥ്യ ബോധത്തോടെ കാണുക എന്നതാണ് കാമ്യം.

ഇത് ജെൻ-സിയുടെ കാലഘട്ടമാണ്. സഭയ്ക്ക് ഈ തലമുറയോട് പ്രസക്തമായ രീതിയിൽ സംവദിക്കാൻ കഴിയുന്നുണ്ടോ?

എല്ലാം മാറ്റിമറിക്കണം, എല്ലാം പുന: പരിശോധിക്കണം എന്നല്ല. എന്താണ് സംസാരിക്കേണ്ടത് എന്ന് തിരിച്ചറിയാനുള്ള ഒരു വിവേകം നമുക്ക് ഉണ്ടാവുക എന്നുള്ള താണ് പ്രധാനം. എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുമായി ബന്ധപ്പെട്ടതാണ്. 87 വയസ്

www.malankaralibrary.com

പ്രായമുള്ള, പാർക്കിൻസൺസ് ബാധിച്ച, മറ്റൊരാളുടെ സഹായമില്ലാതെ എഴുന്നേറ്റ് നടക്കാൻ കഴിയാത്ത, വടികുത്തി നടക്കുന്ന മാർപാപ്പ യുവജന സമ്മേളനം വിളിച്ചുകൂട്ടിയപ്പോൾ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് അനേകായിരം യുവജനങ്ങളാണ് അതിൽ പങ്കെടുത്തത്. മാർപാപ്പയെ കണ്ടപ്പോൾ വാക്കുകൾ കേട്ടപ്പോൾ അവരെല്ലാവരും വലിയ ആവേശത്തോടെ എഴുന്നേറ്റ് നിൽക്കുകയും കരഘോഷം മുഴക്കുകയും ചെയ്തു. കാരണം അദ്ദേഹം അത്രത്തോളം അവരെ സ്വാധീനിച്ചിരുന്നു. 87 കാരന് 22 കാരന്റെ ഭാഷ മനസ്സിലായല്ലോ. അപ്പോൾ ഇതൊരു പ്രായ വ്യത്യാസത്തിന്റെ കണക്കല്ല. മറിച്ച് ഇതൊരു തിരിച്ചറിവിന്റെ ആവശ്യകത കൂടിയാണ്. മാറ്റങ്ങൾ കാലത്തിന്റെ മാറ്റങ്ങൾ തിരിച്ചറിയാൻ കഴിവില്ലെങ്കിൽ നമ്മൾ മറ്റൊരു കാലത്തേക്ക് മാറ്റപ്പെട്ടു പോയേക്കാം. പ്രായമല്ല പ്രശ്നം തിരിച്ചറിയാനുള്ള ആത്മജ്ഞാനമാണ്. അല്ലെങ്കിൽ യുവാക്കൾക്ക് മാത്രമേ യുവാക്കളെ മനസ്സിലാക്കാൻ കഴിയുമായിരുന്നുള്ളൂ. മുതിർന്നവർക്ക് യുവാക്കളെ മനസ്സിലാക്കാൻ കഴിയണം. യുവാക്കൾക്ക് മുതിർന്നവരെയും മനസ്സിലാക്കാൻ കഴിയണം. കുഞ്ഞുങ്ങൾക്ക് ഇവർ രണ്ടുപേരെയും മനസ്സിലാക്കാൻ കഴിയണം. എങ്കിൽ മാത്രമേ സമൂഹത്തിന്റെ നിലനിൽപ്പ് സാധ്യമാവുകയുള്ളൂ അതുകൊണ്ട് തിരിച്ചറിയാനുള്ള ജ്ഞാനമാണ് ഏറ്റവും ആവശ്യമായിരിക്കുന്നത് എന്നാണ് എന്റെ ചിന്ത.

ധാരാളം സംഘർഷങ്ങളുള്ള ഒരു കാലഘട്ടമാണിത്. യുദ്ധങ്ങളും മറ്റ് വേർതിരിവുകളും ഒക്കെ ധാരാളം സംഘർഷങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ ഒരു കാലഘട്ടത്തിൽ സഭയ്ക്ക് ഒരു വലിയ ദൗത്യം ഉണ്ട്. ആ ദൗത്യം നിർവഹിക്കാൻ സഭയ്ക്ക് കഴിയുന്നുണ്ടോ?

കഴിയുന്നുണ്ട്. പക്ഷേ ഇത് കുറച്ചുകൂടി ശക്തവും കുറച്ചുകൂടി സുതാര്യവും ആകണമെന്ന് അഭിപ്രായം എനിക്കുണ്ട്. അതിന് സാധിക്കുന്നില്ല എന്ന് ഒരു കള്ളം പറയേണ്ടതുമില്ല. പൂർണമായി സാധിക്കുന്നുവെന്ന് ഒരു ദുരഭിമാനവും വച്ചുപുലർത്തേണ്ടതുമില്ല. ഇനിയും കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമാകേണ്ടതുണ്ട്, മെച്ചമാകേണ്ടതുണ്ട്. വിഭാഗീയത



www.malankaralibrary.com



ഉണ്ടാക്കുന്ന തലമുറകൾക്കിടയിലുള്ള വിടവ് ആര് പരിഹരിക്കും എന്ന് ഒരു വലിയ ആശങ്ക എനിക്കുണ്ട്. മനുഷ്യബന്ധങ്ങളിൽ ഉണ്ടായിരിക്കുന്ന വലിയൊരു വിടവ് ദൗർഭാഗ്യവശാൽ അത് പലപ്പോഴും ദൈവനാമം ദുരുപയോഗിച്ചുകൊണ്ട് തന്നെയാണ് സൃഷ്ടിക്കുന്നത്. ദൈവത്തെ പ്രസാദിപ്പിക്കുന്ന മട്ടിലാണ് നമ്മളീ വിഭാഗീയത പറയുന്നത്. ദൈവം അതിഷ്ടപ്പെടുന്നില്ല എന്നുള്ളത് നമ്മുടെ മതഗ്രന്ഥങ്ങളിൽ എല്ലാം ആവർത്തിച്ച് പറയുന്നുമുണ്ട്. വളരെ സൂക്ഷിക്കേണ്ട ഒരു കാര്യമാണത്. ഇവിടെ സഭ കുറച്ചുകൂടി പക്വമായി പെരുമാറേണ്ടതും സുവിശേഷാത്മകമായ ഭാവത്തിലേക്ക് വരേണ്ടതുമാണ്. സഭ എന്നു പറയുമ്പോൾ ഞാൻ ഉൾപ്പെടുന്ന വിശ്വാസിസമൂഹം ഇക്കാര്യത്തിൽ കുറച്ചുകൂടി ഗൗരവതരമായ സമീപനം പുലർത്തേണ്ടതാണ്.

കേരളത്തിന്റെ പശ്ചാത്തലത്തിൽ സഭകൾ തമ്മിലുള്ള ബന്ധം നോക്കിയാൽ പലപ്പോഴും അങ്ങനെ ഒരു ഐക്യം കാണുന്നില്ല. സഭയ്ക്കുള്ളിൽ തന്നെ പലപ്പോഴും പ്രശ്നങ്ങൾ ഉണ്ട്. ഇത് സമൂഹത്തിന് ഒരു തെറ്റായ സന്ദേശമല്ലേ നൽകുന്നത്?

ഇത് സങ്കടകരമായ ഒരു കാര്യം തന്നെയാണ്. ഇതിന്റെ പ്രതിവിധി ഒരു സഭ മറ്റൊരു സഭയെ കുറ്റപ്പെടുത്തുക എന്നതിലല്ല. നമുക്ക് സംഭവിക്കുന്ന അപചയങ്ങളെക്കുറിച്ച് ഒരു ആത്മ പരിശോധന ഓരോ സഭയും നടത്തുക എന്നതിലാണ്. ഒരു സഭയും ഇതിൽനിന്ന് വിമുക്തമല്ല സ്വാർത്ഥതയും അഹംഭാവവും ആരെ വേണമെങ്കിലും ബാധിക്കാം. ഒരു വിഷയം ഉണ്ടാകുന്നതല്ല ഏറ്റവും വലിയ പ്രതിസന്ധി, ആ വിഷയം പരിഹരിക്കാൻ നമുക്ക് മനസ്സുണ്ടോ എന്നുള്ളതാണ്. നമുക്ക് മനസ്സുണ്ടെങ്കിൽ വ്യത്യസ്തമായ സമീപന രീതികൾ ആണെങ്കിലും നമുക്ക് മുൻപോട്ട് പോകാൻ സാധിക്കും. കേരളത്തിലെ സഭകൾ തമ്മിൽ ബന്ധമില്ല എന്ന് ഞാൻ പറയുന്നില്ല. ആ ബന്ധം പോര എന്ന് താങ്കൾ പറഞ്ഞതിനോട് ഞാൻ പൂർണമായും യോജിക്കുന്നു. ഇത്രയും കൊണ്ട് തൃപ്തിയടയാൻ പാടില്ല എന്നാണ് അതിന്റെ ധ്വനി എന്ന് എനിക്ക് അറിയാം. കുറച്ചുകൂടി പരസ്പരം മനസ്സിലാക്കാൻ കഴിയുന്ന, വിഷയം പരിഹരിക്കാൻ കഴിയുന്ന സമീപനം സഭകൾ സ്വീകരിക്കണം. അത് പൊതുസമൂഹത്തിന് പ്രചോദനമാണ് അല്ലെങ്കിൽ അത് ഇടർച്ചയാണ്.

ശവസംസ്കാരത്തിന്റെ പേരിൽ പോലും തർക്കങ്ങൾ നടക്കുമ്പോൾ അങ്ങ് നാലാഞ്ചിറയിൽ മറ്റ് സഭകൾക്ക് സംസ്കാരം നടത്തുന്നതിനുള്ള സ്ഥലം നൽകിയതിനെക്കുറിച്ച് കേട്ടിട്ടുണ്ട്?

ശരിയാണ്. നമ്മുടെ സഹോദരി സഭകൾക്ക് ശവസംസ്കാരത്തിനുള്ള സ്ഥലം നമ്മൾ നൽകിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ മാർത്തോമ സഭയ്ക്ക് അപ്രകാരം ഒരു ക്രമീകരണം നൽകുകയുണ്ടായി. നഗരത്തിൽ അവർക്ക് അങ്ങനെ ഒരു സ്ഥലം ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവരുടെ ആവശ്യത്തിൽ സഹായിച്ചു എന്നുള്ളതേ ഉള്ളൂ. അതിൽ എനിക്ക് വലിയ അഭിമാനവും സന്തോഷവും

www.malankaralibrary.com

ഉണ്ട്. അത്തരത്തിൽ പരസ്പരം സഹായിക്കാൻ കഴിയുന്ന മേഖലകളിൽ ഉള്ള സഹകരണം കുറച്ചുകൂടി നമ്മെ ആത്മബന്ധത്തിലേക്ക് കൊണ്ടുവരുമെന്നാണ് എൻറെ ചിന്ത.

സഭകളോട് മാത്രമല്ല സമൂഹത്തിലെ നാനാതുറകളിലുള്ള ആളുകളെ സഹായിക്കുന്നതിന് വേണ്ടി അങ്ങ് നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ട്. പ്രത്യേകിച്ച് പിതൃസ്വത്തായി കിട്ടിയ സ്ഥലത്ത് പോലും വീടുകൾ വച്ച് ഭവനരഹിതർക്ക് നൽകിയതായി കേട്ടു?

എന്റെ പേരിൽ പിതാവ് അങ്ങനെ കുറച്ചു സ്ഥലം എഴുതി വച്ചിരുന്നു. പിന്നീടാണ് ഞാൻ ആ കാര്യം അറിയുന്നതുപോലും. എന്റെ സഹോദരങ്ങളോ ബന്ധുക്കളോ ആരും ആ സ്ഥലത്ത് താമസിക്കാനോ അത് സ്വന്തമാക്കാനോ ആഗ്രഹമുള്ളവരല്ല. ജൂബിലിയുടെ അവസരം വന്നപ്പോൾ ആ സ്ഥലത്ത് ഇപ്രകാരം ഒരു കാര്യം ചെയ്യാൻ ഞാൻ ആഗ്രഹിച്ചു. എല്ലാവരോടും പറഞ്ഞു, വീട് വയ്ക്കാൻ സഹായിക്കണമെന്ന്. സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. എല്ലാവരും സന്തോഷത്തോടെ കൂടി സമ്മതിക്കുകയും സഹായിക്കുകയും ചെയ്തു. സ്വന്തമായൊരു ഭവനം ഒരു കുടുംബത്തിന് ഉണ്ടാവുക എന്നത് എത്ര വലിയൊരു കാര്യമാണ്.

അതുകൂടാതെ തന്നെ എൻറെ പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലിയോട് അനുബന്ധിച്ച് 2011 ഒരു ഭവന പദ്ധതി ഞാൻ ആരംഭിക്കുകയുണ്ടായി ഏതാണ്ട് 2300ൽ അധികം കുടുംബങ്ങളെ അതുവഴി സഹായിക്കാൻ കഴിഞ്ഞു. ഭവനം മുഴുവനായി നിർമ്മിച്ചു നൽകുകയല്ല നിർമ്മാണത്തിന് ഗണ്യമായ ഒരു തുക നൽകുക എന്നുള്ളതായിരുന്നു ആ ഭവന പദ്ധതിയിൽ ചെയ്തുകൊണ്ടിരുന്നത്. വലിയ ആത്മസംതൃപ്തിയും സന്തോഷവും നൽകുന്ന ഒരു കാര്യമാണത്. ഇപ്പോഴും അതു തുടരുന്നു.

സഭയും രാഷ്ട്രീയവും എന്നും വിവാദപരമായ വിഷയങ്ങളാണ്. രാഷ്ട്രീയത്തിൽ സഭ ഇടപെടേണ്ടതുണ്ടോ?

രാഷ്ട്രീയം അവിടെ നിൽക്കട്ടെ. രാഷ്ട്രത്തിൽ ഞങ്ങൾ എന്തെങ്കിലും സംസാരിക്കേണ്ടതുണ്ടോ? കേരളത്തിലും ഇന്ത്യയിലും ജീവിക്കുമ്പോൾ ഞങ്ങൾ സംസാരിക്കേണ്ടതായിട്ടുണ്ടോ? തീർച്ചയായും ഉണ്ട്. സംസാരിക്കാതെ എന്തിനാണ് ഇവിടെ ജീവിക്കുന്നത്.



www.malankaralibrary.com



പക്ഷേ രാഷ്ട്രീയമെന്ന് പറയുമ്പോൾ രാഷ്ട്രീയ പാർട്ടികളായി നിന്നു കൊണ്ടല്ല. രാഷ്ട്രീയ മില്ലാത്ത ഒരു സമൂഹം നിലനിൽക്കുകയില്ല. പൊളിറ്റിക്കൽ സയൻസ് - അത് ആവശ്യമാണ്. പാർട്ടി പൊളിറ്റിക്സ് എന്നത് അതിന്റെ ഓരത്തു നിൽക്കുന്ന ഒരു ചെറിയ കാര്യം മാത്രമാണ്. ഭരണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന കാര്യങ്ങളെയാണ് നാം പലപ്പോഴും രാഷ്ട്രീയമെന്ന് പേരിൽ ഐഡന്റിഫൈ ചെയ്യുന്നത്. ഗാന്ധിജിക്ക് രാഷ്ട്രീയമുണ്ടായിരുന്നു. ഗാന്ധിജിയാണ് ഇവിടുത്തെ പ്രിൻസിപ്പൽ പൊളിറ്റീഷൻ എന്ന് ഞാൻ വിശ്വസിക്കുന്നു. രാഷ്ട്രീയമാണ് ഇന്ത്യയെ സ്വതന്ത്രമാക്കിയത്. പക്ഷേ കക്ഷിരാഷ്ട്രീയത്തിന്റെ കാര്യത്തിൽ വളരെ പക്വമായ ഒരു സമീപനമാണ് ഗാന്ധിജി സ്വീകരിച്ചത്. അങ്ങനെയൊരു സമീപനം എടുത്തത് കൊണ്ടാണ് ഭാരതം ഒന്നായി മുന്നോട്ടുപോയത്. അതുകൊണ്ടാണ് രാഷ്ട്രപിതാവ് എന്ന് വിശേഷണത്തിന് അദ്ദേഹം സർവഥാ യോഗ്യനായത്. രാഷ്ട്രീയത്തിൽ മത നേതാക്കൾ ഇടപെടരുത് എന്നുള്ളതല്ല. കക്ഷി രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്ന, ഒരു കക്ഷിക്ക് വേണ്ടി നിലകൊള്ളുന്ന ഒരു രാഷ്ട്രീയ സംവിധാനം അല്ല രാഷ്ട്രത്തിനുവേണ്ടി നിലകൊള്ളുന്ന സമീപനമാണ് മതനേതാക്കൾ സ്വീകരിക്കേണ്ടത്. ആരുടെ മുമ്പിലും നമ്മുടെ രാഷ്ട്രീയ നിലപാട് പറയാൻ മടിക്കേണ്ടതില്ല. ഒരു കക്ഷിയുടെ കയ്യിൽ ആയാൽ നമുക്ക് സ്വാതന്ത്ര്യം പോകും. ഏതൊരാളോട് സംസാരിക്കാനും ഏതൊരു വിഷയത്തെക്കുറിച്ച് സംസാരിക്കാനും മുഖത്ത് നോക്കി നമ്മുടെ കാര്യങ്ങൾ പറയാനും സാധിക്കുന്ന വ്യവസ്ഥിതി - ആ ഒരു രാഷ്ട്രീയം നിലനിർത്തണം. മതത്തിന്റെ നേതാവായതു കൊണ്ട് സംസാരിക്കരുത് എന്നുള്ളതല്ല പക്വതയോടും സൂക്ഷ്മതയോടും കൂടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ് എന്നുള്ള ചിന്തയോട് കൂടി തന്നെ ഇടപെടണം എന്നുള്ളതാണ്.

25 വർഷത്തെ മെത്രാൻ ആയിരുന്ന ചരിത്രം നോക്കിയാൽ ബഹുമാന്യരായ ഇ. കെ. നായനാർ, എ. കെ. ആൻറണി, വി. എസ്. അച്യുതാനന്ദൻ, ഉമ്മൻ ചാണ്ടി, പിണറായി വിജയൻ, ഇപ്പോൾ വി. ഡി. സതീശൻ - ഇത്രയും മുഖ്യമന്ത്രിമാരുടെ കാലത്താണ് അങ്ങ് മെത്രാനായി ശുശ്രൂഷ ചെയ്തിട്ടുള്ളത്. അവരുമായുള്ള ബന്ധം എങ്ങനെയായിരുന്നു?

വളരെ ഊഷ്മളമായ ഒരു ബന്ധം അവരുമായി കാത്തുസൂക്ഷിച്ചിരുന്നു. ശ്രീ ഇ. കെ. നായനാർ റോമിൽ വരുമ്പോൾ ഞാനന്ന് റോമിൽ പഠിക്കുന്ന വിദ്യാർത്ഥിയാണ്. ഗ്രിഗോറിയോസ് തിരുമേനിയുടെ കാലത്തൊക്കെ അരമനയിൽ പലതവണ അദ്ദേഹം വന്നിട്ടുണ്ട് വ്യക്തിപരമായ ഒരു വലിയ അടുപ്പത്തിന്റെ സാധ്യത അദ്ദേഹവുമായി ഉണ്ടായിട്ടില്ല. ബാക്കിയുള്ള എല്ലാ മുഖ്യമന്ത്രിമാരുമായി നല്ല അടുപ്പം എല്ലാകാലത്തും ഉണ്ടായിട്ടുണ്ട്. ശ്രീ എ. കെ. ആന്റണിയുമായി ഇപ്പോഴും അടുപ്പം സൂക്ഷിക്കുന്നുണ്ട്. ശ്രീ ഉമ്മൻ ചാണ്ടിയുമായും അപ്രകാരമൊരു ബന്ധമാണ് ഉണ്ടായിരുന്നത്. ശ്രീ വി. എസ്. അച്യുതാനന്ദൻ സാധാരണഗതിയിൽ അങ്ങനെ ബിഷപ്സ് ഹൗസുകളിൽ പോകുന്ന ആളല്ല. പക്ഷേ അദ്ദേഹം പട്ടത്തെ അരമന

www.malankaralibrary.com

യിൽ വന്നിട്ടുണ്ട്. ഞാൻ കർദ്ദിനാളായ സമയത്ത് എന്നെ അഭിനന്ദിക്കാൻ അദ്ദേഹം അവിടെ നേരിട്ട് എത്തിച്ചേർന്നു. അതെന്നെ വല്ലാതെ അത്ഭുതപ്പെടുത്തിയ ഒരു കാര്യമാണ്. സാറേ ഞാൻ അങ്ങോട്ട് വരുമായിരുന്നല്ലോ എന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, 'ഒരു പ്രാവശ്യം ഞാൻ ഇങ്ങോട്ടും വരണമല്ലോ' എന്ന്.

ഇവരുമായെല്ലാം നല്ല ബന്ധമുണ്ട് എന്ന് ഞാൻ പറയുമ്പോൾ അച്യുതാനന്ദൻ എന്ന മുഖ്യമന്ത്രിയുമായി സംസാരിക്കാൻ ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മെമ്പർഷിപ്പ് എടുക്കണം എന്ന് നിർബന്ധമില്ല. പിണറായി വിജയനോട് സംസാരിക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടിയുടെ മെമ്പർഷിപ്പ് എനിക്ക് ആവശ്യമില്ല. കോൺഗ്രസിലും സ്ഥിതി വ്യത്യസ്തമല്ല. നമ്മുടെ വ്യക്തിത്വവും വിശ്വാസവും നിലനിർത്തിക്കൊണ്ടുതന്നെ ഇവരുമായി എല്ലാം ഇടപഴകുന്നതിന് സാധിച്ചിട്ടുണ്ട്. അതാണ് ആരോഗ്യപരമായ അടുപ്പവും അകലവും.

ശ്രീ പിണറായി വിജയൻ അടുത്തിടെ 10 വർഷത്തോളം നമ്മുടെ മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹവുമായി അങ്ങേയ്ക്ക് നല്ല അടുപ്പം ഉണ്ടായിരുന്നുവെന്ന് ഞാൻ കരുതുന്നു. പലപ്പോഴും സഭയുമായി ബന്ധപ്പെട്ട വിഷയങ്ങളിലൊക്കെ അങ്ങയോട് അക്കാര്യം ചർച്ചചെയ്യാൻ ഉള്ള ഒരു സ്വാതന്ത്ര്യം അദ്ദേഹം എടുത്തിരുന്നു. നിങ്ങൾ തമ്മിൽ ഒരു നല്ല കെമിസ്ട്രി ഉണ്ടായിരുന്നു എന്നാണ് ഞാൻ കരുതുന്നത്?

ശരിയാണ്. അദ്ദേഹത്തോട് ധാരാളം കാര്യങ്ങളിൽ സംസാരിക്കുന്നതിന് എനിക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുവായ വിഷയങ്ങൾ ധാരാളം സംസാരിച്ചിട്ടുണ്ട്. പൊതുവായി വിഷയങ്ങളിൽ ഇടപെടുന്നതിന് സാധിച്ചിട്ടുണ്ട്. സംശയരഹിതമായി പറയാൻ കഴിയുന്ന ഒരു കാര്യം, നമ്മുടെ സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി ഉള്ളതല്ലാത്ത ഒരു കാര്യവും ഞങ്ങൾ സംസാരിച്ചിട്ടില്ല. ചിലപ്പോൾ ചില സമരങ്ങൾ അവസാനിപ്പിക്കുന്ന കാര്യമാകാം. ചില പൊതുവിഷയങ്ങൾ ആകാം. നമ്മുടെ നാട് നേരിടുന്ന ചില പ്രതിസന്ധികൾ ആകാം. ഇത്തരം വിഷയങ്ങളിൽ ഒക്കെ അദ്ദേഹത്തോട് സംസാരിക്കാനുള്ള ഒരു സ്വാതന്ത്ര്യം ഞാൻ എടുത്തിരുന്നു ബഹുമാനത്തോടുകൂടിയാണ് അദ്ദേഹം അത് സ്വീകരിച്ചിട്ടുള്ളത് എന്നും എനിക്കറിയാം. ആ ബന്ധം നിലനിർത്താൻ അന്നും ഇന്നും സാധിക്കുന്നുണ്ട്. ഭരണത്തിൽ വരുമ്പോൾ മാത്രമുള്ള ബന്ധമല്ല അത്. മനുഷ്യനോടാണ് നമ്മുടെ ബന്ധങ്ങൾ. ഓരോരുത്തർക്കും അവരവരുടേതായ പ്രത്യേകതകളുണ്ട്. എന്തെങ്കിലും കാര്യങ്ങൾ സാധിച്ചെടുക്കാനുള്ള ഒരു ബന്ധമല്ല അത്. പൊതുസമൂഹത്തെക്കുറിച്ച് സംസാരിക്കാൻ നമുക്കൊരു സ്പേസ് കിട്ടുക എന്നുള്ളത് അത്ര ചെറിയ കാര്യമല്ല. ഞാൻ അത് നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. എല്ലാ നേതാക്കന്മാരുമായും അത്തരമൊരു



www.malankaralibrary.com

ബന്ധം കാത്തുസൂക്ഷിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട് ഒരു കാര്യം കൂടി ചേർക്കട്ടെ എപ്പോഴും മധുരതരതരമായ സംഭാഷണങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് ഞാൻ അവകാശപ്പെടുന്നില്ല ആശയപരമായ വ്യത്യാസങ്ങളും പലരുമായും ധാരാളം ഉണ്ടായിട്ടുണ്ട്.

നമ്മുടെ പുതിയ മുഖ്യമന്ത്രി ശ്രീ വി.ഡി സതീശൻ മുഖ്യമന്ത്രിസ്ഥാനം ഏൽക്കുന്നതിന് മുമ്പ് സന്ദർശിച്ച ചുരുക്കം ചില മത നേതാക്കളിൽ ഒരാളാണ് അങ്ങ്. അദ്ദേഹം പുതിയ ചില കാര്യങ്ങൾ സംസാരിക്കുന്നു. അദ്ദേഹത്തിന്റെ പുതിയ നിലപാടുകളിൽ പ്രതീക്ഷയുണ്ടോ?

പക്ഷേ രാഷ്ട്രീയം അങ്ങോട്ട് മാറ്റി വയ്ക്കുക. നമ്മുടെ കേരളത്തിന് ഇനിയും മുന്നോട്ട് പോകണ്ടേ? പോകണം. അങ്ങനെ പോകാൻ പ്രതീക്ഷ നൽകുന്ന ഒരു മുഖ്യമന്ത്രിയെയാണ് ഞാൻ വി. ഡി. സതീശനിൽ കാണുന്നത്. നമുക്ക് ഏറെ ദൂരം യാത്ര ചെയ്യേണ്ടതുണ്ട്. പല കാരണങ്ങളാൽ നമ്മൾ ഏറെ പിറകിലാണ്. കാര്യകാരണ സഹിതം ചില കാര്യങ്ങൾ നമ്മൾ അന്വേഷിക്കുമ്പോൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ കഴിവുകേടുകൊണ്ട് സംഭവിച്ചതല്ല അത്. നമുക്ക് ചില പ്രത്യേകതകൾ ഉണ്ട്. നമുക്കിനിയും കാത്തിരിക്കാൻ സമയമില്ല. പുതിയ മുഖ്യമന്ത്രി നമുക്ക് നൽകുന്ന ഒരു പ്രതീക്ഷ, നമുക്ക് മുന്നോട്ടുപോകാനുള്ള ഊർജ്ജം ഇവിടെത്തന്നെയുണ്ട് അത് ഐഡന്റിഫൈ ചെയ്താൽ മാത്രം മതി എന്നുള്ളതാണ്. ഇതൊരു നിസ്സാര കാര്യമല്ല. അദ്ദേഹം കോൺഗ്രസിന്റെ ഒരു പ്രവർത്തകൻ ആയതുകൊണ്ട് അദ്ദേഹം ചെയ്യുന്നതെല്ലാം ശരിയല്ല എന്ന് പറഞ്ഞ് ആക്ഷേപിക്കേണ്ട കാര്യം എനിക്കില്ല, നമുക്ക് ആർക്കുമില്ല. നന്മ വരട്ടെ എന്ന് പറഞ്ഞാൽ മതിയല്ലോ. ഏറെ പ്രതീക്ഷയോടെ കൂടിയാണ് അദ്ദേഹത്തിന്റെ നേതൃസ്ഥാനത്തെ ഞാൻ കാണുന്നത്. ഞാൻ മനസ്സിലാക്കുന്നത് കേരളം ഒന്നാകെ വലിയ പ്രതീക്ഷയോടുകൂടി കാണുന്ന ഒരു നേതൃസ്ഥാനമാണ് അദ്ദേഹത്തിന്റെത് എന്നാണ്. അത് എല്ലാവരും തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാൽ നമ്മുടെ നാടിന് കുറച്ചുകൂടി അനുഗ്രഹമാകും എന്നാണ് എൻറെ വിശ്വാസം.

ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അങ്ങയുടെ ചുമതലയിൽ ഉണ്ടല്ലോ. വിദ്യാഭ്യാസ രംഗത്ത് എന്തുമാറ്റം വരണമെന്നാണ് അങ്ങയുടെ കാഴ്ചപ്പാട്?

നമ്മുടെ സാഹചര്യത്തിൽ സർക്കാരിന് തന്നെ ചെയ്തുതീർക്കാൻ കഴിയുന്ന കാര്യങ്ങളുടെ എണ്ണം പരിമിതമാണ്. സാമ്പത്തികമായ വിഭവശേഷി ഒരു പ്രധാന കാരണമാണ്. അപ്പോൾ നമ്മൾ എന്താണ് ചെയ്യുക? നമ്മളെപോലെ തന്നെ ചിന്തിക്കുന്ന സമാന മനസ്കരായ ആളുകൾ നമ്മുടെ കൂടെ ചേരുന്നത് നമ്മുടെ ദൗർബല്യമല്ല മറിച്ച് നമ്മുടെ ഊർജ്ജമാണ് എന്ന് തിരിച്ചറിയുക. സർക്കാർ വിദ്യാഭ്യാസ പ്രവർത്തനം നടത്തുന്നു. നല്ലതു തന്നെ. അതേ ദർശനത്തോടുകൂടി കുറച്ചു കൂടി ഉത്സാഹത്തോടെ സർക്കാർ ഇതര പ്രസ്ഥാനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. നമ്മുടെ കുട്ടികളും യുവാക്കളും ഒക്കെ എവിടെ? അവർ മറ്റു രാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളുടെ മെട്രോപൊളിറ്റൻ സിറ്റികളിലും അഭയപ്പെട്ട് കഴിഞ്ഞു. ഒരു പക്ഷേ നമ്മുടെ നാട്ടിൽ എന്നതിനേക്കാൾ ബാംഗ്ലൂരിലും ചെന്നൈയിലും ഒക്കെ നമുക്ക് ഇവരെ തിരയേണ്ടത് ആയിട്ട് വരുന്നു. ഇവിടെ ഈ പറയുന്ന



www.malankaralibrary.com

കാര്യങ്ങൾ നടക്കില്ലേ? അവിടെയൊക്കെ യൂണിവേഴ്സിറ്റികൾ വരുന്നു, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ വരുന്നു. നമ്മുടെ നാട്ടിൽ എന്താ ഇതൊക്കെ നടക്കില്ലേ? നടക്കുമെന്ന് ഉറപ്പു കൊടുത്താൽ നമ്മുടെ വിദ്യാഭ്യാസ പ്രക്രിയയ്ക്ക് മാറ്റം ഉണ്ടാകും. അടിസ്ഥാനപരമായ ചില കാര്യങ്ങളിൽ ഇതിനോട് യോജിച്ചു പോകാൻ സാധിക്കാത്ത സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള കുടുംബങ്ങൾ നമുക്കുണ്ട്. അവർക്ക് വേണ്ടി എന്ത് ചെയ്യാൻ കഴിയും? അതിന് ഒരു കോമൺ ഡിസിപ്ലിൻ, ഒരു കോമൺ കൊളാബ്രേഷൻ ആവശ്യമുണ്ട്. സർക്കാരും സർക്കാരിതര പ്രസ്ഥാനങ്ങളും ചേർന്ന് സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള എന്നാൽ സമർത്ഥരായ കുറെ കുട്ടികളെ സ്കോളർഷിപ്പ് കൊടുത്തു സഹായിക്കണം. അസാധ്യമായ ഒരു കാര്യമല്ല ഇത്. ഒരു എജ്യുക്കേഷണൽ ഹബ്ബ് നമ്മുടെ പല സിറ്റികളിലും നടപ്പിലാക്കുന്നതിന് നമുക്ക് തടസ്സമില്ല. നമുക്ക് ഇത് സാധ്യമല്ല എന്നുള്ള ഒരു ദുർബല മാനസികാവസ്ഥയിൽ നാം എത്തിനിൽക്കുന്നുവെന്ന് എനിക്ക് തോന്നുന്നു. ബാങ്കിൽ നിന്ന് പണം എടുത്ത് ഇവരെ പുറത്തേക്ക് വിടാനുള്ള കഴിവ് മാത്രമായി നമ്മുടെ കപ്പാസിറ്റി ചുരുങ്ങിയോ എന്ന് ഞാൻ സംശയിക്കുന്നു.

ഞാൻ ഒരിക്കൽ മാൾട്ടയിൽ ചെന്നപ്പോൾ ലക്ഷക്കണക്കിന് രൂപ മുടക്കി നമ്മുടെ നാട്ടിൽ നിന്ന് അവിടെ എംബിഎ പഠിക്കാൻ വേണ്ടി വന്നിരിക്കുന്ന ഒരു വിദ്യാർത്ഥിയെ ഞാൻ കണ്ടുമുട്ടി. ഞാൻ ചിന്തിച്ച ഒരു കാര്യം ഇതാണ്. നമ്മുടെ നാട്ടിൽ ഇത് പഠിക്കുന്നതിന് എത്രയോ മികച്ച സ്ഥാപനങ്ങൾ ഉണ്ട്. അല്ലെങ്കിൽ നമുക്ക് എന്തുകൊണ്ട് അത്തരം സ്ഥാപനങ്ങൾ ആവശ്യമനുസരിച്ച് തുടങ്ങാൻ സാധിക്കുന്നില്ല? സർക്കാരും സർക്കാരിതര വിദ്യാഭ്യാസ പ്രവർത്തകരും ഒരുമിച്ചിരുന്ന് ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുകയും ചെയ്താൽ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകും. ക്വാളിറ്റി എജുക്കേഷൻ കൊടുക്കാൻ നമുക്ക് കഴിയണം. പണം



www.malankaralibrary.com

ഇല്ലാത്തതിന്റെ പേരിൽ ആരും പുറന്തള്ള പ്പെട്ടു പോകരുത്. ജാതി വ്യവസ്ഥയുടെ പേരിൽ കുട്ടികൾ തള്ളപ്പെട്ടു പോകരുത്. അവരും മുഖ്യധാരയിലേക്ക് വരട്ടെ. അതിന് സാധിക്കുന്ന ഒരു വിദ്യാഭ്യാസ പുരോഗതി നമ്മുടെ നാട്ടിൽ ഉണ്ടാകട്ടെ. അപ്രകാരമുള്ള ഒരു പ്രതീക്ഷയാണ് നമ്മുടെ പുതിയ സർക്കാരിലും പുതിയ ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഒക്കെ നാം കാണുന്നത്.

സിബിസിഐയുടെ അധ്യക്ഷനായിരുന്നല്ലോ അങ്ങ്. കേന്ദ്ര നേതാക്കളുമായി ഒക്കെ പലപ്പോഴും സംസാരിക്കാനുള്ള, ആശയവിനിമയം നടത്താനുള്ള അവസരങ്ങൾ വന്നിട്ടുണ്ടല്ലോ. നമ്മുടെ നാട്ടിൽ മത ന്യൂനപക്ഷങ്ങൾ ഏതെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ?

തീർച്ചയായും. ന്യൂനപക്ഷങ്ങൾ ഒരു സംശയത്തിന്റെ നിഴലിൽ നിൽക്കുകയാണ്. ഒരു ഭയത്തിന്റെ നിഴലിൽ നിൽക്കുമ്പോൾ കാര്യങ്ങൾ സത്യസന്ധമായി തിരിച്ചറിയാൻ കഴിയാത്ത ഒരു അവസ്ഥയുണ്ട്. എല്ലാ അർത്ഥത്തിലും പരസ്പരം ഭയപ്പെട്ടു നിൽക്കുമ്പോൾ, പരസ്പരം തെറ്റിദ്ധരിച്ചു നിൽക്കുമ്പോൾ പാതി സത്യമേ മനസ്സിലാവുകയുള്ളൂ. ധാരാളം വിഷയങ്ങളിൽ ക്രിസ്ത്യൻ മിഷനറിമാർക്ക് ഭയമുണ്ട്. ഈ ഭയം ദൂരീകരിക്കപ്പെടേണ്ടതാണെന്നുള്ളതിൽ സംശയമില്ല. ഈ ഭയം ക്രിയേറ്റ് ചെയ്യുന്നത് ആരാണെന്നുള്ള ആക്ഷേപം ഒരു സമൂഹത്തിന്റെ മേൽ അടിച്ചേൽപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒരു ഭയം ഇവിടെ നിലനിൽക്കുന്നുണ്ട് അത് മാറ്റണം.

ഭരണഘടന ഉറപ്പ് നൽകുന്ന മതസ്വാതന്ത്ര്യം അതേ അർത്ഥത്തിൽ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുണ്ടോ?

സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള ഭാരതീയന്റെ അവകാശങ്ങൾ പലതലത്തിലാണ് നാം മനസ്സിലാക്കേണ്ടത്. എന്റെ ഐഡന്റിറ്റി ഡിസൈൻ ചെയ്യുന്നതിൽ ഞാൻ വിശ്വസിക്കുന്ന ദൈവാനുഭവം – ആ അനുഭവത്തിന്റെ



ഭാഷ്യം അതാണല്ലോ മതമെന്നു പറയുന്നത് – അതിന് സ്പേസ് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുണ്ട്. അത് വിശ്വാസികളുടെ കൂട്ടത്തിൽ എത്ര ലക്ഷം പേരുണ്ട് എന്നതിനെ ആസ്പദമാക്കിയല്ല. ഇലക്ഷനിൽ ഈ വിശ്വാസത്തിൽ പെടുന്നവർ ആർക്ക് വോട്ട് ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ അല്ല. എനിക്ക് സ്വന്തമായി തീരുമാനമെടുക്കാൻ സാധിക്കുന്ന എന്റെ വിശ്വാസത്തെക്കുറിച്ച് എവിടെയും പറയാൻ സാധിക്കുന്ന, മറ്റുള്ളവരോട് അത് പങ്കുവയ്ക്കാൻ കഴിയുന്ന, ഒരു സ്വാതന്ത്ര്യം ഇതുപോലെ നൽകിയിട്ടുള്ള ഒരു രാജ്യം ലോകത്ത് അധികമില്ല എന്നാണ് എന്റെ ഒരു നിരീക്ഷണം. അങ്ങനെയുള്ള ഒരു രാജ്യത്ത് ഈ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു എന്ന് വരുമ്പോൾ ഉണ്ടാകുന്ന ഭയവും ആകുലതയും ആണ് ഇന്ന് ഇവിടുത്തെ മതന്യൂനപക്ഷങ്ങൾ ഏറ്റവും തീവ്രമായി അനുഭവി

www.malankaralibrary.com

ക്കുന്ന ബുദ്ധിമുട്ട്. ഇതുകൊണ്ട് നാം എന്തു നേടുന്നു? ഈ ഭയം കൊണ്ട് അകൽച്ച വർദ്ധിക്കുന്നതല്ലാതെ ഒരു പുതിയ നന്മയും ഉണ്ടാകുന്നില്ല. അടുത്തുകൂടി സഹകരിച്ച് പോയിരുന്നവർ തമ്മിലുണ്ടാകുന്ന ഈ അകൽച്ച നമ്മുടെ ദേശത്ത് വലിയ വിള്ള ലുകൾ സൃഷ്ടിക്കുന്നു. ഇത് പറയുമ്പോൾ അസ്വസ്ഥരാകുന്നത് എന്തിനാണ്? എനിക്ക് നിങ്ങളെ കുറിച്ച് ഭയം ഉണ്ട് എന്ന് പറയു മ്പോൾ സ്വാഭാവികമായ ചോദ്യം എന്തി നാണ് ഭയപ്പെടുന്നത്, നമുക്ക് സംസാരിക്കാം എന്നതല്ലേ. ഈ സമീപനത്തിന് പകരമുള്ള എതിർ സമീപനങ്ങൾ കൂടുതൽ ഗൗരവമുള്ള ആലോചനയിലേക്ക് കൊണ്ടുവരണം

എഫ് സി ആർ എ ഭേദഗതി നടപ്പിലാക്കു ന്നതിൽ സഭയ്ക്ക് ആശങ്ക ഉണ്ടോ?



തീർച്ചയായും ഉണ്ട്. ആ ബില്ലിലെ ചില ക്ലോസുകൾ നമ്മളെ ഭയപ്പെടുത്തുന്നതാണ്. ഭയപ്പെടുത്തുന്നു എന്ന വാക്ക് ചിലരെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. 'ഭയപ്പെടുന്നത് എന്തിനാ കണക്ക് കൊടുത്താൽ പോരെ' എന്നാണ് അവർ ചോദിക്കുക. കണക്കുകൊടുക്കാ ത്തതല്ല ഇവിടുത്തെ പ്രശ്നം. ഒരു വിശ്വാ സത്തിൽ നിന്ന് മാറി പുതിയൊരു വിശ്വാസം സ്വീകരിക്കുന്നതിന് കളക്ടർ ഉൾപ്പെടെയു ള്ളവരുടെ മുൻകൂർ അനുവാദം വേണമെന്ന് നിയമം പാസാക്കിയിരിക്കുന്ന സംസ്ഥാന ങ്ങളുള്ള ഒരു രാജ്യത്ത് ഒരു പുതിയ നിയമം വരുന്നു. ആ നിയമത്തിന്റെ ചില ക്ലോസുകൾ നമ്മളെ ഭയപ്പെടുത്തുന്നതാണ്. പക്ഷെ ക്രൈസ്തവ സഭ, ക്രൈസ്തവ വിശ്വാസം ഇവിടെനിന്ന് തുടച്ചു മാറ്റപ്പെടും എന്ന് ആരും കരുതേണ്ടതില്ല. അങ്ങനെ ഒരു ധാരണ ഞങ്ങൾക്കില്ല. പക്ഷേ ഈ സമൂഹത്തിന് ന്യായമായി ലഭിക്കേണ്ട ഒരു സംരക്ഷണം ലഭിക്കേണ്ടതുണ്ട്. അത് ലഭിക്കാതെ പോകു മോ എന്നുള്ളതാണ് ഞങ്ങളുടെ ആകുലത. ക്രൈസ്തവ വിശ്വാസം ഇതുകൊണ്ടൊന്നും തുടച്ചുനീക്കപ്പെടുകയില്ല. വിശുദ്ധ പൗലോസ് ശ്ലീഹ പഠിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ദൈവവചനത്തിന് വിലങ്ങുവയ്ക്കപ്പെട്ടി ട്ടില്ല. ദൈവവചനം കൊണ്ട് നടക്കുന്ന ആളിന്റെ കയ്യിൽ കയ്യാമം വയ്ക്കാം. പക്ഷേ ദൈവ വചനത്തിന് വിലങ്ങു വയ്ക്കപ്പെട്ടിട്ടില്ല. അതിൻറെ അർത്ഥം ആഴത്തിലുള്ളതാണ്. ദൈവസ്വരത്തെ ആർക്കും തടയാൻ ആവു കയില്ല. ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇതാണ്. ഇതിനൊരു പരിഹാരം അല്ലേ വേണ്ടത്? ഈ ക്ലോസുകളെക്കുറിച്ച് ഞങ്ങൾക്ക് ഒരു ആകാംക്ഷയുണ്ടെന്ന് പറയുമ്പോൾ ആശങ്കയെ കുറിച്ച് വസ്തുനിഷ്ഠമായി സംസാരിക്കാൻ ഉള്ള വേദിയൊരുക്കുന്ന താണ് രാജ്യത്തിൻറെ ഭരണ മികവ്. അതിന് അസ്വസ്ഥരാകുന്നതെന്തിനാണ്? എഫ് സി ആർ എ ബില്ലിലെ ഈ ക്ലോസുകളുടെ അടിസ്ഥാനം ഇന്ദിരാഗാന്ധിയുടെ കാലത്ത് ആരംഭിച്ചതാണ് എന്നൊരു വാദം ഉണ്ട്. പക്ഷേ ഇന്ദിരാഗാന്ധിയുടെ കാലത്തെ നിയ

www.malankaralibrary.com

മവും ഇപ്പോഴത്തെ ക്ലോസുകളും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് വായിക്കുന്നവർക്ക് മനസ്സിലാകും. ഇത് വാദിക്കുന്നതും അപ്പീൽ നടത്തുന്നതും ജഡ്ജ്മെൻറ് നടത്തുന്നതും ഒരേ സെക്ഷനിൽ ആകുമ്പോൾ ഉണ്ടാകുന്ന ഒരു നീതി നിരാസം കൂടി ഉണ്ട്. നേരിട്ട് ഇതിന്റെ ഒരു പരാതി കൊടുക്കാൻ നമുക്ക് ഒരിക്കലും സാധിക്കുന്നില്ലല്ലോ. നമ്മുടെ ഈ പ്രതിസന്ധിയെ കുറിച്ച് നേരിട്ടു സംസാരിക്കാൻ കഴിയുന്ന ഒരു അവസ്ഥ എപ്പോഴെങ്കിലും ഉണ്ടാകേണ്ടതല്ലേ. കുറച്ചു പേപ്പറുകൾ അങ്ങോട്ടും ഇങ്ങോട്ടും കൈമാറുന്നത് വഴി, ഇലക്ട്രോണിക് മീഡിയ സന്ദേശങ്ങൾ ട്രാൻസ്മിറ്റ് ചെയ്യപ്പെടുന്നത് വഴി പ്രശ്നം പരിഹരിക്കപ്പെടുന്നില്ല ജനാധിപത്യ രാജ്യത്ത് ഭൂരിപക്ഷം ആളുകളുണ്ടെങ്കിൽ ഏതു നിയമവും പാസാക്കാൻ കഴിയും. ഇതിന്റെ പേരിൽ ഒരു കലാപവും ക്രിസ്ത്യാനികൾ ഉണ്ടാക്കില്ല. പക്ഷേ ഇതിൻറെ പിന്നിലുള്ള ഉദ്ദേശം എന്താണെന്ന് എല്ലാവരും തിരിച്ചറിയും. നന്മ മാത്രമാണ് ചെയ്യുന്നതെങ്കിൽ നന്മയ്ക്കായിഭവിക്കട്ടെ എന്നു മാത്രമേ പറയാനുള്ളൂ.

കേരളത്തിൽ ക്രിസ്തീയ സഭകളുമായി ഒരു അടുപ്പം സ്ഥാപിക്കാൻ ബിജെപി ഒരു ശ്രമം നടത്തിയിരുന്നു. അത് വിജയമായിരുന്നോ?

അത് വിജയിച്ചോ ഇല്ലയോ എന്ന് ഇലക്ഷൻ കഴിഞ്ഞപ്പോൾ മാധ്യമങ്ങൾ തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഏതു പദ്ധതിയും വിജയിക്കുന്നത് നമ്മൾ തുടങ്ങിവയ്ക്കുന്നതിന്റെ തുറവിയോടുകൂടിയ തുടർച്ചയിലാണ്. അഞ്ചു ദിവസത്തെ പ്രോഗ്രാമായി നമ്മൾ ഇതിനെ കണ്ടാൽ അഞ്ചുദിവസത്തേക്കേ അതിന് ആയുസ്സുള്ളൂ. പക്ഷേ നമ്മൾ ദീർഘകാലത്തെ ഒരു ബന്ധം, ഒരു ദർശനം, ഒരുമിച്ചുള്ള ഒരു മുന്നേറ്റം ഇതൊക്കെയാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ നമ്മൾ അതിന് ആവശ്യമായ, പക്വമായ സമീപനം സ്വീകരിക്കേണ്ടത് ആയിട്ടുണ്ട്.

റോമുമായും മാർപാപ്പമാരുമായുമുള്ള ബന്ധം എങ്ങനെയാണ്?

പരിശുദ്ധ ബെനഡിക്ട് മാർപാപ്പയോട്



എനിക്ക് വലിയ ഒരു ആദരവുണ്ട്. കാരണം ഈ കാലഘട്ടം കണ്ട ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനാണ് ബെനഡിക്ട് പാപ്പ. എ സിമ്പിൾ പേഴ്സൺ. ഹൃദയം നിറയെ ദൈവാഭിമുഖ്യമുള്ള ഒരാൾ. കരുത്തനായ ദൈവശാസ്ത്രജ്ഞൻ. പാശ്ചാത്യവും പൗരസ്ത്യവുമായ സമീപനങ്ങൾ എല്ലാം അദ്ദേഹത്തിന് നല്ല വശമാണ്. അർജൻറീനക്കാരനായ ഫ്രാൻസിസ് മാർപാപ്പ ഹൃദയത്തിൽ ആനന്ദം സൂക്ഷിക്കുന്ന ആളാണ്. ലാളിത്യത്തിൽ അദ്ദേഹത്തെ തോൽപ്പിക്കാൻ പറ്റിയ ഒരാളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. എക്സ്ട്രീമിലി സിമ്പിൾ. എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം, ഗാസയിൽ ഒരു കത്തോലിക്കാ പള്ളിയുണ്ട്. യുദ്ധം ആരംഭിച്ച ശേഷം എല്ലാ ദിവസവും അല്ലെങ്കിൽ രണ്ടു ദിവസത്തിൽ ഒരിക്കൽ അവിടുത്തെ വികാരിയച്ചനെ ഫ്രാൻസിസ് മാർപാപ്പ സ്ഥിരമായി ഫോണിൽ വിളിക്കുമായിരുന്നു. മറ്റൊരു കാര്യം, മാർപാപ്പയായ ശേഷം ഒരിക്കൽപോലും അദ്ദേഹം അർജൻറീനയിലെ തന്റെ പഴയ താമസസ്ഥലത്തോ തന്റെ പഴയ മുറിയിലോ അദ്ദേഹം പോയിട്ടില്ല. ഡിറ്റാച്ച്മെന്റ് എന്ന ആ ഒരു കാര്യം അദ്ദേഹത്തിന്റെ ജീവിതത്തിലെ വിശുദ്ധിയുടെ ഒരു ഭാഗമായിരുന്നു. ഞാൻ കോവിഡ് ബാധിച്ച് കിടന്നിരുന്ന സമയത്ത് ഒരു ദിവസം ഉച്ച കഴിഞ്ഞപ്പോൾ മാർപാപ്പയുടെ സെക്രട്ടറി എന്നെ ഫോണിൽ വിളിച്ചു

www.malankaralibrary.com

'പാപ്പായ്ക്ക് സംസാരിക്കണം'. പാപ്പ സംസാരിച്ചു. 'മീറ്റിങ്ങിന് കാണാത്തതുകൊണ്ട് ഞാൻ അന്വേഷിച്ചപ്പോൾ കോവിഡ് ബാധിച്ച് ചികിത്സയിൽ ആണെന്ന് അറിഞ്ഞു. എങ്ങനെയുണ്ടെന്നറിയാൻ വേണ്ടി വിളിച്ചതാണ്. വേഗം സുഖം പ്രാപിക്കട്ടെ' എന്ന് ആശംസിച്ചു. 'വേഗത്തിൽ വീണ്ടും കാണാം' എന്ന് പറഞ്ഞ് അദ്ദേഹം ആ സംഭാഷണം അവസാനിപ്പിച്ചു. സത്യത്തിൽ ഞാൻ വളരെ അത്ഭുതപ്പെട്ടു പോയി. കാരണം ഏറ്റവും നിസ്സാരനായ എന്നെ പോലും വലിയ തിരക്കുകൾക്കിടയിൽ വിളിക്കാൻ അദ്ദേഹം കാട്ടിയ ആ ഒരു താഴ്മ, അത് അദ്ദേഹത്തിന്റെ വിശുദ്ധിയുടെ ഭാഗമായി ഞാൻ കരുതുന്നു. പരിശുദ്ധ ലെയോ പാപ്പായെ പരിചയപ്പെടുന്നത് കോൺക്ലെവിൽ വച്ചാണ്. സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ കൊച്ചിയിൽ വന്നിട്ടുണ്ട്, വയനാട്ടിലെ തലപ്പുഴയിൽ വന്നിട്ടുണ്ട്.' ഞാൻ ബത്തേരിയിൽ ജോലി ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞപ്പോൾ അവിടെയുള്ള സ്ഥലങ്ങളെ കുറിച്ച് ഒക്കെ അദ്ദേഹം എന്നോട് ഇങ്ങോട്ട് ചോദിക്കുകയുണ്ടായി. വളരെ സ്ട്രൈറ്റ് ഫോർവേഡ് ആയ ഒരു ക്യാരക്ടറാണ്. അങ്ങനെ ഭയമൊന്നും മനസ്സിൽ വച്ചുപുലർത്തുന്ന ആളല്ല. നല്ല ബോധ്യങ്ങളുള്ള ഒരു പിതാവായാണ് ഞാൻ അദ്ദേഹത്തെ കാണുക.

മഹാപുരോഹിതനായി 25 വർഷങ്ങൾ പൂർത്തിയാക്കുമ്പോൾ എന്താണ് കേരള സമൂഹത്തോട് പറയാനുള്ളത്?

ഇനിയും ജനിക്കാൻ ഒരു അവസരം കിട്ടിയാൽ ഇന്ത്യയിൽ തന്നെ, നമ്മുടെ



www.malankaralibrary.com

നാട്ടിൽ തന്നെ ജനിക്കണം എന്നാണ് ആഗ്രഹം. അനേകം വ്യത്യസ്തതകൾ ഉണ്ടെങ്കിലും ഒരുമിച്ച് വസിക്കാൻ ഇത്രയേറെ അനുകൂല സാഹചര്യങ്ങൾ ഉള്ള മറ്റൊരു സ്ഥലം ഞാൻ അധികം കണ്ടിട്ടില്ല. ഭൂമിയിലെ ഏറ്റവും മനോഹരമായ ഒരു സ്ഥലമാണിത്. ഇവിടെ ജനിക്കാൻ കഴിഞ്ഞല്ലോ. നമ്മുടെ നാട് അനുഗ്രഹിക്കപ്പെട്ട നാടാണ്. അതിനെ കൂടുതൽ മെച്ചപ്പെടുത്താൻ എല്ലാവരും ഒരുമയോടെ പ്രവർത്തിക്കണം. പള്ളിയിലോ അമ്പലത്തിലോ മോസ്കിലോ എവിടെ വേണമെങ്കിലും പോകാം. പക്ഷേ നമുക്ക് മൈതാനങ്ങളിൽ ഒരുമിച്ചുകൂടാമല്ലോ. കളിക്കളങ്ങളിൽ ഒരുമിച്ചു കൂടാമല്ലോ. ഒരുമിച്ച് ഭക്ഷണം കഴിക്കാമല്ലോ. ഈയൊരു അടുപ്പം കൈമോശം വരുന്നു എന്ന് എനിക്കൊരു ഭയമുണ്ട്. 25 വർഷം മുമ്പുള്ള കേരളം അല്ല ഇപ്പോഴത്തെ കേരളം. അത് വളരെ വ്യക്തമാണ്. മാറ്റങ്ങൾ തീർച്ചയായും ആവശ്യമാണ്. പക്ഷേ ഗുണപരമായ ചില കാര്യങ്ങൾ മുമ്പോട്ടുള്ള ഒഴുക്കിൽ നഷ്ടപ്പെട്ടു പോകുന്നത് സങ്കടകരമാണ്. ഇപ്പോൾ ഇപ്പോഴുള്ള ബന്ധങ്ങൾ കുറച്ചുകൂടി ശക്തമാക്കണം. ജാതിമത രാഷ്ട്രീയമൊക്കെ പറഞ്ഞ് വേർതിരിക്കുന്ന അവസ്ഥയിൽ നിന്ന് കുറച്ചുകൂടി അടുത്തു വരാൻ സാധിക്കണം. അങ്ങനെ വരുന്ന ഒരു കേരളം ഈ രാജ്യത്തിനും ലോകത്തിനും തന്നെ ഒരു മാതൃകയാണ്.

മനുഷ്യ വിഭവ ശേഷികൊണ്ട് ഇതുപോലെ സമൃദ്ധമായ മറ്റൊരു ദേശമില്ല. പക്ഷേ നമ്മൾ ഒത്തിരി സ്വാർത്ഥരായി പോകുന്നു; പല കാരണങ്ങളാലും. ഒരു പ്രധാനപ്പെട്ട കാരണം ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം നമ്മെ സ്വാധീനിക്കാത്തതാണ്. അതുകൊണ്ടാണ് മതത്തിന്റെ പേരിൽ സംഘർഷങ്ങൾ ഉണ്ടാകുന്നത്. നമുക്ക് മാറി ചിന്തിക്കേണ്ട സമയമായി. ഓരോരുത്തരും അവരവരുടെ വിശ്വാസം ജീവിക്കട്ടെ. പക്ഷേ നമ്മുടെ മുഖമുദ്ര സ്നേഹവും കരുതലും ആയിരിക്കണം. നമുക്ക് ഏറെ ദൂരം സഞ്ചരിക്കാനുണ്ട്. പക്ഷേ നമുക്ക് നല്ല മനസ്സും സ്നേഹസംസ്കാരവും വേണം. 25 വർഷത്തെ ജൂബിലിയിൽ എനിക്ക് സമൂഹത്തോട് പറയാനുള്ള കാര്യം, ബന്ധങ്ങളാണ് നമ്മുടെ ജീവിതത്തെ മനോഹരമാക്കുന്നത് എന്നുള്ളതാണ്. ആ



www.malankaralibrary.com

ബന്ധത്തിൽ അടിസ്ഥാന ദൈവവിശ്വാസം ഉണ്ട്, മനുഷ്യരോടുള്ള സ്നേഹമുണ്ട്. മുകളിലേക്കും താഴേക്കും ഇരുവശങ്ങളിലേക്കും അത് നീളുമ്പോഴാണ് അതിന്റെ സമഗ്രത വർദ്ധിക്കുന്നത്. അതിൽ ഞാൻ ഏറെ സന്തോഷവാനാണ്. ദൈവം നൽകുന്ന ആയുസ്സെത്തും വരെ ആ സന്തോഷത്തോടെ മുന്നോട്ട് പോകണമെന്നാണ് എന്റെ ആഗ്രഹം.

അനേകം മനുഷ്യരുടെ ജീവിതത്തിൽ പ്രകാശം പരത്താൻ ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ. ജൂബിലി മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു.



www.malankaralibrary.com





ആർച്ചുബിഷപ്
തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത
മലങ്കര സുറിയാനി കത്തോലിക്കാസഭാ സൂനഹദോസ് സെക്രട്ടറി, തിരുവല്ലാ അതിഭദ്രാസനാധ്യക്ഷൻ

ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ ഇടയൻ

2001 ഓഗസ്റ്റ് മാസം 15-ാം തീയതി ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും, പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണപ്പെരുനാളും ആഘോഷിച്ച ദിനത്തിൽ ഇരുപത്തിയഞ്ച് വർഷം മുമ്പ് ബഹു. ഐസക് തോട്ടുങ്കൽ അച്ചൻ ഐസക് മാർ ക്ലീമിസ് എന്ന നാമത്തിൽ സഭയിലെ മെത്രാപ്പോലീത്തയായി അഭിഷിക്തനായതും, അമേരിക്കൻ ഐക്യനാടുകളിലെ അപ്പസ്തോലിക് വിസിറ്റേറ്ററായി നിയമിക്കപ്പെട്ടതും സുന്ദരനിമിഷങ്ങളായിരുന്നു. ഓരോ കാലഘട്ടത്തിലും ദൈവം തന്റെ ഹൃദയത്തിനിണങ്ങുന്ന ഇടയന്മാരെ തന്റെ ജനത്തിന് നൽകുന്നു എന്ന വചനത്തിന്റെ നിവേറ്റലായിരുന്നു. മനുഷ്യ ചരിത്രത്തിൽ ചില ജീവിതങ്ങൾ വെറും കലണ്ടറിലെ ഓർമ്മയായി മാറാൻ ഇടയാവാതിരിക്കുന്നത് അവർ ആ കാലഘട്ടത്തിൽ അവശേഷിപ്പിച്ച ജീവസുറ്റ മുദ്ര കൾകൊണ്ടാണ്. അധികാര പീഠങ്ങൾ ചരിത്രം വിസ്മരിക്കുന്നു, എന്നാൽ ആത്മീയതയുടെ സമർപ്പണം ഒരിക്കലും മാഞ്ഞുപോകുന്നില്ല. കാരണം അധികാരം മനുഷ്യനെ ഭരിക്കുന്നു-ആത്മീയത ഹൃദയത്തെ സ്വാധീനിക്കുന്നു, സ്ഥാനങ്ങൾ അസൂയയ്ക്ക് ഇടം നല്കുന്നു, സമർപ്പണം ആഴങ്ങൾ തേടുന്നു. കാലം വർഷങ്ങളെ എണ്ണുമ്പോൾ സഭ അനുഗ്രഹങ്ങളെ ഓർത്തെടുക്കുന്നു. ആയതുകൊണ്ട് മെത്രാഭിഷേകത്തിന്റെ ഈ ജൂബിലി ക്ലീമിസ് ബാവാതിരുമേനിയുടെ വ്യക്തിപരമായ ഒരു ബഹുമതി നിമിഷം എന്നതിനേക്കാളുപരി സഭയ്ക്കും സമൂഹത്തിനും ഈ നിയോഗത്തിലൂടെ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനുള്ള സന്ദർഭമാണ്. അത്യഭിവന്ദ്യ ക്ലീമിസ് ബാവാതിരുമേനി ഈ കാര്യങ്ങൾ ഏറെ നന്നായി മനസ്സിലാക്കി ഉദാത്തമായ നേതൃത്വവും സ്വാധീനവും ചെലുത്തുവാൻ തന്റെ ഔദ്യോഗിക നിയോഗം പ്രയോജനപ്പെടുത്തുന്നു. ഇത് ഏവർക്കും സുവിദിതമായ അവബോധം ആണ്.

ഇടയൻ എന്നത് ഒരു ദർശനവും അതിനു വേണ്ടിയുള്ള സമർപ്പണവുമാണ്. ആടുകളുടെ

www.malankaralibrary.com

മുമ്പിൽ നട ക്കുകയും, പിന്നിലാകുന്നവരെ മുമ്പിലേക്ക് കൊണ്ടു വരികയും, പരുക്കേ റ്റവരെ ചുമലിൽ വഹിക്കുകയും ചെയ്യുന്ന ദർശനം ഉൾക്കൊള്ളുന്ന ഒരു ജീവിതശൈ ലിയാണ്. നല്ല ഇടയൻ യേശുക്രിസ്തുവാണ്. എല്ലാ ഇടയന്മാരും ആ മഹായിടയനെ മാതൃകയാക്കേണ്ട വരാണ്. നമ്മുടെ ഭാഷ യിൽ ഗുരു ആചാര്യൻകൂടി യാണ്-അതായത് ആചരിച്ച് പരിപാലിക്കുന്നവൻ. വിശ്വാസം പ്രഘോഷിക്കുന്നതിന് മുമ്പ് അത് ജീവിക്കു കയും ആഘോഷിക്കുകയും ചെയ്യണം. കരുണയെപ്പറ്റി പറയുന്നതിന് മുമ്പ് അത് ഹൃദയത്തിന്റെ വശ്യതയായി മാറ്റണം. ക്ലീമിസ് ബാവായുടെ ജീവിതം ഈ സത്യത്തിന്റെ നിശബ്ദ വ്യാഖ്യാനമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രം ചാരുതയാക്കി തീർക്കുന്നതിന് അതിലെ ഇടയശ ഷ്ഠന്മാർക്ക് കഴി യുന്നു എന്നത് ഈ സമൂഹം സന്തോഷ ത്തോടെ അയവിറക്കുന്ന ഒരു സത്യമാണ്. ഹൈരാർക്കിയുടെ സ്ഥാപനം മുതൽ അതിനെ നയിച്ച പുണ്യപിതാക്കന്മാരുടെ അനുഗ്രഹീത പിൻഗാമി എന്ന നിലയിൽ അത്യുന്നത കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോ ലിക്കാ ബാവാ വ്യക്തിമുദ്രപതിപ്പിച്ചിരിക്കുന്നു. കുരിശു വഹിച്ചും, പ്രത്യാശയിൽ നിറഞ്ഞും, പാരമ്പര്യങ്ങളും, പൈതൃകങ്ങളും അവികല മായി കാത്തും, വെല്ലുവി ളികളെ വിശ്വാസ ത്തോടെ നേരിട്ടും, സമൂഹത്തിന്റെ നിർമ്മി തിയിൽ സമാനതകളില്ലാത്ത നേതൃത്വം കാഴ്ചവച്ചും സമൂഹത്തെ നയിക്കുന്ന ബാവാ തിരുമനസ്സ് ഐക്യത്തിന്റെയും ഒരുമയുടെയും ജീവിക്കുന്ന ശബ്ദവും അടയാളവും ഊർജ്ജ വുമാണ്. സ്നേഹത്തിൽ സർവ്വതിനേയും സംയോജിപ്പിക്കുക എന്ന ആപ്തവാക്യം തന്റെ ജീവിതദർശനമായി പ്രഖ്യാപിച്ച തിരുമേനി ഈ ദൗത്യം അഭംഗുരം ശ്രദ്ധ യോടെ നിർവ്വഹിക്കുന്നു. ജനത്തിന്റെ ഹൃദയത്തിനു ള്ളിൽ സ്ഥാനം നേടിയ ഈ ഇടയശ്രേഷ്ഠന്റെ ജൂബിലി എല്ലാ ജനങ്ങളുടെയും വികാരം തന്നെയാണ്. അനേകം പേരുടെ ജീവിത ത്തിന് ദിശാസൂ ചികയായിമാറിയ ബാവാ യുടെ ജീവിതത്തിലൂടെ പ്രകാശപൂരിതമായ നാളുകളെയാണ് ലഭിച്ചിരിക്കുന്നത്. വഴികൾ അവസാനിച്ചാലും പ്രകാശം നിലക്കാതെ മുമ്പോട്ടു നയിക്കുന്നു.



ഇന്ന് ലോകം അതിവേഗം മാറിക്കൊ ണ്ടിരിക്കുന്നു. സാങ്കേതികവിദ്യ മനുഷ്യ ജീവിതത്തെ മാറ്റിമറിക്കു മ്പോൾ മനുഷ്യന്റെ ആത്മീയ ചോദ്യങ്ങൾ കൂടുതൽ സങ്കീർ ണ്ണമാകുന്നു. ഇത്തരമൊരുകാലത്ത് സഭയുടെ ദൗത്യം പഴയ ഉത്തരങ്ങൾ അവഗണി ക്കുന്നതിലല്ല, നിത്യസത്യങ്ങളെ പുതിയ തലമുറയുടെ ഭാഷയിൽ വ്യാഖ്യാനിക്കു ന്നതാണ്. ഈ മേഖല അഭിവന്ദ്യ ബാവാ തിരുമേനി ഏറെ ശ്രേഷ്ഠമായി കൈകാര്യം ചെയ്യുന്നു എന്നതിൽ നമുക്കഭിമാനിക്കാം. ദൈവം സഭയ്ക്ക് നല്കിയ ഈ ഇടയശ്രേഷ് ഠൻ തന്റെ പ്രാർത്ഥനയാലും വിവേകത്താലും സ്നേഹത്താലും ഇനിയും തലമുറകളെ വിശ്വാസത്തിൽ ഉറപ്പിക്കട്ടെ. ചരിത്രം സ്മരിക്കുന്നത് പദവികളെയല്ല മറിച്ച് വിശ്വസ് തതയെയാണ്. കൃപയുടെ ഒരു പുതിയ അദ്ധ്യായത്തിലേക്കുള്ള ഈ പ്രവേശനത്തിന് എല്ലാ പ്രാർത്ഥനാശംസകളും ഹൃദയപൂർവ്വം നേരുന്നു.

www.malankaralibrary.com

കാലാതിവർത്തിയായ നേതൃത്വത്തിന്റെ കാൽനൂറ്റാണ്ട്



ബിഷപ് യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പ
തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ

ഏതൊരു ദീർഘവീക്ഷണമുള്ള നേതൃത്വവും ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത് കാലത്തിന്റെ വെല്ലുവിളികളെ നേരിട്ടുകൊണ്ടും സമൂഹത്തിന്റെ നന്മയ്ക്കായി സ്വയം സമർപ്പിച്ചുകൊണ്ടുമാണ്. എല്ലാ ദൈവികനിയോഗങ്ങളും അനുഗ്രഹീതമാകുന്നത് അത് ദൈവത്തിന്റെ തിരഞ്ഞെടുപ്പും തിരഞ്ഞെടുത്തവർക്ക് ദൈവത്തോടുള്ള നിസീമമായ സമർപ്പണവും കൊണ്ടാണ്. അഭിവന്ദ്യ ബസേലിയോസ് ക്ളീമിസ് കാതോലിക്കബാവാ തിരുമേനി ശ്ലൈഹീക ശുശ്രൂഷയിൽ ഇരുപത്തിയഞ്ച് വർഷങ്ങൾ പിന്നിടുന്ന ജൂബിലി ആഘോഷിക്കുമ്പോൾ പിതാവിന്റെ അനുഗ്രഹീതമായ സമർപ്പണത്തെയോർത്താണ് ദൈവത്തിനു നന്ദി പറയുന്നത്. ശക്തമായ ദൈവാശ്രയബോധവും,കഠിനാധ്വാനവും, ബന്ധങ്ങൾ കാത്തുസൂക്ഷിക്കുവാനുള്ള കഴിവും, സഭാസ്നേഹവും പ്രതി

www.malankaralibrary.com

ബദ്ധതയും, യുക്തിസഹമായി കാര്യങ്ങളെ വിലയിരുത്തുവാനുള്ള കഴിവും, വിവേകത്തോടെ സംസാരിക്കാനുള്ള പ്രഗത്ഭ്യവും പിതാവിന്റെ വലിയ സവിശേഷതകളാണ്. തന്റെ സഭയുടെ അസ്തിത്വത്തെയും ദൗത്യത്തെയും പറ്റി വ്യക്തമായ കാഴ്ചപ്പാടും ബോധ്യവുമുള്ള പിതാവ് ആഗോള സഭയിലും പൊതുസമൂഹത്തിലും തന്റെ സാന്നിധ്യത്തിന്റെ പ്രസക്തി സാക്ഷ്യജീവിതത്തിലൂടെ ഉറപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ പിതാവ് നിർവഹിച്ച ശുശ്രൂഷകൾ വാക്കുകളിൽ വിവരിക്കുന്നത് ശ്രമകരമായ കാര്യമാണ്. പിതാവിന്റെ ശുശ്രൂഷയുടെ സമഗ്രമായ ഒരു വിവരണം ഈ ലേഖനത്തിന്റെ ഉദ്ദേശ്യമല്ല, മറിച്ച് പിതാവിന്റെ നേതൃത്വത്തിന്റെ സവിശേഷതകൾ വിവരിക്കാൻ ആവശ്യമായ പ്രസക്തകാര്യങ്ങൾ മാത്രമാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്.

വിനയത്തിന്റെ വേരുകളിൽ നിന്ന് ആഗോള ഔന്നത്യത്തിലേക്ക്

1959 ജൂൺ 15-ാം തീയതി തോട്ടുങ്കൽ ടി.എം. മാത്യുസാറിന്റെയും അന്നമ്മയുടെയും മകനായി അഭിവന്ദ്യ പിതാവ് ജനിച്ചു. സെന്റ് മേരീസ് ഗവൺമെന്റ് യു.പി. സ്കൂളിൽ നിന്നും ആനിക്കാട് സെന്റ് മേരീസ് എച്ച്.എസ്എസിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ പിതാവ്, ദൈവത്തിന്റെ വിളി തിരിച്ചറിഞ്ഞ് 1976-ൽ തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. ചങ്ങനാശ്ശേരി സെന്റ് ബർക്കുമെൻസ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും തുടർന്ന് ആലുവ കർമ്മലഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. 1986 ജൂൺ 11-ാം തീയതി സിറിൽമാർ ബസേലിയോസ് മെത്രാപ്പോലീത്തയുടെ കൈവയ്പ്പാൽ പൗരോഹിത്യം സ്വീകരിച്ചു.

പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യ നാളുകളിൽ ബാംഗ്ലൂരിൽ സേവനം അനുഷ്ഠിച്ച പിതാവ്, റോമിലെ സെന്റ് തോമസ് പൊന്തിഫിക്കൽ സർവ്വകലാശാലയിൽ നിന്നും എക്യുമെനിസത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. സഭൈക്യത്തിന്റെ പ്രവാചകനും മതസൗഹാർദ്ദത്തിന്റെ വക്താവുമായി മാറാൻ ദൈവം പിതാവിനെ സജ്ജനാക്കുകയായിരുന്നു.

2001 ആഗസ്റ്റ് 15-ന് വടക്കേ അമേരിക്ക, കാനഡ എന്നിവിടങ്ങളിൽ അപ്പോസ്തോലിക് വിസിറ്റേറ്ററായും തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായമെത്രാ



www.malankaralibrary.com

നായും അഭിഷേകം ചെയ്യപ്പെട്ടു. അമേരിക്കയിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് രൂപത സ്ഥാപിതമാകുന്നതിന് അടിത്തറയിട്ടത് അന്ന് അപ്പോസ്തോലിക് വിസിറ്റേറ്ററായിരുന്ന അഭിവന്ദ്യ ക്ലീമിസ് പിതാവാണ്.

2003 സെപ്റ്റംബർ 11-ാം തീയതി തിരുവല്ല ഭദ്രാസനത്തെ അതിഭദ്രാസനമായി ഉയർത്തുകയും അഭിവന്ദ്യ പിതാവിനെ മെത്രാപ്പൊലീത്തൻ ആർച്ചുബിഷപ്പ് ആയി അവരോധിക്കുകയും ചെയ്തു. തുടർന്ന് 2007 ഫെബ്രുവരി 8-ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാതോലിക്കാ ബാവയായി പിതാവിനെ തിരഞ്ഞെടുത്തു.

അഞ്ച് രൂപതകൾ മാത്രമുണ്ടായിരുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പുതിയതായി ഏഴ് രൂപതകൾകൂടി സ്ഥാപിച്ച് സഭയുടെ അതിർത്തികളും ശുശ്രൂഷകളും വിസ്തൃതമാക്കാൻ പിതാവിന് സാധിച്ചു. കൂടാതെ, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഇപ്പോഴുള്ള 17 മെത്രാന്മാരിൽ 13 പേരെയും വാഴിച്ചത് അഭിവന്ദ്യ പിതാവാണ്.

വിദ്യാഭ്യാസ രംഗത്തെ വിപ്ലവകരമായ മുന്നേറ്റങ്ങൾ

ആത്മീയം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മൂന്ന് പ്രധാന ശുശ്രൂഷകളെ സമഗ്രമായി ഏകോപിപ്പിക്കുന്നതിൽ അഭിവന്ദ്യ പിതാവ് പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്. ദൈവജനത്തിന്റെ ബൗദ്ധികവും മാനുഷികവുമായ സാധ്യതകളെ വർധിപ്പിക്കാനും, അവയെ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗപ്പെടുത്താനും പിതാവ് നിരന്തരം പരിശ്രമിച്ചു. വിദ്യാഭ്യാസ രംഗത്ത് മാർ ഈവാനിയോസ് കോളേജുൾപ്പെടെ പതിനെട്ടോളം കലാലയങ്ങൾ ഉൾക്കൊള്ളുന്ന ക്യാമ്പസിനെ 'മാർ ഈവാനിയോസ് വിദ്യാനഗർ' എന്ന് നാമകരണം ചെയ്തത് പിതാവിന്റെ ദൂരക്കാഴ്ച്ചയുടെ ഭാഗമാണ്. കൂടാതെ, ക്യാമ്പസിലേക്കുള്ള പ്രവേശന വഴി നാലുവരിപ്പാതയായി വികസിപ്പിച്ചതും പിതാവിന്റെ ശക്തമായ നേതൃത്വ ഫലമായി സാധ്യമായതാണ്. ഓരോ ക്യാമ്പസിനും കൃത്യമായ അതിർത്തികൾ നിർണ്ണയിച്ചും, പുതിയ റിസർച്ച് സെന്ററുകളും അത്യാധുനിക കെട്ടിടങ്ങൾ പണിതുയർത്തിയും, ഇവയെ മനോഹരവും ലോകനിലവാരമുള്ളതുമാക്കി മാറ്റാൻ പിതാവിന് കഴിഞ്ഞു. ക്യാമ്പസിന്റെ ഈ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകിയ ബാവാതിരുമേനി, ധന്യൻ മാർ ഈവാനിയോസ് പിതാവ് അതിന്റെ സ്ഥാപനകാലത്ത് സ്വപ്നം കണ്ടതുപോലെ, ഈ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തെ ഒരു സർവകലാശാലാ പദവിയിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

2012-ൽ സ്വകാര്യമേഖലയിൽ നിയമ പഠന കോളേജുകൾ ആരംഭിക്കാൻ സർക്കാർ നൽകിയ അനുവാദമുപയോഗിച്ച് മാർ ഗ്രീഗോറിയോസ് ലോ കോളേജിന് പിതാവ് തുടക്കം കുറിച്ചു. ഇന്ന് കേരളത്തിൽ ഏറെ അറിയപ്പെടുന്ന മികച്ച ഒരു നിയമപഠന കലാലയമായി ഈ കോളേജ് വളർന്നിട്ടുണ്ട്. 2014-ൽ സ്വാശ്രയമേഖലയിൽ, തിരുവനന്തപുരത്തിന്റെ ഗ്രാമീണമേഖലയിലെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഇന്നത്തെ പാറശ്ശാല ഭദ്രാസനത്തിലെ നെല്ലിക്കാട് മദർ തെരേസ കോളേജ് സ്ഥാപിച്ചു. കൂടാതെ, അവിടുത്തെ സാന്തോം ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് കോളേജിന്റെ സ്ഥാപനത്തിനും അഭിവന്ദ്യ ബാവാതിരുമേനി നേതൃത്വം നൽകി. മേജർ അതിരൂപതയിലെ വിവിധ എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളുടെ വളർച്ചയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പിതാവ് നൽകിയ നേതൃത്വം തികച്ചും പ്രശംസനീയമാണ്.

ആതുരസേവന രംഗത്തെ ദൂരക്കാഴ്ചകൾ

പിരപ്പൻകോട് പരിമിതമായ ആതുര ശുശ്രൂഷകൾ മാത്രമുണ്ടായിരുന്ന ഒരു കേന്ദ്രത്തെ ഒരു സമഗ്ര ആരോഗ്യപരിപാലന കേന്ദ്രമായി മാറ്റാൻ പിതാവ് ആഗ്രഹിച്ചു. വിവിധ ആരോഗ്യ ശുശ്രൂഷകളെ ഏകോപിപ്പിക്കുന്ന 'സെന്റ് ജോൺസ് മെഡിക്കൽ വില്ലേജ്ആയി' അതിനെ മാറ്റി. ഗ്രാമീണ ജനങ്ങൾക്കും സമൂഹത്തിലെ പാർശ്വവൽ

www.malankaralibrary.com

ക്കരിക്കപ്പെട്ടവർക്കും ഗുണനിലവാരമുള്ളതും എന്നാൽ ചെലവുകുറഞ്ഞതുമായ വൈദ്യ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യ ത്തോടെയാണ് 2011-ൽ കമ്മ്യൂണിറ്റി ഹോസ് പിറ്റൽ സ്ഥാപിച്ചുകൊണ്ട് ആതുരരംഗത്തെ പുതിയ കാൽവയ്പ്പിന് അഭിവന്ദ്യ ബാവാ തിരുമേനി തുടക്കം കുറിച്ചത്. കമ്മ്യൂണിറ്റി ഹോസ്പിറ്റലിനു പുറമെ ഡയാലിസിസ് കെയർ ആന്റ് സപ്പോർട്ട് പ്രോഗ്രാം, ദേശീയ കുഷ്ഠരോഗ നിർമ്മാർത്ഥന പദ്ധതി (NLEP), പെയിൻ & പാലിയേറ്റീവ് കെയർ ആന്റ് സപ്പോർട്ട് സെന്റ്ർ, സെന്റർ ഫോർ മെന്റൽ ഹെൽത്ത് ആന്റ് ഡി-അഡിക്ഷൻ, AIDS Rehabilitation Centre & Care Home, ആയുർവേദം തുടങ്ങിയ വിവിധ സേവനങ്ങളിലൂടെ സമൂഹത്തിന് സമഗ്രമായ ആരോഗ്യപരി ചരണവും പിന്തുണയും നൽകിവരുന്നു. ഇതിന്റെ തുടർച്ചയായി 2024-ൽ കാരമൂട് പ്രദേശത്ത് മറ്റൊരു സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ കൂടി ആരംഭിച്ചു.

ആത്മീയ നവീകരണത്തിന്റെ സങ്കേതങ്ങൾ

തിരുവനന്തപുരത്ത് ഒരു റെസിഡൻഷ്യൽ റിട്രീറ്റ് സെന്റർ ഉണ്ടാകണമെന്നുള്ള അഭിവന്ദ്യ ബാവാതിരുമേനിയുടെ ദീർഘ കാലത്തെ ആഗ്രഹം ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിലച്ചന്റെ ശുശ്രൂഷയിലൂടെ സഫലീകരിക്കപ്പെട്ടു. 2017-ൽ അഭിവന്ദ്യ ബാവാതിരുമേനി വേറ്റിനാട് എസ്റ്റേറ്റിൽ മൗണ്ട് കാർമൽ ധ്യാനകേന്ദ്രത്തിന് അടിത്തറയിട്ടു. "മലങ്കര ഹിൽസ്" എന്ന് നാമകരണം ചെയ്യപ്പെട്ട ആ സ്ഥലം ചുരുങ്ങിയ കാലം കൊണ്ട് കേരളത്തിനകത്തും പുറത്തുനിന്നുമുള്ള ആയിരക്കണക്കിന് വിശ്വാസികളെ ആകർഷിക്കുന്ന ഒരു പ്രമുഖ ആത്മീയ സങ്കേതമായി വളർന്നു . ദൈവവചനത്തിലൂടെയും കൂദാശകളിലൂടെയും മനുഷ്യഹൃദയങ്ങളെ നവീകരിക്കാനും, ആത്മീയ സൗഖ്യം പ്രദാനം ചെയ്യാനും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന തിരുവനന്തപുരത്തെ പ്രധാനപ്പെട്ട ഒരു അനുഗ്രഹ കേന്ദ്രമാണ് ഇന്ന് മൗണ്ട് കാർമൽ റിട്രീറ്റ് സെന്റർ.

സാമ്പത്തിക സ്രോതസ്സുകളുടെ ശക്തിപ്പെടുത്തലും നൂതന സംരംഭങ്ങളും

മേജർ അതിഭദ്രാസനത്തിൻറെ സാമ്പത്തിക സ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശീയ സാഹചര്യങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തി, സഭയുടെ വിവിധ ശുശ്രൂഷകൾക്ക് ആവശ്യമായ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ പിതാവ് നിരവധി പദ്ധതികൾ വിഭാവനം ചെയ്തു. മാർ ഇവാനിയോസ് വിദ്യാ നഗറിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചതും, മാർ ഗ്രീഗോറിയോസ് റിന്യൂവൽ സെന്ററിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് ഗിരിദീപം കൺവെൻഷൻ സെന്റർ പണി കഴിപ്പിച്ചതും ഇതിന് ഉദാഹരണങ്ങളാണ്. മികച്ച അടിസ്ഥാന സൗകര്യങ്ങളോടുകൂടി നഗരത്തിലെ ഏറ്റവും മുൻപന്തിയിലുള്ള ഒരു കൺവെൻഷൻ സെന്ററായി ഇതിനെ മാറ്റിയെടുക്കുവാൻ പിതാവിന് കഴിഞ്ഞു; ഇത് സഭയുടെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനുള്ള പിതാവിന്റെ ദീർഘവീക്ഷണമുള്ള ഉദ്യമങ്ങളിൽ ചിലത് മാത്രമാണ്.

അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷയിൽ രൂപപ്പെട്ട ഒരു നൂതനവും കാലികവുമായ സംരംഭമാണ് നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാ നഗറിൽ സ്ഥിതി ചെയ്യുന്ന ലോകനിലവാരത്തിലുള്ള ബിസിനസ്സ് കേന്ദ്രവും നെറ്റ്വർക്കിംഗ് ഹബ്ബുമായ ബി-ഹബ് (B-hub). കേരളത്തിലെ ഏറ്റവും വലിയ കോ-വർക്കിംഗ്, ലേണിംഗ്, നെറ്റ്വർക്കിംഗ് പ്ലാറ്റ്ഫോമാണിത്. സ്റ്റാർട്ടപ്പുകൾക്കും നവീകരണാശയങ്ങൾക്കും (Innovation) ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾക്കുമുള്ള ഒരു പ്രധാന കേന്ദ്രം കൂടിയാണിത്.

ബസിലിക്കാ പദവിയും ദൈവാലയ നിർമ്മാണങ്ങളും

ക്രിയാത്മകമായും വ്യത്യസ്തമായും കാര്യങ്ങളെ കാണാനും അപഗ്രഥിക്കുവാനുമുള്ള പിതാവിന്റെ കഴിവ് ശ്രദ്ധേയമാണ്. ദീർഘവീക്ഷണത്തോടെ കാര്യങ്ങളെ സമീപിക്കുകയും യഥാസമയത്ത് യുക്തമായതു ചെയ്യുകയും ചെയ്യുന്നതിന്റെ ഉദാഹരണങ്ങളിലൊന്നാണ് ധന്യൻ മാർ ഇവാനിയോസ്

www.malankaralibrary.com

തിരുമേനി തിരുവനന്തപുരത്തിന്റെ ആർച്ച് ബിഷപ്പായി സ്ഥാനാരോഹണം ചെയ്ത പാളയം സമാധാനരാജ്ഞി പ്രോ-കത്തീഡ്രലിനെ ഒരു ബസിലിക്കയായി ഉയർത്തിയത്. തലസ്ഥാന നഗരിയായ അനന്തപുരിയിലെ ഏക ബസിലിക്ക പാളയം സമാധാനരാജ്ഞി ബസിലിക്കയാണെന്നത് അഭിമാനം നൽകുന്ന വസ്തുതയാണ്.

2007-ൽ മേജർ അതിരൂപതയുടെ ചുമതലയേറ്റ പിതാവ്, ഗ്രാമപ്രദേശങ്ങളിലെ ചെറിയ ഇടവകകളിലെ ദൈവജനത്തിന്റെ പ്രാർത്ഥനയുടെയും ആത്മാഭിമാനത്തിന്റെയും ഭാഗമാണ് അവരുടെ പള്ളികൾ എന്ന് മനസ്സിലാക്കി. ശോചനീയാവസ്ഥയിലായിരുന്ന പള്ളികൾ ഏറിയ പങ്കും പുതുക്കിപ്പണിതു. പത്തനംതിട്ട, പാറശ്ശാല ഭദ്രാസനങ്ങളിൽ ഉൾപ്പെടെ 139-ഓളം പുതിയ പള്ളികളും ഏറെ പള്ളിമേടകളും പിതാവിന്റെ പ്രോത്സാഹനത്തിലും സഹായത്തിലും പണിതുയർത്തിയിട്ടുണ്ട്. വലിയ പള്ളികളിലെ സ്വീകരണങ്ങളെക്കാൾ ചെറിയ മിഷൻ പള്ളികളിലെ ദൈവജനത്തിന്റെ വേദനകളിൽ പങ്കുചേരാൻ പിതാവ് എപ്പോഴും പരിശ്രമിച്ചു. ആദ്യകാലങ്ങളിൽ സ്വീകരണങ്ങളിൽ പ്രയോജനമില്ലാത്ത ഹാരങ്ങൾ ഒഴിവാക്കി പകരം മനുഷ്യർക്ക് ഉപയോഗിക്കാവുന്ന കോട്ടൺ മുണ്ടുകൾ നൽകാൻ പിതാവ് ആവശ്യപ്പെട്ടു. പിന്നീട് സ്വീകരണങ്ങളിൽ ബൈബിൾ സ്വീകരിക്കാൻ ആരംഭിക്കുകയും, അങ്ങനെ ലഭിക്കുന്ന ബൈബിളുകൾ മിഷൻ പ്രദേശങ്ങളിലെ ദൈവജനത്തിന് സൗജന്യമായി നൽകുകയും ചെയ്തു. ഏതൊക്കെ സാധ്യകൾ മനുഷ്യനന്മയ്ക്ക് ഉപയോഗിക്കാൻ സാധിക്കുമോ, അതൊക്കെ പ്രയോജനപ്പെടുത്താൻ പിതാവ് എപ്പോഴും ശ്രമിക്കാറുണ്ട്.

കാരുണ്യ പ്രവർത്തനങ്ങളും പാർപ്പിട പദ്ധതികളും

അഭിവന്ദ്യ പിതാവിന്റെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായി 2011-ൽ ആരംഭിച്ച ഭവന പദ്ധതിയിലൂടെ 2336 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങളിൽ



പാർക്കാൻ കഴിഞ്ഞു എന്നത് ഏറെ സന്തോഷമുള്ള കാര്യമാണ്. സഭയിലുള്ളവരെപ്പോലെ മറ്റു മതസ്ഥർക്കും വാസയോഗ്യമായ ഭവനങ്ങളുണ്ടാകണം എന്ന ആഗ്രഹം പിതാവിനുണ്ടായിരുന്നു. അതുകൊണ്ട് ഈ പദ്ധതിയുടെ ഉപഭോക്താക്കളെ നിശ്ചയി

www.malankaralibrary.com



ക്കുന്നത് അവരുടെ ജാതിയോ മതമോ നോക്കിയല്ല.

തന്റെ ജീവിതത്തിലെ എല്ലാ നാഴികക്കല്ലുകളും സമൂഹത്തിലെ ഏറ്റവും ദുർബലരായവർക്ക് കരുത്തു പകരുന്ന മുഹൂർത്തങ്ങളാക്കി മാറ്റാൻ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി നിരന്തരം പരിശ്രമിക്കാറുണ്ട്. കഴിഞ്ഞ പതിനെട്ടു വർഷങ്ങളിൽ അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ചു സമാഹരിച്ച തുക 18 കാരുണ്യ പദ്ധതികളിലൂടെ പാവപ്പെട്ട മനുഷ്യരുടെ കണ്ണീരൊപ്പാൻ ഉപയോഗപ്പെടുത്തി. നഗരമധ്യത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മാനസിക രോഗികളെ പുനരധിവസിപ്പിക്കുവാൻ നാലാഞ്ചിറയിലെ മാർ ഗ്രീഗോറിയോസ് ഗാർമെന്റ് സിന്റെ കെട്ടിടം, ഭാഗ്യസ്മരണാർഹനായ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സ്മരണയിൽ 2008 നവംബർ 17-ന് മാർ ഗ്രീഗോറിയോസ് സ്നേഹവീടായി മാറ്റി. ഇന്ന് നൂറിലേറെ അന്തേവാസികൾക്ക് അഭയം നൽകുന്ന ഒരു ഭവനമാണിത്. 2014-ൽ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ഒരുപോലെ താങ്ങും തണലുമായി പ്രവർത്തിക്കുന്ന ഒരു ആശ്വാസ കേന്ദ്രമായി പട്ടത്ത് സ്ഥിതി ചെയ്യുന്ന 'സാന്ത്വനം' നവീകരിച്ചു. 2015-ൽ മാർ ഗ്രീഗോറിയോസ് ജന്മശതാബ്ദി ക്യാൻസർ കെയർ ഹോം പിരപ്പൻകോട് പണികഴിപ്പിച്ചു, മേജർ അതിരൂപതയിലെ വിശ്രമജീവിതം നയിക്കുന്നവരും രോഗികളുമായ വൈദികർക്കായി പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിൽ 'സായൂജ്യം' എന്ന പേരിൽ ഒരു ഭവനം 2016-ൽ നിർമ്മിച്ചു. 2017-ലെ ഓഖി ദുരന്തം, 2018-ലെയും 2019-ലെയും കേരളത്തിലെ അതിരൂക്ഷമായ പ്രളയകാലങ്ങളിലും ദുരിതബാധിതരെ സഹായിക്കുന്നതിൽ മാതൃകാപരമായ പങ്കുവഹിച്ചു. പല വർഷങ്ങളിലെയും ചാരിറ്റി ഫണ്ടുകൾ കൊണ്ട് വിവിധ ഭദ്രാസനങ്ങളിലെയും മിഷൻ സ്റ്റേറ്റുകളിലെയും ഭദ്രാസന പദ്ധതികൾക്ക് വിലയേറിയ സാമ്പത്തിക പിന്തുണയും കരുതലുമാണ് നൽകിയത്. കൂടാതെ, നഗരത്തിലെ തിരക്കുകൾക്കിടയിൽ വിസ്മരിക്കപ്പെട്ടുപോകാൻ സാധ്യതയുള്ള വിശക്കുന്ന വയറുകൾക്ക് അന്നമൂട്ടാൻ പട്ടം സെന്റ് മേരീസ് കത്തീഡ്രലിനോട് ചേർന്ന് സ്നേഹഭോജനശാല രൂപപ്പെടുത്തി. എല്ലാ ദിവസവും നൂറുകണക്കിനാളുകൾക്ക് ഈ ഭവനം അന്നമൂട്ടുന്നു. 2020-ൽ അഞ്ചലിൽ പണികഴിപ്പിച്ച 'അമ്മവീട്', അനാഥരായ അമ്മമാർക്കും പരിചരണം ആവശ്യമുള്ള മുതിർന്ന സ്ത്രീകൾക്കും ആശ്രയമേകുന്ന ഒരു സ്നേഹഭവനമാണ്. സമൂഹത്തിലുള്ള അഭിവന്ദ്യ പിതാവിന്റെ ഇത്തരം ക്രിയാത്മകമായ ഇടപെടലുകളെയും മഹത്തായ സംഭാവനകളെയും മാനിച്ച് നിരവധി പുരസ്കാരങ്ങൾ നൽകി സമൂഹം ഇതിനോടകം

www.malankaralibrary.com

അഭിവന്ദ്യ പിതാവിനെ ആദരിച്ചിട്ടുണ്ട്.

കാലോചിതമായ നവീകരണങ്ങളും സഹോദര വൈദികരോടുള്ള സ്നേഹവും

കാലോചിതമായ മാറ്റങ്ങൾ സഭയിൽ വിവേകപൂർവം നടപ്പിലാക്കാൻ കഴിഞ്ഞ ദീർഘവീക്ഷണമുള്ള നേതാവാണ് അഭിവന്ദ്യ പിതാവ്. തിരുവനന്തപുരം മേജർ അതിരൂപതയുടെ ചുമതല 2007-ൽ ഏറ്റെടുത്ത ശേഷം, ആരാധനാപരമായ കാര്യങ്ങളിൽ പാരമ്പര്യത്തിന് വിപരീതമായി നിലവിലുണ്ടായിരുന്ന രീതികളെ തിരുത്തി മുന്നേറിയത് തികച്ചും മാതൃകാപരമാണ്. സഭാപാരമ്പര്യമനുസരിച്ച് മദ്ബഹായുടെ കേന്ദ്രഭാഗത്ത് ഉണ്ടായിരിക്കേണ്ട ഉത്ഥിതനായ ക്രിസ്തുവിന്റെ (Risen Christ) ചിത്രം, ക്രൂശിതരൂപങ്ങൾ സ്ഥാപിച്ചിരുന്ന പല പള്ളികളിലും പുനഃസ്ഥാപിക്കാൻ പിതാവിന് കഴിഞ്ഞു. എന്നാൽ പെട്ടെന്ന് കൽപനകൾ ഇറക്കി അടിച്ചേൽപ്പിക്കുന്ന രീതിക്ക് പകരം, അതീവ വിവേകത്തോടെയാണ് പിതാവ് ഈ മാറ്റം നടപ്പിലാക്കിയത്. ഓരോ പള്ളിയുടെയും ആവശ്യാനുസരണം മദ്ബഹ നവീകരിച്ചപ്പോഴും പുതിയ പള്ളികൾ പണിതുയർത്തിയപ്പോഴുമൊക്കെ സഭാതനിമ ചോർന്നുപോകാതെ ഈ പവിത്രമായ മാറ്റം യാഥാർത്ഥ്യമാക്കാൻ പിതാവിന് സാധിച്ചു.

പുരോഹിതരോടുള്ള അഭിവന്ദ്യ പിതാവിന്റെ സഹോദര്യതുല്യമായ സ്നേഹം സഭയുടെ കൂട്ടുത്തരവാദിത്വത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നുണ്ട്. ഭക്ത്യാദരവുകളുടെയും ഭയത്തിന്റെയും അകൽച്ചയില്ലാതെ പിതാവിനടുത്ത സ്നേഹത്തോടും സുഹൃത്തിനടുത്ത ഹൃദ്യതയോടും സമീപിക്കാനാവുന്നതു പിതാവിന്റെ വ്യക്തിത്വ ലാളിത്യത്തിന്റെ അടയാളമാണ്. മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ സന്യാസിമാരോടും സന്യാസിനികളോടും ഏറെ ഹൃദ്യമായ ബന്ധം പുലർത്തുന്നതോടൊപ്പം, അവരവരുടെ സവിശേഷമായ കാരിസം മനസ്സിലാക്കി ശുശ്രൂഷകൾ ക്രിയാത്മകമായി ഏകോപിപ്പിക്കാനും പിതാവ് എപ്പോഴും ശ്രദ്ധിക്കുന്നു.

മാർ ഇവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളും പദയാത്രയും

ധന്യൻ മാർ ഇവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ പുരോഗമനത്തിന് പിതാവ് കാണിക്കുന്ന ഔത്സുക്യം സമാനതകളില്ലാത്തതാണ്. വന്ദ്യ പിതാവിന്റെ



www.malankaralibrary.com

കബറിടം കൂടുതൽ സ്ഥലസൗകര്യമുള്ളതും മനോഹരവുമാക്കിയത് മാത്രമല്ല, പ്രാർത്ഥനയിലൂടെ അനേകർക്ക് ദൈവാനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ ബാവാതിരുമേനിയുടെ പ്രോത്സാഹനം ഇടയാക്കിയിട്ടുണ്ട്. റാന്നി പെരുന്നാടിൽ നിന്നും മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് നടത്തപ്പെടുന്ന പദയാത്ര ആയിരക്കണക്കിന് ദൈവജനത്തിന്റെ ആത്മീയ സമർപ്പണവും ആത്മവിശുദ്ധീകരണത്തിന്റെ മാർഗവുമാക്കി മാറ്റിയതിൽ അഭിവന്ദ്യ ബാവാതിരുമേനിയുടെ നേതൃത്വം വലുതാണ്. കോവിഡ് മഹാമാരിക്ക് ശേഷം പദയാത്രയിൽ പങ്കാളിത്തം കുറഞ്ഞുവെന്ന് മനസ്സിലാക്കി, തന്റെ ശാരീരിക ബുദ്ധിമുട്ടുകളെ വകവയ്ക്കാതെ നാലാം തവണയും ഒരു പദയാത്രികനായി ഈ യാത്രയ്ക്ക് പിതാവ് നേതൃത്വം നൽകി.

നീതിബോധവും സമൂഹത്തിലെ ഇടപെടലുകളും

പൊതു സമൂഹത്തിന്റെ വിഷയങ്ങളിൽ ഒരിക്കലും നിസ്സംഗത പുലർത്താത്ത വ്യക്തിയാണ് അഭിവന്ദ്യ പിതാവ്. നീതിപൂർവമായ നിലപാടുകൾ കൃത്യവും വ്യക്തവുമായി തുറന്നു പറയാൻ പിതാവ് മടികാണിച്ചിട്ടില്ല. സഹായമർഹിക്കുന്ന ആരെയും തന്റെ വ്യക്തിപരമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ പോലും കണക്കിലെടുക്കാതെ പിതാവ് നിർലോഭം സഹായിച്ചിട്ടുണ്ട്. സഭയുടെ പൊതുവിഷയങ്ങളിൽ തികഞ്ഞ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാനും, സങ്കുചിത താത്പര്യങ്ങൾക്കപ്പുറത്ത് സഭയെ ഒന്നായി കണ്ട് 'ദീപിക' പത്രത്തിന്റെ വീണ്ടെടുപ്പ് ഉൾപ്പെടെയുള്ള ധീരമായ നേതൃത്വം നൽകാനും പിതാവിന് കഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധി ഘട്ടങ്ങളിൽ ചർച്ചകളിലൂടെ പ്രശ്നപരിഹാരത്തിന് നേതൃത്വം നൽകിയതും ഇതിന് ഉദാഹരണമാണ്.



കർദ്ദിനാൾ പദവിയും ആഗോള അംഗീകാരവും

2012-ൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയെ തിരഞ്ഞെടുക്കുന്ന കർദ്ദിനാൾ സംഘത്തിലേക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിലാദ്യമായി പിതാവ് നിയോഗിക്കപ്പെട്ടു. ഇത് സഭയ്ക്ക് ഏറെ അഭിമാനം നൽകുന്ന ഒരു നേട്ടമാണ്. രണ്ട് മാർപ്പാപ്പമാരെ തിരഞ്ഞെടുക്കുന്നതിനുള്ള കോൺക്ലേവുകളിൽ പിതാവ് പങ്കെടുത്തു. കർദിനാൾ പദവി സ്വീകരിക്കുന്നതിനായി റോമിലേക്ക് പോയപ്പോൾ വ്യത്യസ്ത മതവിഭാഗങ്ങളുടെ പ്രാതിനിധ്യം ആ ചടങ്ങിലുണ്ടാകുവാൻ പിതാവ് എടുത്ത തീരുമാനം സമാനതകളില്ലാത്തതാണ്. ഈ അംഗീകാരം തനിക്ക് ലഭിക്കുന്ന വ്യക്തിപരമായ നേട്ടമല്ല, മറിച്ച് രാജ്യത്തിനും മലങ്കര സഭയ്ക്കും മുഴുവൻ ആ ഗോള സഭയ്ക്കും ലഭിക്കുന്ന അംഗീകാരമാണെന്നാണ് പിതാവിന്റെ വീക്ഷണം.

ഉന്നതമായ സഭാശുശ്രൂഷകളും സഭൈക്യദർശനവും

ഭാരത മെത്രാൻ സംഘത്തിന്റെ അധ്യക്ഷനായും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (KCBC) അധ്യക്ഷനായും രണ്ടുതവണ വീതം പിതാവ് സേവന മനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ 'ഇന്റർ ചർച്ച് കൗൺസിലി'ന്റെ ചെയർമാൻ, പൗരസ്ത്യ തിരുസംഘത്തിലെ സ്ഥിരം അംഗം, മതാന്തര

www.malankaralibrary.com

സംവാദത്തിനുവേണ്ടിയുള്ള വത്തിക്കാൻ കൗൺസിലിലെ അംഗം, റോമിലെ മെത്രാൻ സിനഡിന്റെ സ്ഥിരം സമിതി അംഗം എന്നീ നിലകളിലും പിതാവ് പ്രവർത്തിക്കുന്നു. ഏഷ്യൻ ബിഷപ്സ് കോൺഫറൻസിൽ (FABC) കേന്ദ്ര സമിതി അംഗം (Executive Committee) എന്ന നിലയിലും അത്യഭിവന്ദ്യ ബാവാ തിരുമേനി പ്രവർത്തിച്ചുവരുന്നു. ഇന്ത്യൻ പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള ചമശേീമഹ കിലേഴൃമഹ ഇീഴിരശഹ അംഗമായി 2014 മുതൽ അഞ്ചുവർഷം അത്യഭിവന്ദ്യ ബാവാ തിരുമേനി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

സഭകൾ തമ്മിലുള്ള സംവാദങ്ങൾ കടലാസിലൊതുങ്ങാനുള്ളതല്ല, മറിച്ച് ജീവിതത്തിൽ പകർന്നു കൊടുക്കേണ്ടതാണെന്ന ഉറച്ച ബോധ്യം പിതാവിനുണ്ട്. മറ്റു സഭാവിഭാഗങ്ങളിൽപെട്ടവർക്ക് പള്ളി പണിയാനും സെമിത്തേരിക്കായും സ്ഥലം സൗജന്യമായി വിട്ടു നൽകിയതും, കലാലയങ്ങളിൽ മറ്റു സഭകളിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകിയതുമെല്ലാം പിതാവിന്റെ ഉന്നതമായ സഭൈക്യദർശനത്തിന്റെ പ്രായോഗിക തെളിവുകളാണ്.

മതസൗഹാർദ്ദവും കക്ഷി രാഷ്ട്രീയാതീതമായ നിലപാടുകളും

മറ്റുമതങ്ങളോട് ഹൃദ്യമായ ആദരവാണ് പിതാവിനുള്ളത്. സമൂഹത്തിൽ ഏതെങ്കിലും കാരണത്താൽ വേർതിരിവുണ്ടാകുന്നത് പിതാവിന് അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. മതത്തിന്റെയോ വർഗ്ഗത്തിന്റെയോ പേരിൽ ഏതെങ്കിലും വിഭാഗീയത സൃഷ്ടിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടാൽ, ഗവൺമെന്റ് സംവിധാനങ്ങൾ താല്പര്യമെടുക്കുന്നതിന് മുൻപുതന്നെ അത് ദൂരീകരിക്കാനുള്ള ചർച്ചകൾക്ക് പിതാവ് മുൻകൈയെടുക്കാറുണ്ട്. എല്ലാ മത-സാമുദായിക നേതാക്കന്മാരുമായും നല്ല ഹൃദയാടുപ്പം സൂക്ഷിക്കുന്ന പിതാവ്, വെറുപ്പുളവാക്കുന്ന വാക്കുകൾ പറഞ്ഞ് സാമൂഹിക സൗഹൃദം തകർക്കാൻ ശ്രമിക്കുന്ന തിന്മയുടെ ശക്തികൾക്കുമുൻപിൽ മതസൗഹാർദ്ദത്തിന്റെ പ്രവാചകനായി നിലകൊള്ളുന്നു.

ഉപാധികളില്ലാത്ത നീതിബോധമാണ് പിതാവിന്റെ രാഷ്ട്രീയമെന്നു തോന്നിയിട്ടുണ്ട്. കക്ഷി രാഷ്ട്രീയത്തിനതീതമായ രാഷ്ട്രീയ ബന്ധങ്ങളാണ് അദ്ദേഹത്തിനുള്ളത്. നീതിനിഷേധങ്ങൾക്കെതിരെ കക്ഷിഭേദമന്യേ വിമർശനങ്ങൾ ഉന്നയിക്കുമ്പോഴും, എല്ലാ രാഷ്ട്രീയ കക്ഷികളിലുള്ളവരുമായും പിതാവ് നല്ല വ്യക്തിബന്ധം സൂക്ഷിക്കുന്നു.

നാടാർ സമുദായത്തിന് സംവരണ പദവി നേടിയെടുക്കുന്നതിലെ നിർണ്ണായകപങ്ക്

തിരുവനന്തപുരം മേജർ അതിരൂപതയുടെ ചുമതല ഏറ്റെടുത്തയുടനെ പിതാവിന്റെ ശ്രദ്ധയിൽപെട്ട പ്രധാനപ്പെട്ട കാര്യമായിരുന്നു തന്റെ അതിരൂപതയിലെ അനേകം മക്കൾക്ക് സഭയിൽ അംഗമായതിന്റെ പേരിൽ സംവരണാവകാശങ്ങൾ നിഷേധിക്കപ്പെടുന്നു എന്നത്. കേരളത്തിലെ നാടാർ സമുദായത്തിന് (പ്രത്യേകിച്ച് ക്രിസ്ത്യൻ നാടാർ വിഭാഗങ്ങൾക്ക്) അർഹമായ സംവരണ പദവി ലഭിക്കുന്നതിനായി ശക്തമായ നേതൃത്വപരമായ ഇടപെടലുകൾ നടത്തിയ വ്യക്തിയാണ് അഭിവന്ദ്യ ബാവാതിരുമേനി.

മലങ്കര കത്തോലിക്കാ സഭയുടെ തലവൻ എന്ന നിലയിൽ, തന്റെ സഭയിലെ മക്കൾക്ക് മാത്രമല്ല നാടാർ സമുദായത്തിലെ എല്ലാവർക്കും സാമൂഹികവും വിദ്യാഭ്യാസപരവുമായ സംവരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പിതാവ് നിരന്തരമായ പ്രക്ഷോഭങ്ങൾക്കും നിവേദനങ്ങൾക്കും നേതൃത്വം നൽകി. സർക്കാരുകളിൽ നിന്ന് നീതി വൈകിയപ്പോൾ സമുദായത്തോടൊപ്പം ഉറച്ചു നിൽക്കുകയും ശക്തമായ രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. ഒടുവിൽ ക്രിസ്ത്യൻ നാടാർ വിഭാഗത്തെ ഒബിസി (OBC) പട്ടികയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവുകൾ ഉണ്ടായപ്പോൾ, സമുദായത്തിന്റെ അവകാശ

www.malankaralibrary.com

ങ്ങൾക്കായി നടത്തിയ ആ പോരാട്ടങ്ങളിൽ നിർണ്ണായകമായ നേതൃത്വവും ധാർമ്മിക പിന്തുണയുമാണ് പിതാവ് നൽകിയത്.

ഉപസംഹാരം

ഇങ്ങനെ ആഗോള കത്തോലിക്കാ സഭയിലും, ഇന്ത്യൻ സാമൂഹിക മണ്ഡലങ്ങളിലും, വിശേഷിച്ചും കേരളീയ പൊതുസമൂഹത്തിലും നമ്മുടെ സഭയുടെ അഭിമാനസ്തംഭമായി പിതാവ് ശോഭിക്കുന്നു. വിവിധ മത-സാമുദായിക സമൂഹങ്ങൾക്കിടയിൽ നിലനിൽക്കുന്ന സൗഹൃദവും ഹൃദ്യമായ മനുഷ്യബന്ധങ്ങളും ദൃഢപ്പെടുത്താൻ പരിശ്രമിക്കുന്ന സൗഹാർദ്ദത്തിന്റെ കാവൽക്കാരനാണ് അഭിവന്ദ്യ പിതാവ്.

സത്യത്തെ പുൽകുവാൻ ധൈര്യം കാണിച്ച ധന്യൻ മാർ ഈവാനിയോസ് പിതാവിലൂടെ ദൈവം പ്രത്യേകമായി പരിപാലിച്ചു വളർത്തിയ ഒരു സഭയുടെ പിൻതലമുറക്കാരാണ് നമ്മൾ. സമുദായത്തിന്റെ അംഗബലംകൊണ്ട് കരുത്തുതെളിയിക്കാൻ മത്സരിക്കുന്ന പൊതുസമൂഹത്തിൽ പിൻതള്ളപ്പെട്ടു പോകാൻ സാധ്യതയുണ്ടായിരുന്ന ഒരു കൂട്ടായ്മയെ നേതൃബലം നൽകി അനുഗ്രഹിച്ചുകൊണ്ടാണ് ദൈവം നമ്മെ കാലാകാലങ്ങളിൽ പരിപാലിച്ചത്. അനുഗൃഹീതരായ ഇടയന്മാരെ നൽകിക്കൊണ്ട് നമ്മെ അനുഗ്രഹിക്കുന്ന ദൈവസ്നേഹത്തിന് നമുക്ക് നന്ദി പറയാം.

ഓരോ ദിവസവും ഒരു സംവത്സരത്തിന്റെ മാറ്റങ്ങൾ സമ്മാനിക്കുന്ന ഈ അതിവേഗകാലത്തിൽ, പരിശുദ്ധാത്മാവിന്റെ കൈപിടിച്ചുകൊണ്ട് കാലോചിതമായ നേതൃത്വമാണ് അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ നമ്മുടെ സഭയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നത്. വർണ്ണനാതീതമായ ആത്മീയ ഔന്നത്യവും മാതൃകാപരമായ സേവനനിരതയും കൊണ്ട് കേരളീയ പൊതുസമൂഹത്തിനും ആഗോള സഭയ്ക്കും ഒരുപോലെ വെളിച്ചമേകുന്ന കർദ്ദിനാൾ മാർ ബസേലിയോസ് ക്ളീമിസ് കാതോലിക്ക



ബാവാ തിരുമേനിയുടെ കാൽ നൂറ്റാണ്ടു കാലത്ത പൗരോഹിത്യ - മെത്രാഭിഷേക ശുശ്രൂഷകൾ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ചരിത്രരേഖയാണ്. സഭയുടെ അതിരുകൾക്കപ്പുറം പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സാധാരണക്കാരുടെയും ഉന്നതിക്കായി ജീവിതം ഉഴിഞ്ഞുവെച്ച ആ പിതാവിന്റെ ദീർഘവീക്ഷണവും നിസ്വാർത്ഥ സേവനവും വരുംതലമുറകൾക്ക് എക്കാലവും വലിയൊരു പ്രകാശഗോപുരമായിരിക്കും.

www.malankaralibrary.com

ദൈവപരിപാലനയുടെ ചൂണ്ടുവിരൽ



രാജു മാത്യു
ബ്യൂറോ ചീഫ്, മലയാള മനോരമ, കോട്ടയം

www.malankaralibrary.com

കാതോലിക്കാ ബാവായുടെ വലതു കയ്യിലെ ചൂണ്ടുവിരൽ തന്നെ ദൈവപരിപാലനയുടെ കൈചൂണ്ടിയാണ്. ദൈവാനുഗ്രഹത്തിന്റെ അടയാളത്തിനൊപ്പം ദൈവനടത്തിപ്പിന്റെ അദ്ഭുത വഴികളിലേക്കു കൂടിയാണ് ആ വിരൽ ചൂണ്ടുന്നത്. നന്നേ ചെറുപ്പത്തിൽ ആശാരിയുടെ അറക്കവാൾ കൊണ്ട് ആ ചൂണ്ടുവിരൽ അറ്റുതൂങ്ങി. എന്നാൽ ആശുപത്രിയിൽ എത്തിയപ്പോൾ അമ്മ അന്നമ്മ ആ വിരൽഭാഗം അതു തുന്നിപ്പിടിപ്പിക്കണമെന്ന് വാശിപിടിച്ചു. അങ്ങനെ ചെയ്തതുകൊണ്ട് ബാവാ വൈകല്യമില്ലാത്ത ആളായി. പിന്നീട് സെമിനാരിയിൽ പ്രവേശനം കിട്ടുന്നതിന് ഇതു മൂലം തടസ്സം നേരിട്ടില്ല. വൈകല്യമുള്ളവർക്ക് വൈദികപട്ടം നൽകില്ലെന്ന പഴയ രീതിയായിരുന്നെങ്കിൽ ഒരുപക്ഷേ വൈദികവിളിയുടെ വാതിൽ അന്നേ അടഞ്ഞേനെ.

നിന്റെ അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാകും മുൻപേ ഞാൻ നിന്നെ അറിയുന്നു എന്ന് വിശുദ്ധ ബൈബിളിൽ ജെറമിയ (1:5) പ്രവാചകനോട് ദൈവം അരുളിയതിന്റെ നേർസാക്ഷ്യം പോലെ. എല്ലാം അറിയുന്ന ദൈവം ഒരു അജപാലകനെ രൂപപ്പെടുത്തിയതിന്റെ ഓർമപ്പെടുത്തൽ കൂടിയാണ് ആ സംഭവം. മറ്റൊരിക്കൽ വിമാനാപകടത്തിൽ നിന്ന് ദൈവം കൈവെള്ളയിൽ താങ്ങിയതു പോലെ ബാവാ രക്ഷപ്പെട്ട സംഭവവും ഉണ്ടായി. ദൈവപരിപാലനയുടെ വഴികൾ അജ്ഞാതമാണെന്ന് ലോകത്തിന് ബോധ്യപ്പെടാനെന്ന പോലെ ആ സംഭവവും ബാവായുടെ ജീവചരിത്രത്തിൽ കൃതജ്ഞതയുടെ അധ്യായമാവുന്നു.

മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ എന്ന നീണ്ട പേരു പണ്ട് വളരെ കുഞ്ഞായിരുന്നു. വീട്ടുകാർക്കും നാട്ടുകാർക്കും പ്രിയപ്പെട്ട കുഞ്ഞ്. മല്ലപ്പള്ളി കുന്നന്താനം മുക്കൂർ പവ്വത്തിക്കുന്നേൽ കുടുംബത്തിൽപ്പെട്ട തോട്ടുങ്കൽ വീട്ടിൽ അധ്യാപകൻ ടി.എം മാത്യുവിന്റെയും ആനിക്കാട് വടക്കേടത്ത് അന്നമ്മയുടെയും ഏഴു മക്കളിൽ നാലാമനായിരുന്നു കുഞ്ഞ്. കുറവിലങ്ങാട് പകലോമറ്റം വംശാവലിയിൽപ്പെട്ട ഒൻപതാം തലമുറയിലെ കണ്ണി. മലങ്കര ഓർത്തഡോക്സ് സഭയിലെ പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസിയോസ് തിരുമേനിയുമായും വള്ളിക്കാട്ട് ഗീവർഗീസ് ബാവാ തിരുമേനിയുമായും ബന്ധമുള്ള കുടുംബത്തിലെ അംഗം. കുഞ്ഞെന്ന് വിളിപ്പേരുള്ള ഐസക് നന്നേ ചെറുപ്പത്തിൽ തന്റെ ദൈവവിളി തിരിച്ചറിഞ്ഞു. സെമിനാരി വിദ്യാഭ്യാസത്തിന് ശേഷം ബത്തേരി രൂപതയിലെ മിഷൻ പ്രവർത്തനങ്ങളിൽ സജീവപങ്കാളിയായി. സെമിനാരിയിൽ പഠിച്ച ദൈവശാസ്ത്രം മനുഷ്യർക്കിടയിൽ ജീവിച്ചു പരിശീലിച്ച നാളുകൾ. പിന്നീട് എക്യുമെനിസം പഠനത്തിന് റോമിൽ നിന്ന് നേടിയ ഡോക്ടറേറ്റും അദ്ദേഹത്തിന് പുസ്തകത്താളുകളിൽ എഴുതിയിടാനുള്ളതായിരു



www.malankaralibrary.com

ന്നില്ല. ദൈവവിശ്വാസമുള്ള എല്ലാവരെയും ജാതി-മത-വർഗ വ്യത്യാസമില്ലാതെ ഉൾക്കൊള്ളാനും ഉൾച്ചേർത്തു നിർത്താനുമുള്ള ദർശനബലമായിരുന്നു. ആ ഉറച്ച ബോധ്യങ്ങളുടെ വെളിച്ചത്തിലാണ് ഒരിക്കൽ തിരുവല്ലയിലെ അരമനപ്പടിക്കൽ കുടിൽകെട്ടി സമരം നടത്തിയ സിപിഎം പ്രവർത്തകർക്കിടയിലേക്ക് ചെന്ന് പ്രസംഗിക്കാനും ഒടുവിൽ അവരെയും തന്റെ പക്ഷം ചേർത്തു നിർത്താനും ബാവായ്ക്കു കഴിഞ്ഞത്.

കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ടപ്പോഴും ഭാരതത്തിന്റെ പ്രത്യേകിച്ച് കേരളത്തിന്റെ മതമൈത്രിയുടെ സന്ദേശമാണ് അദ്ദേഹം റോമിന്റെ അകത്തളങ്ങളിൽ ഉയർത്തിക്കാട്ടിയത്. ഇതര മതവിഭാഗത്തിലെ പ്രതിനിധികളെയും ബാവാ അതിഥികളായി സ്ഥാനാരോഹണചടങ്ങിൽ പങ്കെടുപ്പിച്ചു. യാക്കോബായ സഭയിലെ ജോസഫ് മാർ ഗ്രിഗോറിയോസ് തിരുമേനി സമ്മാനിച്ച കുരിശുമാല അണിഞ്ഞാണ് അദ്ദേഹം കർദിനാൾ സ്ഥാനം ഏൽക്കാൻ പോയതും. ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ അന്നത്തെ കർദ്ദിനാൾ ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തെ ഏറ്റവും സാക്ഷരതയുള്ള സംസ്ഥാനത്തിന്റെ ഏറ്റവും സുന്ദരമുഖം ലോകത്തിനു മുന്നിൽ വരച്ചു കാട്ടുക കൂടിയായിരുന്നു അന്ന്. മനുഷ്യരുടെ മനസ്സറിയുന്നതു പോലെ തന്നെ നർമത്തിന്റെ മർമ്മവും ബാവായ്ക്ക് അറിയാം. ഒറ്റവാക്കു കൊണ്ട് ഒരു സന്ദർഭത്തെയും സംഘർഷത്തെയും മാറ്റിമറിക്കുന്ന ജാലവിദ്യ അദ്ദേഹം പലപ്പോഴും കാട്ടിയിട്ടുണ്ട്. അതുകൊണ്ടു തന്നെ പല അവസരങ്ങളിലും വിഘടിച്ചു നിൽക്കുന്ന മനുഷ്യർക്കിടയിലും സമൂഹങ്ങൾക്കിടയിലും പാലമാകാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ തിരുസന്നിധിയുടെ വാതിലുകൾ വിവിധ മതസ്ഥർക്കു മുന്നിലും വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾക്കു മുന്നിലും പ്രത്യാശയുടെ പ്രവേശനകവാടമാകുന്നത് അതുകൊണ്ടു കൂടിയാണ്. ഉറക്കെപ്പറയേണ്ടിടത്ത് നിലപാടുകൾ ആർജവത്തോടെ പറയാനും ചേർത്തു നിർത്തേണ്ടവരെ ഹൃദയപൂർവം അടുപ്പിച്ചു നിർത്താനും ബാവായ്ക്കു സാധിക്കുന്നു. രാഷ്ട്രതന്ത്രജ്ഞതയുടെ (സ്റ്റേറ്റ്സ്മാൻഷിപ്പ്) ആൾരൂപമായതു കൊണ്ടു കൂടിയാണ് ബദ്ധവൈരികൾ പോലും അദ്ദേഹത്തിന് ഇരുപുറവും ഒരുമയോടെ നിൽക്കുന്നത് കേരളം കാണുന്നത്.

സ്നേഹത്തിന്റെ കവിഞ്ഞൊഴുക്കായ ദയയും സ്നേഹം പ്രവർത്തിപഥത്തിലാകുന്ന പരോപകാരവും ചെയ്യാൻ ബാവായ്ക്ക് ജാതി-മത-വർണ-വർഗ വ്യത്യാസങ്ങളുടെ വേർതിരുവുകളില്ല. ഓഖി ചുഴലിക്കാറ്റും പ്രളയവും കോവിഡ് മഹാമാരിയും താണ്ഡവമാടിയ നാളുകളിൽ അദ്ദേഹം രക്ഷാപ്രവർത്തനങ്ങൾക്ക് മുന്നിട്ടു നിന്നത് നാട് കണ്ടതാണ്. ഓരോ ജൂബിലി വർഷവും ഓരോ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും തുടക്കമിടാൻ ബാവാ ശ്രദ്ധിക്കുന്നു. ഭവന പദ്ധതിയായും വിദ്യാർഥികളുടെ സ്കോളർഷിപ്പായും ജീവകാരുണ്യം സാധുക്കളിലേക്ക് ഒഴുക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു. സാധുക്കൾക്കായി ദൈവത്തിനു മുന്നിലും മനുഷ്യർക്കു മുന്നിലും കൈകൾ വിരിക്കാൻ അദ്ദേഹത്തിന് മടിയില്ല. സ്വർഗം ചായ്ച്ചും ഹൃദയം ചേർത്തും ദൈവവും മനുഷ്യരും അതിന് മറുപടിയേകുന്നത് സഭയും സമൂഹവും അദ്ഭുതാദരങ്ങളോടെ നോക്കി നിൽക്കുന്നു.

ക്രൈസ്തവദർശനങ്ങളെക്കുറിച്ച് ആഴത്തിലുള്ളതും കത്തോലിക്കാ വിശ്വാസത്തെക്കുറിച്ച് കറതീർന്നതുമായ ബോധ്യം ബാവായുടെ ചിന്തകളിലും വാക്കുകളിലും ഉടനീളം ജ്വലിതമാണ്. ഗാംഭീര്യമുള്ള ശബ്ദം കൊണ്ടും തെളിച്ചമുള്ള വാക്കുകൾ കൊണ്ടും അത് വരച്ചുകാട്ടാൻ ബാവായ്ക്കു പ്രത്യേക സിദ്ധിയുണ്ട്. കുഞ്ഞുങ്ങൾക്കരികെ കുഞ്ഞായിരിക്കാനും പണ്ഡിതർക്കിടയിൽ പണ്ഡിത പ്രമുഖനാകാനും അദ്ദേഹത്തിന് ഞൊടിയിടമതി. സ്വാഭാവികമായി അതിന് സാധിക്കുന്നിടത്താണ് ബാവാ സുന്ദരസുരഭില കാഴ്ചയാകുന്നത്.

www.malankaralibrary.com

അക്ഷരങ്ങളോടുള്ള ആഭിമുഖ്യം വിടാതെ കാക്കുന്നതു കൊണ്ട് ഇതിനകം പതിനൊന്നിലേറെ പുസ്തകങ്ങൾ രചിക്കാനും അദ്ദേഹത്തിന് സാധിച്ചു. എക്യുമെനിസം ജീവിച്ചു കാണിക്കാനും അദ്ദേഹത്തിന് സാധിക്കുന്നു. ഏറ്റവും ഒടുവിൽ ബാവാ രചിച്ച നീർച്ചോല തേടുന്ന മാൻപേട എന്ന പുസ്തകം ഇതിനെല്ലാം അടിവരയിടുന്നു. മാർത്തോമ്മാ സഭയിലെ സാധു കൊച്ചുകുഞ്ഞ് ഉപദേശിയോടൊപ്പമുള്ള ആത്മീയയാത്രയാണ് അക്ഷരാർഥത്തിൽ ആ പുസ്തകം. ഉപദേശിയുടെ ജീവിതത്തെ കത്തോലിക്കാ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ ആഴത്തിൽ വിലയിരുത്തുക കൂടിയാണ് ബാവാ. അവതാരികയിൽ ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്തയും കെസിബിസിയുടെ ആശംസയിൽ ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലും ബാവായെക്കുറിച്ച് എഴുതിയിരിക്കുന്ന വാക്കുകൾ ഉൾപ്പുളകത്തോടെ മാത്രമേ വായിക്കാൻ കഴിയൂ. ക്രൈസ്തവ വിശ്വാസത്തിന്റെ കാതൽ, ഈ ലോക ജീവിതത്തിന് അപ്പുറമുള്ള സ്വർഗീയ സൗഭാഗ്യങ്ങളെക്കുറിച്ചുള്ള വലിയ പ്രത്യാശയാണെന്നും ബാവാ ആ പുസ്തകത്തിൽ എഴുതിയിട്ടുണ്ട് സ്വർഗമെന്നത് ഭൗതികമായ അതിർത്തിയോ സ്ഥലമോ അല്ലെന്നും മനുഷ്യൻ ദൈവവുമായി പ്രാപിക്കുന്ന സമ്പൂർണവും അനശ്വരവുമായ ആത്മീയ ഐക്യമാണെന്നുമാണ്ബാവായുടെ ദർശനം.

ഈ ഭൂമിയിലെ ജീവിതം സ്വർഗീയ മഹത്വത്തിനായി സ്വയം ഒരുക്കാനുള്ള പരിശീലനക്കളരിയാണെന്ന് സമർഥിക്കുന്ന ബാവാ സ്നേഹം എന്ന പാഠത്തിലാണ് കാലാകാലങ്ങളായി നിലനിന്ന കൽപനകളെല്ലാം ക്രിസ്തുനാഥൻ ചുരുക്കിയതെന്നും ആ ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നു.

ക്ലീമീസ് എന്നാൽ മുന്തിരിവള്ളി എന്നാണർഥം. തായ്ത്തണ്ടിനോട് ചേർന്നു നിന്ന് അസംഖ്യം മധുരമുന്തിരിക്കുലകൾ സമൂഹത്തിനും സഭയ്ക്കും നൽകുന്ന സാക്ഷാൽ ദ്രാക്ഷാവള്ളിയാണ് ക്ലീമീസ് ബാവായെന്ന് മലങ്കര കത്തോലിക്കാ സഭാ മക്കൾക്ക് അഭിമാനിക്കാം.



www.malankaralibrary.com



കൂട്ടായ്മയുടെ കാവലാൾ



റവ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.
സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം

ധന്യൻ മാർ ഈവാനിയോസ് പിതാവിലൂടെ മലങ്കരസഭയിൽ ദൈവം ഒരുക്കിയ പുനരൈക്യത്തിന്റെ 96-ാം വാർഷിക സംഗമവേദിയായ ചെന്നൈയിലെ മാർ ഈവാനിയോസ് നഗറിനെ ലക്ഷ്യമാക്കിയുള്ള പ്രയാണത്തിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. 1930-ൽ ആരംഭിച്ച പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായിട്ടുള്ള ആത്മീയമായ ഒരുക്കങ്ങൾ സഭാമക്കളായ നമുക്ക് കൂടുതൽ ഉണർവ്വും ഉത്സാഹവും നൽകുന്നു. ശതാബ്ദി വർഷാചരണത്തോടു ചേർന്ന് വചന വർഷവും (2024-25), ആരാധനാ വർഷവും (2025-26) പിന്നിട്ട് ഉപവിയുടെ വർഷാചരണ പ്രഖ്യാപനം (2026-27) ഈ വരുന്ന പുനരൈക്യ വാർഷിക ആഘോഷങ്ങളോടുചേർന്ന് നടത്തുമ്പോൾ എത്രമാത്രം പ്രാധാന്യത്തോടെയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യശതാബ്ദിയ്ക്കായി ഒരുങ്ങുന്നത് എന്നുള്ള ഓർമ്മപ്പെടുത്തൽ മലങ്കര സഭാമക്കളായ നമ്മെ കൂടുതൽ വിനയാന്വിതരും അഭിമാന പുളകിതരുമാക്കുന്നു.

www.malankaralibrary.com

ആഗസ്റ്റ് 15 സഭാമക്കളായ നമ്മെ സംബന്ധിച്ച് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ദിവസമാണ്. അതോടൊപ്പം, ഭാരതീയരായ നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനത്തോടെയും വികാരവായ്പ്പോടെയുമാണ് സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 ആഘോഷിക്കുന്നത്. ബഥനി സന്ന്യാസി സമൂഹത്തെ സംബന്ധിച്ച് ആഗസ്റ്റ് 15 ബഥനിയുടെ സ്ഥാപകദിനമാണ്. എന്തുകൊണ്ടും പ്രത്യേകമായി അടയാളപ്പെടുത്തപ്പെട്ട സുദിനമാണ് ആഗസ്റ്റ് 15. 2025 ആഗസ്റ്റ് 15 മുതൽ 2026 ആഗസ്റ്റ് 15 വരെ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം, സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക രജതജൂബിലി വർഷമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ മെത്രാപ്പോലീത്തായും പ്രഥമ കതോലിക്കാബാവായുമായിരുന്ന മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായിൽ നിന്നും 2001 ആഗസ്റ്റ് 15-ന് പുനരൈക്യത്തിന്റെ പുണ്യഭൂമികയായ തിരുമൂലപുരത്തു വച്ച് മേൽപ്പട്ടസ്ഥാനത്തേക്ക് ഉയിർത്തപ്പെട്ട അഭിവന്ദ്യ ക്ലീമീസ് പിതാവ് തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാനായും, അമേരിക്ക-യൂറോപ്പ് മേഖലയുടെ അപ്പസ്തോലിക് വിസിറ്റേറ്ററുമായിട്ടാണ് നിയമിതനായത്. തുടർന്ന്, 2003-ൽ തിരുവല്ലാ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായും, പിന്നീട് 2006-ൽ തിരുവല്ലാ ഭദ്രാസനം അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ തിരുവല്ല അതിരൂപതയുടെ പ്രഥമ ആർച്ചുബിഷപ്പായും നിയോഗിക്കപ്പെട്ടു. 2007-ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ കാതോലിക്കാബാവ ആയിരുന്ന മോറാൻ മോർ സിറിൽ ബസേലിയോസ് പിതാവിന്റെ ദേഹവിയോഗത്തെ തുടർന്ന് സഭയുടെ സുന്നഹദോസ് മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഇദംപ്രഥമായി പുതിയ കാതോലിക്കാ ബാവായുടെ തെരഞ്ഞെടുപ്പ് നടത്തുകയും



പരിശുദ്ധ ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയുടെ കൈയ്യൊപ്പോടുകൂടി വന്ദ്യ ക്ലീമീസ് പിതാവിനെ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കയായി തെരഞ്ഞെടുക്കുകയും തുടർന്ന്, സ്ഥാനാരോഹണം നടത്തുകയും ചെയ്തു. കഴിഞ്ഞ 25 വർഷങ്ങൾ മേൽപ്പട്ട ശുശ്രൂഷയിലൂടെ വളരെ ശ്രദ്ധേയമായ ആത്മീകവും സാമൂഹികവുമായ ഇടപെടലുകളിലൂടെ സഭയെ നയിക്കുന്ന അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി ഈ നാടിന്റെ ആഘോഷമായി മാറുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്.

"ഞാൻ നിങ്ങൾക്ക് എന്റെ മനസിനൊത്ത ഇടയന്മാരെ നൽകും. അവർ നിങ്ങളെ ജ്ഞാനത്തോടും വിവേകത്തോടും കൂടെ മേയിക്കും" (ജെറ. 3:15) എന്നുള്ള ദൈവത്തിന്റെ വാഗ്ദാനം നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം എത്രമാത്രം അന്വർത്ഥമായി മാറുന്നുവെന്നുള്ളത് മലങ്കര സഭാചരിത്രത്തിലെ ഓരോ സംഭവങ്ങളോടും ചേർന്നും സുവർണലിപികളിൽ അടയാളപ്പെടുത്തപ്പെട്ട നിമിഷങ്ങളാണ്. 1930-ലെ പുനരൈക്യത്തിനു ശേഷമുള്ള മലങ്കര സുറിയാനി കാത്തോലിക്കാസഭയുടെ ക്ലേശകരമായ നാളുകളിൽ ഏൽക്കേണ്ടിവന്ന ആക്ഷേപങ്ങളുടെയും

www.malankaralibrary.com

പരിഹാസങ്ങളുടെയും നടുവിൽ ദൈവം നമ്മുടെ സഭയെ ഉയർത്തി വളർത്തി വലുതാക്കി നയിക്കുന്നത് അഭിമാനത്തോടെയും സ്വത്വബോധത്തോടെയുമാണ് നമ്മൾ കാണുന്നത്. വഴക്കും കോടതിവിധികൾ കൊണ്ടും പൊതുസമൂഹത്തിന്റെ മുമ്പിൽ പരിഹാസിതരായ സഭാസമൂഹങ്ങളുടെ നടുവിൽ ക്രിസ്തുശിഷ്യനായ വിശുദ്ധ തോമാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകത്തോടുചേർന്ന് സ്ഥാപിതമായതും ശിഷ്യന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തോടു ചേർക്കപ്പെട്ടതുമായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാൾവഴികൾ എന്തുകൊണ്ടും വ്യത്യസ്തമാണ്. നമ്മൾ ഇന്ന് അനുഭവിക്കുന്ന ഈ ആത്മീയ അനുഗ്രഹങ്ങളുടെ മുമ്പിൽ മലങ്കര കത്തോലിക്കരായ നമ്മൾ നമ്രശിരസ്കരാകുകയാണ്. 1930-ലെ പുനരൈക്യത്തോടുകൂടി ധന്യൻ മാർ ഈവാനിയോസ് പിതാവ് ലക്ഷ്യം വച്ച 'സാർവ്വലോക പുനരൈക്യ'ത്തിലേക്കുള്ള പ്രയാണത്തിൽ പുണ്യപിതാവിനുശേഷം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 41 വർഷങ്ങളും, തുടർന്നുവന്ന സിറിൽ മാർ ബസേലിയോസ് പിതാവിന്റെ 12 വർഷങ്ങളും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രത്തെ മാത്രമല്ല മറിച്ച്, പൊതുസമൂഹത്തെയും ഏറെ നന്മകൾകൊണ്ട് പൊതിഞ്ഞു നിർത്തിയ സമയമായിരുന്നു.

അടയാളമായിട്ടാണ് നമ്മൾ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അംഗങ്ങളുടെ എണ്ണം നോക്കിയല്ല ദൈവം തന്റെ അനന്തമായ കൃപയെ വർഷിച്ചിട്ടുള്ളത്. പുനരൈക്യത്തിലൂടെ സാർവ്വത്രിക സഭാകൂട്ടായ്മയിലേക്ക് പ്രവേശിച്ച മലങ്കരസഭയെ ദൈവം ആഗോള സഭയിൽ എത്രമാത്രം എടുത്തുയർത്തിയെന്നുള്ളത് നമ്മുടെ സഭയ്ക്ക് തമ്പുരാന്റെ ഹൃദയഭാഗത്ത് സ്ഥാനമുണ്ടെന്നുള്ളതിന്റെ കാണേണ്ടത്. ശിഥിലമായിക്കൊണ്ടിരിക്കുന്ന സഭാസമൂഹങ്ങളുടെ നടുവിൽ 'അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യക്തിഗത സഭയെന്നുള്ള' വിശേഷണം വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായിലൂടെ ഈ സഭയ്ക്ക് ലഭിച്ചത് ദൈവത്തിന്റെ കൈയ്യൊപ്പ് ഈ സഭയ്ക്ക് ഉള്ളതുകൊണ്ടാണ്. ധന്യൻ മാർ ഈവാനിയോസ് പിതാവ് രോഗബാധിതനായി ഈ ലോകത്തോട് വിട പറയുവാൻ പോകുന്നു എന്നു തോന്നിയ നിമിഷത്തിൽ പ്രത്യേകിച്ച് ഈ സഭയെ നയിക്കുവാൻ ഒരു പിൻഗാമിയെപ്പോലും വാഴിക്കുവാൻ സാധിച്ചില്ലായെന്നുള്ള ആക്ഷേപശരങ്ങൾ കേൾക്കേണ്ടിവരുമായിരുന്ന സാഹചര്യത്തിൽ, ഒരു ഫീനിക്സ് പക്ഷിയെപ്പോലെ മരണക്കിടക്കയിൽ നിന്നും എഴുന്നേറ്റ് 37 വയസ്സ് മാത്രം



www.malankaralibrary.com

പ്രായമുള്ള ബെനഡിക്റ്റ് എന്ന ബഥനി ആശ്രമ സന്ന്യാസ വൈദികനെ മെത്രാനായി അഭിഷേകം ചെയ്യുവാനുള്ള അത്ഭുതകരമായ കൃപ ദൈവം മാർ ഈവാനിയോസ് പിതാവിന് നൽകി. നാല് ശതാബ്ദകാലത്തിലധികമായി അനന്തപുരിയുടെ ഹൃദയഭാഗത്ത് ആയിരുന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയെ മാത്രമല്ല, കേരള സഭയെയും ഭാരതസഭയെയും പൊതുസമൂഹത്തെയും തന്റെ സന്ന്യാസ പ്രഭാവലയംകൊണ്ട് ധന്യമാക്കുകയും ചെയ്ത ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കാലഘട്ടം എന്തുകൊണ്ടും അവിസ്മരണീയമാണ്. നമ്മുടെ നാട്ടിൽ ശാന്തിയുടെയും സമാധാനത്തിന്റെയും ആത്മീയതയുടെ പര്യായമായി ഒരു ജ്യോതിർഗോളംപോലെ പിതാവ് പ്രശോഭിച്ചു. എല്ലായിടത്തും സമാധാന സംവാഹകനായി ഓടിയെത്തിയ പിതാവിന്റെ സാന്നിധ്യം പകരം വെയ്ക്കാനില്ലാത്തതായിരുന്നുവെന്ന് കക്ഷി-രാഷ്ട്രീയ ഭേദമെന്യ പൊതുസമൂഹം തിരിച്ചറിഞ്ഞു.

അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവിന്റെ ദേഹവിയോഗത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് മാത്രമല്ല കേരളത്തിനും ഭാരതത്തിനുമുണ്ടായ ശൂന്യത അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിനെ നിയോഗിച്ചുകൊണ്ട് ദൈവം വീണ്ടെടുത്തു. ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ശുശ്രൂഷ വന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിലൂടെ തുടരുന്നതാണ് സഭാമക്കളായ നമ്മൾ തുടർന്നു കാണുന്നത്. ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം മലങ്കര കത്തോലിക്കാസഭയുടെ അമരക്കാരനായി ബഥനിയിലൂടെ ആർജ്ജിച്ചെടുത്ത ആത്മീയതയിലും സഭാത്മകമായ കാഴ്ചപ്പാടിലും അതോടൊപ്പം ബൗദ്ധികതയിലും ജ്വലിച്ചുനിന്ന പ്രഥമ കതോലിക്കാബാവാ ആയിരുന്ന സിറിൽ മാർ ബസേലിയോസ് പിതാവിന്റെ വേർപാട് നമ്മുടെ സഭയെ വീണ്ടും ഒരു അസാധാരണ സാഹചര്യത്തിലേക്ക് കൊണ്ടുവന്നപ്പോഴാണ് ആരും പ്രതീക്ഷിക്കാത്തവിധത്തിലുള്ളദൈവത്തിന്റെ ഇടപെടൽ ഉണ്ടാകുന്നത്. മാനുഷികമായ പരിഗണനകളും കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട് മെത്രാഭിഷേകത്തിന്റെ 6 വർഷങ്ങൾ മാത്രം പിന്നിട്ട് 48 വയസ്സുമാത്രം പ്രായമുള്ള ചെറുപ്പക്കാരനായ അഭിവന്ദ്യ ക്ലീമിസ് പിതാവിനെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അമരക്കാരനായി, മലങ്കര കത്തോലിക്കാസഭയുടെ സുന്നഹദോസിലൂടെ ദൈവം തെരഞ്ഞെടുക്കുന്നു. ദൈവത്തിന്റെ തെരഞ്ഞെടുപ്പിന് മുമ്പിൽ എല്ലാവരും സ്തതംബ്ധമായി നിൽക്കുന്ന അനുഭവമാണ് ഇവിടെയും നമ്മൾ കാണുന്നത്. സംശയങ്ങളും ചോദ്യങ്ങളുമൊക്കെ ബാക്കിയാക്കി ഈ ദൈവികനിയോഗത്തെ ഏറ്റെടുത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായി 19 വർഷവും, മേൽപ്പട്ട ശുശ്രൂഷയുടെ 25 വർഷങ്ങളും പൂർത്തിയാക്കുമ്പോൾ ദൈവം ഒരു ഇടയശ്രേഷ്ഠനെ വഴിനടത്തുന്നതിന്റെ ചരിത്രം മാത്രമല്ല മറിച്ച്, ദൈവം തെരഞ്ഞെടുത്ത മലങ്കര കത്തോലിക്കാ സഭയെ എപ്രകാരമാണ് വഴി നടത്തുന്നതെന്നുള്ള ദൈവത്തിന്റെ അത്ഭുതകരമായ പദ്ധതിയാണ് നമ്മൾ കാണുന്നത്.

ആഗോളസഭയിലും പൊതുസമൂഹത്തിലും 'കൂട്ടായ്മയുടെ സാക്ഷ്യം' നൽകുവാനുള്ള വിളിയാണ് ഒരു വ്യക്തിഗത സഭയായ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് പ്രത്യേകമായി ലഭിച്ചിട്ടുള്ളത്. ധന്യൻ മാർ ഈവാനിയോസ് പിതാവിലൂടെ സ്വർഗ്ഗം വെളിപ്പെടുത്തി നൽകിയ ഈ വിളിയും നിയോഗവുമാണ് പുണ്യപിതാവിലൂടെ പുനരൈക്യം സാധിതമാകുന്നതിന് കാരണമായത്. സഭാജീവിതത്തിൽ പുനരൈക്യത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്താതെതന്നെ പൊതുസമൂഹത്തിൽ 'കൂട്ടായ്മയുടെ സാക്ഷ്യ'മായി നിലകൊള്ളുവാൻ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് എന്നും സാധിച്ചിട്ടുണ്ട്. ധന്യൻ മാർ ഈവാനിയോസ് പിതാവിലൂടെയും അഭിവന്ദ്യ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിലൂടെയും

www.malankaralibrary.com

അത്യഭിവന്ദ്യ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായിലൂടെയും മലങ്കര കത്തോലിക്കാ സഭയെ നയിച്ച പരിശുദ്ധാത്മാവ്, അത്യഭിവന്ദ്യ ക്ലീമീസ് കാതോലിക്കാ ബാവായിലൂടെയും തുടർന്നും അത്ഭുതകരമായി വഴി നടത്തുന്നത് നമ്മൾ കാണുകയാണ്.

മലങ്കര സുറിയാനി കത്തോലിക്കാസഭ ആഗോളസഭയിലും പൊതുസമൂഹത്തിലും 'കൂട്ടായ്മയുടെ സാക്ഷ്യ'മായിട്ടാണ് നിലകൊള്ളുന്നത്. എല്ലാവരേയും ചേർത്തുപിടിക്കുന്ന ഈ 'കൂട്ടായ്മ'യുടെ ശുശ്രൂഷയിൽ ഈ കാലഘട്ടത്തിന്റെ ശബ്ദമായും, അനിഷേധ്യസാന്നിധ്യമായും ദൈവം അഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായെ നിയോഗിച്ചിരിക്കുകയാണ്. പിതാവിന്റെ വാക്കുകളും ജീവിതശൈലിയുമെല്ലാം ഈ 'കൂട്ടായ്മയുടെ സാക്ഷ്യ'ത്തെ പ്രോജ്വലമാക്കുന്നതാണ്. മലങ്കര സുറിയാനി കാത്തോലിക്കാ സഭയുടെ തലവനും പിതാവും എന്ന നിലയിൽ പ്രാദേശിക വ്യത്യാസങ്ങൾക്കതീതമായി എല്ലാവരേയും ചേർത്തുനിർത്തുന്ന പിതാവിന്റെ ശുശ്രൂഷയുടെ ചാരുത ശ്രദ്ധേയമാണ്. താൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് അംഗസംഖ്യയിൽ കുറവുള്ള ഒരു ചെറിയ കൂട്ടായ്മയുടെ കാര്യനടത്തിപ്പുകാരനായിട്ട് മാത്രമല്ല എന്നുള്ള ദൈവിക ഉൾവിളി പിതാവിന്റെ വാക്കുകളിലും പ്രവർത്തനങ്ങളിലും എപ്പോഴും സുവിദിതമാണ്. വിശാലമായ അവിഭക്ത മലങ്കര സഭയിലെ (യാക്കാബോയ-ഓർത്തഡോക്സ്- മാർത്തോമ്മാ സഭകൾ) എല്ലാ പിതാക്കന്മാരുമായിട്ടും സഭാമക്കളുമായിട്ടുള്ള ബാവാ തിരുമേനിയുടെ ഊഷ്മളമായ ബന്ധം ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് പരിശുദ്ധാത്മ പ്രചോദനത്താൽ ലഭിക്കുന്ന വരദാനമായിട്ടുവേണം നമ്മൾ മനസ്സിലാക്കുവാൻ.



നമ്മുടെ നാടിന്റെ പൊതുമണ്ഡലത്തിൽ അത്യഭിവന്ദ്യ ബാവാ തിരുമേനിക്കുള്ള

www.malankaralibrary.com

സ്വീകാര്യത പ്രത്യേകിച്ച് മത-രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യ എല്ലാവരേയും ചേർത്തുനിർത്തി മുമ്പോട്ട് കൊണ്ടുപോകുവാനുള്ള വന്ദ്യപിതാവിനുള്ള പ്രത്യേകമായ വിളി ദൈവിക നിയോഗമായിട്ടാണ് പിതാവ് കാണുന്നത്. ഈ നിയോഗത്തിന്റെ പൂർത്തീകരണത്തിൽ തന്റെ മുമ്പിൽ നിൽക്കുന്ന എല്ലാ തടസ്സങ്ങളെയും പ്രതികൂലമായന്യായവാദങ്ങളെയുമൊക്കെ അതിജീവിക്കുവാനുള്ളആത്മീയമായകരുത്തും പിതാവിന്റെ ശുശ്രൂഷയെയും വ്യക്തിത്വത്തെയും വ്യതിരിക്തമാക്കുന്നതാണ്.

"അടഞ്ഞുപോയ വാതിലുകളെ തുറന്നിടുവാനുള്ള" ആഹ്വാനമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രത്യേകതയായി നമ്മൾ കാണുന്നത്. സഭയുടെ വളർച്ചയെ മുരടിപ്പിക്കുകയും, സഭാമക്കളെ ആത്മീയ ഊഷരതയിലേക്ക് നയിക്കുകയും ചെയ്യുന്ന ഘടകങ്ങളെ കണ്ടെത്തി അവയെ നവീകരിക്കാനുള്ള പരിശ്രമം ആഗോള സഭയിൽ ഒരു പുതിയ ആത്മീയവസന്തത്തിന് കാരണമായതുപോലെ സഭകളിലും പൊതുസമൂഹത്തിലുമൊക്കെ വിദ്വേഷത്തിന്റെയും ഭിന്നിപ്പിന്റെയും അലയടികൾ ഉയരുമ്പോൾ എല്ലാവരേയും ചേർത്തുനിർത്തി 'കൂട്ടായ്മയുടെ സാക്ഷ്യം' നൽകുന്ന പിതാവിനെയാണ് അത്യഭിവന്ദ്യ ബാവാതിരുമേനിയിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും ഈ സഭയിലെ പിതാക്കന്മാർക്കും ലഭിച്ച ഒരു പ്രത്യേക നിയോഗംപോലെ എക്കാലവും 'കൂട്ടായ്മയുടെ സാക്ഷ്യ'ത്തിന്റെ ശുശ്രൂഷ തുടരുവാൻ ദൈവം അനുയോജ്യരായ ഇടയന്മാരെ നൽകുന്നതിന്റെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണത്.

ഈ കാലഘട്ടത്തിൽ എല്ലാ സഭാമക്കളും പൊതുസമൂഹവും കേൾക്കുവാൻ ആഗ്രഹിക്കുന്നത് 'കൂട്ടായ്മയുടെയും ചേർത്തുപിടിക്കലിന്റെയും' അനുഭവമാണ്. ഇതിൽനിന്നും വ്യത്യസ്തമായിട്ടുള്ള വിഘടനത്തിന്റെയും വിഭജനത്തിന്റെയും മനോഭാവങ്ങളെ പൊതുസമൂഹം അവജ്ഞയോടെ തള്ളിക്കളയുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. പൊതുസമൂഹത്തിന്റെ മുമ്പിൽ അപ്രകാരമുള്ള സഭകളും സഭാധികാരികളും അപഹാസിതരാകുകയാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ വർഗ്ഗീയകോമരങ്ങൾ ഉറഞ്ഞുതുള്ളുന്ന ഈ കാലഘട്ടത്തിൽ 'കൂട്ടായ്മയുടെ സാക്ഷ്യം' നൽകുവാനുള്ള സഭയുടെയും ഇടയന്മാരുടെയും ദൈവികനിയോഗത്തെ അതിന്റെ പൂർണ്ണതയിൽ സാക്ഷാൽകരിക്കുവാൻ അഭിവന്ദ്യ ബാവാ തിരുമേനി ഏറ്റെടുക്കുന്ന ത്യാഗോജ്വലമായ ഇടപെടലുകൾക്ക് ലഭിക്കുന്ന സ്വീകാര്യത ഈ നാളുകളോട് ചേർന്ന് നമ്മുടെ നാട് തിരിച്ചറിഞ്ഞതിന്റെ ആദരവാണ് അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ജൂബിലി ആഘോഷവേളയിൽ പ്രകടമായത്. എല്ലാ ക്രൈസ്തവസഭകളുടെ മേലദ്ധ്യക്ഷന്മാരും പിതാക്കന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതാക്കളും, വിവിധ മതങ്ങളിൽ നിന്നുള്ള ശ്രേഷ്ഠരും, രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിൽ നിന്നുള്ളവരും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയും മന്ത്രിമാരും ജനപ്രതിനിധികളുമൊക്കെ ഈ നാട് ആഗ്രഹിക്കുന്ന പരസ്പരമുള്ള ചേർത്തുനിർത്തലിന്റെ സംഗമവേദിയായ ജൂബിലി ആഘോഷത്തിൽ പങ്കുകാരായി. ഇത് ബാവാ തിരുമേനിയ്ക്ക് മാത്രമല്ല, മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കിട്ടിയ ആദരവും അംഗീകാരവുമായി മാറുകയാണ്.

അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ തുടർന്നുള്ള ശുശ്രൂഷകളും നേതൃത്വവും അതിനോടു ചേർന്നുള്ള നിസ്തന്ത്രമായ പരിശ്രമങ്ങളും കൂട്ടായ്മാ മനോഭാവത്തോടു ചേർന്നു നിൽക്കുവാൻ ഇനിയും മടിച്ചുനിൽക്കുന്ന വ്യക്തികളെയും സഭകളെയും കൂട്ടിക്കൊണ്ടുവരുന്നതിനുള്ള ഈ നാടിന്റെ 'കൂട്ടായ്മയുടെ കാവലാൾ' ആയി എന്നും തുടരുന്നതിനുള്ള നാളുകളാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ജൂബിലിയുടെ ആശംസകളും പ്രാർത്ഥനകളും ഹൃദയപൂർവ്വം നേരുന്നു.

www.malankaralibrary.com



അനുഗ്രഹീത നേതൃത്വത്തിന്റെ കാൽനൂറ്റാണ്ട്



റവ. മദർ ഡോ. ലിഡിയാ ഡി.എം.
സുപ്പീരിയർ ജനറൽ, മേരി മക്കൾ സന്യാസിനീ സമൂഹം

ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ കാൽനൂറ്റാണ്ട് പിന്നിടുന്ന അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കാർദിനാൾ ക്ലീമിസ് കാതോലിക്ക ബാവ തിരുമേനിക്ക് മേരിമക്കൾ (Daughters of Mary) സന്യാസിനി സമൂഹത്തിന്റെ പ്രാർത്ഥനാ നിർഭരമായ രജത ജൂബിലി ആശംസകൾ ഹൃദയപൂർവ്വം നേരുന്നു.

www.malankaralibrary.com



ബാവാ തിരുമേനിയുടെ മേൽപ്പട്ട ശുശ്രൂഷയുടെ വൈവിധ്യമാർന്ന സൽഫലങ്ങളിൽ പങ്കുചേരാൻ സാധിച്ചു എന്നത് ഒരു ഭാഗ്യമായി ഞങ്ങൾ കരുതുന്നു. സഭയുടെ തലവനും പിതാവുമെന്ന നിലയിൽ ക്രിസ്തുവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലുള്ള പിതാവിന്റെ പങ്കുചേരലും സമർപ്പണവും മേരിമക്കൾ സമൂഹത്തിന് ദൈവകൃപയുടെ കൈവഴിയും ദൈവീക പദ്ധതിയുടെ വെളിപ്പെടലുമായി എന്നതിൽ ഞങ്ങൾ പിതാവിനോട് സദാ നന്ദിയുള്ളവരാണ്. ദൈവാശ്രയ ബോധത്തോടും ആർജ്ജവത്തോടും കൂടിയുള്ള പിതാവിന്റെ ജീവിത യാത്ര ഞങ്ങൾക്ക് എന്നും പ്രചോദനവും വഴികാട്ടിയുമാണ്.

വൈദികനായപ്പോൾ മുതൽ ബത്തേരി രൂപതയുടെ വളർച്ചയിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിയാണ് ബഹുമാനപ്പെട്ട ഐസക് തോട്ടുങ്കലച്ചൻ. ജീവിതത്തിൽ സൂക്ഷിച്ച വിശുദ്ധിയും ദൈവം നൽകിയ വിളിയോട് പുലർത്തിയ വിശ്വസ്തതയും ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങളിൽ അർപ്പിച്ച ആത്മാർത്ഥതയും പ്രതിബദ്ധതയും അങ്ങയെ മേൽപ്പട്ട സ്ഥാനത്തേക്കും സഭാ തലവൻ എന്ന ശുശ്രൂഷയിലേക്കും കർദ്ദിനാൾ പദവിയിലേക്കും ഉയർത്തിയെന്നത് ഏറ്റവും ശ്ലാഘനീയമാണ്.

ദൈവത്തോടും സഭയോടുമുള്ള നിർമലമായ വിശ്വസ്തതയും ദൈവ ജനത്തോടുള്ള സ്നേഹവും കരുതലും സന്യസ്തരിൽ പിതാവ് അർപ്പിക്കുന്ന വിശ്വാസവും പിതാവിന്റെ ശ്രേഷ്ഠാചാര്യ ശുശ്രൂഷയെ ധന്യവും അനന്യവുമാക്കുന്നു. ബന്ധങ്ങൾ ഊഷ്മളമായി കാത്തുസൂക്ഷിക്കാൻ പിതാവ് പ്രകടിപ്പിക്കുന്ന അനിതരസാധാരണമായ വൈഭവം ദൈവം പിതാവിനു നൽകിയ സവിശേഷ സിദ്ധിയാണ്. തന്റെ സൂക്ഷത്തിന്

www.malankaralibrary.com

ദൈവം ഭരമേല്പിച്ചവരെ പേര് ചൊല്ലി വിളിച്ചും അവർക്കുവേണ്ടി നിലകൊണ്ടും അക്ഷരാർത്ഥത്തിൽ 'ആടുകളുടെ മണമുള്ള ഇടയനായിത്തീരാൻ' പിതാവിന് എന്നും കഴിയുന്നുണ്ട്. വ്യക്തിബന്ധങ്ങൾക്ക് ഏറെ വില കൽപ്പിക്കുന്ന പിതാവ് താൻ ഒരിക്കൽ പരിചയപ്പെടുന്ന ആരെയും പിന്നീട് മറക്കാറില്ല. അതുപോലെ, പിതാവിനെ പരിചയപ്പെടുന്നവർ ഒരിക്കലും പിതാവിനെ മറക്കാത്ത വിധം അവരുടെ ജീവിതത്തെ സ്വാധീനിക്കാൻ പിതാവിന് കഴിയുന്നു എന്നതും അങ്ങിലുള്ള ദൈവിക നന്മയുടെ പ്രതിപ്രവർത്തനമായി ഞങ്ങൾ തിരിച്ചറിയുന്നു.

സൗമ്യമായ സംഭാഷണം. വശ്യമായ പെരുമാറ്റം, കരുണയും കുലീനത്വവും നിറഞ്ഞ ഇടപെടൽ എന്നിവ പിതാവിന്റെ ജീവിതത്തെ അനന്യവും ശ്രേഷ്ഠവുമാക്കുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള പ്രശസ്തരും പ്രഗൽഭരുമായവർ മുതൽ കൊച്ചുകുട്ടികൾ വരെ എല്ലാവരോടും ഹൃദ്യമായ ആത്മബന്ധം കാത്തുസൂക്ഷിക്കാൻ പിതാവിന് കഴിയുന്നു. എന്നും പാവപ്പെട്ടവരുടെ പക്ഷം ചേർന്ന് ചിന്തിക്കുകയും അവരുടെ അത്യുന്നതിക്കായി പ്രവർത്തിക്കുകയും ചെയ്യുന്നതിൽ പിതാവ് ശ്രദ്ധാലുവാണ്. പൊതുസമൂഹത്തെ ബാധിക്കുന്ന എല്ലാ വിഷയങ്ങളും പഠിച്ചും അപഗ്രഥിച്ചും ബോധ്യപ്പെട്ടും സഭയുടെ പൊതു അവതരിപ്പിക്കാനും ചിന്തയ്ക്കും യോഗ്യമായവിധം അവയെ ധാരണയ്ക്കും പ്രതികരിക്കാനും പിതാവിന് കഴിയുന്നുണ്ട്. സമൂഹത്തെ ഭീഷണിപ്പെടുത്തുന്ന ഏതു പ്രതിസന്ധികളിലും പരിസ്ഥിതി പ്രശ്നങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, രാഷ്ട്രീയ തർക്കങ്ങൾ, അനീതി, അസമത്വം, വിവേചനം തുടങ്ങിയ എല്ലാ വിഷയങ്ങളിലും പിതാവിന്റെ സ്വരം ശ്രദ്ധേയമാവുന്നു എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. വിദ്യാഭ്യാസം, ആതുര സേവനം, സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്ത മേഖലകളിൽ വരുത്തുന്ന കാലാനുസൃതമായ മാറ്റങ്ങൾ മാനവ കുടുംബം എന്ന ഉദാത്ത ദർശനം സാർത്ഥകമാക്കാൻ പിതാവ് ഏറ്റെടുക്കുന്ന ശ്രമങ്ങളാണ്. ഇങ്ങനെ നവവും വ്യത്യസ്തവുമായ മേഖലകളിലുള്ള പ്രാവീണ്യത്താൽ പിതാവ് സകലർക്കും ആദരണീയനാണ്.

വിവിധ മണ്ഡലങ്ങളിലെ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് പ്രവൃത്തി പഥത്തിൽ എത്തിക്കാനുള്ള അക്ഷീണമായ തപസ്യയും ആത്മബലവും പിതാവിനുണ്ട്. ശരിയായ തീരുമാനങ്ങൾ എടുക്കാനും അവ സമയബന്ധിതമായി സമയോചിതമായി പൂർത്തിയാക്കാനുമുള്ള കർമ്മ ധീരതയും ഭരണനൈപുണ്യവും ആണ് പിതാവിനെ ആദരണീയനായ ഒര ഒരു ആത്മീയാചാര്യനാക്കുന്നത്. ഏത് വിഷയവും അനായാസം കൈകാര്യം ചെയ്യാനുള്ള ഒരു നൈസർഗിക സിദ്ധി ദൈവം പിതാവിന് നൽകിയിട്ടുണ്ട്. മനുഷ്യന്റെ ജീവിതാനുഭവങ്ങളെ മുൻനിർത്തി ദൈവ വചനത്തെ പുനർ വ്യാഖ്യാനിക്കാനുള്ള വൈദഗ്ദ്ധ്യം പിതാവിന്റെ വചനപ്രഘോഷണങ്ങളിൽ സുവ്യക്തമാണ്. ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസവും ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളെ കലർപ്പില്ലാതെ വിശദീകരിക്കാനുള്ള ആർജ്ജവവും പിതാവിന്റെ വചന വിശകലനത്തിൽ നിറഞ്ഞു നിൽക്കുന്നു.

ഇച്ഛാശക്തി ഒന്നുകൊണ്ട് മാത്രം പിതാവ് കഴിഞ്ഞ നാളുകളിൽ നേടിയെടുത്ത വിജയങ്ങളും തരണം ചെയ്ത വൈതരണികളും നിരവധിയാണ്. തനിക്കും സഭയ്ക്കും എതിരെ വരുന്ന ആരോപണങ്ങളെയും പ്രതിബന്ധങ്ങളെയും ധീരതയോടെ കൈകാര്യം ചെയ്ത് മുന്നേറുവാനുള്ള മനോബലവും കരുത്തും വ്യക്തിജീവിതത്തിൽ പിതാവ് സ്വായത്തമാക്കിയിട്ടുണ്ട്. അങ്ങനെ സഭാനൗകയെ സുരക്ഷിതമായി നയിച്ചു കൊണ്ടിരിക്കുന്ന ദൈവകൃപ നിറഞ്ഞ അമരക്കാരനാണ് ബാവാ തിരുമേനി.

സേവിക്കാനും ത്യാഗോജ്ജ്വല സ്നേഹിക്കാനും ജീവിതത്തിന്റെ കണ്ണാടിയാകാനു

www.malankaralibrary.com



മുള്ള പാഠപുസ്തകമാണ് ബാവാ തിരുമേനിയുടെ കഴിഞ്ഞ 25 വർഷത്തെ ജീവിതമെന്ന് മേരിമക്കൾക്ക് സംശയലേശമെന്യേ പറയാൻ സാധിക്കും.

ബാവാ തിരുമേനിയുടെ വിവിധ മേഖലകളിലുള്ള അനുഭവസമ്പത്ത് ഞങ്ങളുടെ സമൂഹത്തിന്റെ വളർച്ചയിൽ എന്നും കരുത്ത് പകർന്നിട്ടുണ്ട്. ചെറുതും വലുതുമായ ഞങ്ങളുടെ എല്ലാ സുഖ ദുഖങ്ങളിലും പിതാവ് പങ്കുചേർന്നിട്ടുണ്ട്. പ്രതിസന്ധികളിൽ കരുത്തും പ്രതിബന്ധങ്ങളിൽ താങ്ങും നന്മകളിൽ പ്രോത്സാഹനവുമായി പിതാവിന്റെ സാന്നിധ്യവും വാത്സല്യവും സ്നേഹവും ഞങ്ങൾക്ക് എന്നും അനുഭവവേദ്യമാണ്. സന്യസ്തരായ ഞങ്ങളുടെ പ്രാർത്ഥനകളിൽ പിതാവ് അർപ്പിക്കുന്ന വിശ്വാസം വളരെ വലുതാണ്. ക്രിസ്തുവിനെ അടുത്ത് അനുകരിക്കാനുള്ള ഞങ്ങളുടെ വിളിയെ എന്നും പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന അങ്ങയുടെ പിതൃവാത്സല്യത്തിന് ഞങ്ങൾക്കുള്ള പ്രതിനന്ദി വാക്കുകൾക്ക്അതീതമാണ്.

ഈ ജൂബിലി വേളയിൽ ബാവാതിരുമേനിക്ക് വേണ്ടി ഞങ്ങളുടെ എല്ലാ മഠങ്ങളിലും പ്രത്യേക പ്രാർത്ഥനാ മഞ്ജരികൾ ഉയരുന്നുണ്ട്. തിരുമേനിയുടെ കൈകൾ കൂടുതൽ ശക്തമാകാൻ. ഹൃദയം കരുണാർദ്ര സ്നേഹത്താൽ നിറയാൻ, ആത്മാഭിഷേകത്തോടെയുള്ള ശുശ്രൂഷകൾ അവിരാമം തുടരാൻ പിതാവിന് സാധിക്കട്ടെ എന്ന് ഞങ്ങൾ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



ശ്രേഷ്ഠമായ ആചാര്യ ശുശ്രൂഷ പ്രാരംഭ നാളുകൾ മുതൽ ഇന്നോളം



റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ
ചാൻസിലർ, തിരുവന്തപുരം മേജർ അതിഭദ്രാസനം

അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയുടെ പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യനാളുകൾ മുതൽ അദ്ദേഹവുമായി ചേർന്നു പ്രവർത്തിക്കുവാൻ സാധിച്ചതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ബാവാ തിരുമേനിയുടെ വൈദിക ശുശ്രൂഷ ആരംഭിക്കുന്നത് ബെംഗലൂരു (Bangalore) നഗരത്തിൽ നിന്നാണെന്നത് സുവിദിതമായ വസ്തുതയാണല്ലോ! മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ബാവാതിരുമേനിയുടെ ശുശ്രൂഷയുടെ ആദ്യനാളുകളിലേക്ക് കണ്ണുകളയക്കുന്നത്, അദ്ദേഹത്തിന്റെ മഹനീയമായ ശുശ്രൂഷാജീവിതത്തിലെ അത്ഭുതകരമായ ദൈവപരിപാലനയെ സ്മരിക്കുന്നതിന് നിദാനമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, വിശ്വസിക്കുന്നു.

www.malankaralibrary.com

1984 ജൂൺ മാസത്തിലാണ് ദൈവ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദ പഠനത്തിനായി (Master of Theology) ഞാൻ ബെംഗലൂരു ധർമ്മാരാം വിദ്യാക്ഷേത്ര ത്തിലേക്ക് പോകുന്നത്. പഠനത്തിനായി മാത്ര മാണ് പുണ്യശ്ലോകനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ബെംഗലൂരുവി ലേക്ക് എന്നെ അയച്ചത്. പഠനം യഥാ സമയം ആരംഭിച്ചു. പക്ഷേ പഠനത്തിൽ മാത്രം ഒതുങ്ങുന്നതായിരിക്കുകയില്ല ബെംഗ ലൂരുവിലെ എന്റെ ജീവിതമെന്ന് താമസി യാതെ ഞാൻ തിരിച്ചറിഞ്ഞു. എനിക്കു മുമ്പേ ബെംഗലൂരു നഗരത്തിൽ പഠനത്തിനായി പോയ ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിയും പരേതനായ ഫാ. ഡോമിനിക്ക് സഖറി യാസും മലങ്കര കത്തോലിക്കാ വിശ്വാസി കൾക്കു വേണ്ടി സാധ്യമായ അവസരങ്ങളിൽ ബെംഗലൂരുവിൽ വി. കുർബാന അർപ്പിക്കു ന്നുണ്ടായിരുന്നു. പക്ഷേ, പലവിധമായ പ്രതികൂല സാഹചര്യങ്ങൾ കൊണ്ട് സ്ഥിര മായി മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസികൾക്കു വേണ്ടി വി. കുർബാന അർപ്പിക്കുവാൻ സാധിച്ചിരുന്നില്ല. അക്കാലത്ത് മലങ്കര സഭയ്ക്ക് ബെംഗലൂരിൽ സ്വന്തമായ പള്ളികളില്ലായിരുന്നു. ഏതെങ്കിലും കത്തോ ലിക്കാ പള്ളികളിൽ വി. കുർബാനയ്ക്ക് സമയം ചോദിച്ചാൽ പല കാരണങ്ങൾ പറഞ്ഞ് അവസരം നിഷേധിക്കുമായിരുന്നു.

മെട്രോ നഗരമായി വികാസം പ്രാപി ക്കുന്ന ബെംഗലൂരു നഗരത്തിൽ രൂപപ്പെട്ടു കൊണ്ടിരിക്കുന്ന മലങ്കര സമൂഹത്തെ ശ്രദ്ധി ക്കാതിരിക്കുന്നത് ക്ഷന്തവ്യമായ കാര്യ മല്ലല്ലോ! ധർമ്മാരാമിലെ എന്റെ പഠനത്തിന്



തടസ്സമുണ്ടാകാതെ വിശ്വാസികളെ ശ്രദ്ധി ക്കേണ്ടത് അത്യാവശ്യമായ കാര്യമായി രുന്നു. പഠനത്തിന് കോട്ടം തട്ടാതെ മലങ്കര മക്കളെ കൂട്ടി നിർത്തുവാൻ ഞാൻ പരിശ്രമം തുടങ്ങി. പഠനം ആരംഭിച്ച നാളുകൾ മുതൽ പ്രത്യാശ കൈവിടാതെ സ്ഥിരമായി വി. കുർബാന അർപ്പിക്കുവാൻ ഞാൻ സ്ഥലം തേടിയിരുന്നു. ബെംഗലൂരിൽ പഠനത്തിനും ജോലിക്കുമായി എത്തിയ യുവജനങ്ങളും അവിടെ സ്ഥിരവാസമാക്കിയവരും വി.കുർ ബാനയ്ക്ക് സ്ഥലം അന്വേഷിച്ചിരുന്നു. അതോടൊപ്പം മലങ്കര കത്തോലിക്കാവിശ്വാ സികളെ അന്വേഷിച്ചു കണ്ടുപിടിക്കുന്ന തിനും വിശ്വാസികൾ ശ്രമിച്ചു കൊണ്ടിരുന്നു.

ആദ്യം മാസത്തിലൊരിക്കൽ വി. കുർബാന അർപ്പിക്കുന്നതിന് ക്രമീകരണ മായി; തുടർന്ന് എല്ലാ ഞായറാഴ്ചയും വി. കുർബാന അർപ്പിക്കുന്നതിനും സൗകര്യം ലഭ്യമായി. തുടർന്ന് യൽദാപ്പെരുന്നാളിനും ഹാശാ ആഴ്ച ശുശ്രൂഷയ്ക്കും ദൈവ പരിപാലനയിൽ ക്രമീകരണം നടത്തുവാ നായി. ബെംഗലൂരിലെ സി. ആർ. ഐ ബ്രദേഴ്സിന്റെ ആസ്ഥാനം (അൾസൂർ റോഡ്), സേവാസദൻ (ഫ്രാൻസിസ്ക്കൻ മിഷനറി ബ്രദേഴ്സ്, കോറമംഗല) സെന്റ് സെബാസ് റ്റ്യൻസ് അസോസിയേഷൻ ഹാൾ (മത്തി ക്കര), ടിഫനീസ് (കന്തീരവ സ്റ്റേഡിയത്തിന് സമീപം), ധർമ്മാരാം കോളേജ് ചാപ്പൽ, സി. എസ്. റ്റി. റിന്യൂവൽ റിട്രീറ്റ് സെൻറർ, (ധർമ്മാരാം), ഗുഡ് ഷെപ്പേർഡ് കോൺവെന്റ്, (ബ്രിഗേഡ് റോഡ്) എന്നീ സ്ഥലങ്ങളിലാണ് വി. കുർബാനയ്ക്കായി സൗകര്യം ലഭ്യമായത് (ഇവയിൽ അവസാനത്തെ രണ്ട് സ്ഥലങ്ങ ളിൽ 1986-ന് ശേഷമാണ് വി. കുർബാന അർപ്പിച്ചു തുടങ്ങിയത്). സഭയോടുള്ള കാലഘട്ടത്തിലെ വിശ്വാസികളുടെ സ്നേ ഹവും കൂട്ടായ്മ നിലനിർത്തുന്നതിനുള്ള താല്പര്യവും പ്രത്യേകം പ്രസ്താവ്യമാണ്. സാമൂഹിക മാദ്ധ്യമങ്ങൾ നിലവിൽ ഇല്ലാ തിരുന്ന അക്കാലത്ത് ലാൻഡ് ഫോൺ മാത്രമായിരുന്നു ആശ്രയം. വി. കുർബാന യുടെ സമയം പരസ്പരം അറിയി

www.malankaralibrary.com

ക്കുന്നതിനും വാഹന സൗകര്യമില്ലാത്തവരെ വി. കുർബാനയ്ക്ക് എത്തിക്കുന്നതിനും താല പര്യം എടുത്തവരുണ്ട്. കൂടെക്കൂടെ ഭവന ങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തുന്ന തിനും രോഗീസന്ദർശനത്തിനും നേതൃത്വം നല്കിയവരുണ്ട്.

എനിക്കു ലഭ്യമായ വിവരം അനുസരിച്ച്, ബെംഗലൂരു നഗരത്തിലെ മിഷൻ പ്രവർ ത്തനവും അജപാലന ശുശ്രൂഷയും ബത്തേരി ഭദ്രാസനത്തെയാണ് സഭാ നേതൃത്വം ഭര മേല്പിച്ചിരുന്നത്. വൈദികരുടെ അഭാവം നിമിത്തം ബെംഗലൂരു നഗരത്തിലേക്ക് ഒരു വൈദികനെ ബത്തേരി ഭദ്രാസനത്തിൽ നിന്ന് അയയ്ക്കുവാൻ സാധിച്ചിരുന്നില്ല. പക്ഷേ, ബത്തേരി ഭദ്രാസനം ബെംഗലൂരുവിലെ ശുശ്രൂഷ ഏറ്റെടുക്കേണ്ടത് ആവശ്യമായി രുന്നു. കേരളത്തിനു പുറമേയുള്ള പൗരസ്ത്യ സഭാംഗങ്ങളുടെ മേലുള്ള പൗരസ്ത്യ വ്യക്തിസഭകളുടെ – (Sui Juris) ഭരണാവകാശ ത്തിനും വിശ്വാസികളുടെ ആരാധനാ സ്വാത്ര ന്ത്യത്തിനും വേണ്ടി സഭാവേദികളിൽ ഏറ്റവും വ്യക്തമായി സംസാരിച്ചിരുന്നത് ബത്തേരി ഭദ്രാസനാധിപനായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയായിരുന്നു. അദ്ദേഹത്തിന്റെ ചരിത്ര- കാനോനിക വിഷയ ങ്ങളിൽ പാണ്ഡിത്യം അഗാധമായിരുന്നു. അഭിവന്ദ്യ പിതാവിനെ ബെംഗലൂരു നഗര ത്തിലെ വിശ്വാസികളെ കാണുന്നതിനും സംസാരിക്കുന്നതിനും വി. കുർബാന അർപ്പിക്കുന്നതിനുമായി ഞാൻ ക്ഷണിച്ചു. പിതാവിന്റെ സാന്നിധ്യവും കുടുംബങ്ങളോടും കൂട്ടായ്മയോടുമുള്ള പ്രബോധനവും ബെംഗ ലൂരുവിലെ കൂട്ടായ്മയുടെ ചരിത്രത്തിലെ നിർണായകമായ സംഭവമായിരുന്നു. 1985-ലാണ് അഭിവന്ദ്യ പിതാവ് ബെംഗലൂരുവിൽ ഈ സന്ദർശനം നടത്തിയത്. ധർമ്മാരാം ചാപ്പലിൽ എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാന അർപ്പിക്കുന്നതിനുള്ള സൗകര്യം അഭിവന്ദ്യപിതാവിന്റെ ഇടപെടലോടു കൂടിയാണ് ലഭ്യമാകുന്നത്.

1986 ആഗസ്റ്റ് മാസത്തിലാണ്. എന്റെ



പഠനം പൂർത്തിയാകുന്ന സമയം. അതിനു മുമ്പു തന്നെ ഔദ്യോഗികമായി ബത്തേരി ഭദ്രാസനത്തിൽ ബെംഗലൂരുവിലെ കൂട്ടായ്മ യുടെ ചുമതല ഏറ്റെടുക്കേണ്ടത് ആവശ്യ മായിരുന്നു. 1986-ലെ ഹാശാ ആഴ്ച ശുശ്രൂഷയ്ക്കു വേണ്ട ക്രമീകരണങ്ങളൊക്കെ ഞാൻ വിശ്വാസികളോട് ചേർന്ന് ചെയ്തു. എനിക്കു തിരുവനന്തപുരത്തേക്ക് ഹാശാ ആഴ്ച ശുശ്രൂഷയ്ക്കു വേണ്ടി വരണമായിരുന്നു. എല്ലാ ക്രമീകരണങ്ങളും ചെയ്ത ശേഷം, ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾക്കായി ഒരു വൈദികനെ ബത്തേരിയിൽ നിന്ന് അയക്കണ മെന്ന് ഞാൻ അഭിവന്ദ്യ സിറിൽ മാർബസേലി യോസ് തിരുമേനിയോട് അഭ്യർത്ഥിച്ചു. ഒരു വൈദികനെ അയക്കാമെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു; ശുശ്രൂഷയ്ക്കായി എത്തിയത് ബത്തേരി ഭദ്രാസനത്തിന്റെ അന്നത്തെ വികാരി ജനറാളായ വന്ദ്യ തോമസ് താന്നിക്കാക്കുഴി അച്ചനായിരുന്നു. ബെംഗലൂരു നഗരത്തിൽ മലങ്കര ക്രമത്തിലെ രണ്ടാമത്തെ ശുശ്രൂഷയായിരുന്നു അത്. 1985-ൽ ആദ്യമായി ഞാൻ ഹാശാ ആഴ്ച ശുശ്രൂഷ നടത്തിയിരുന്നു.

www.malankaralibrary.com

ഹാശാ ആഴ്ചയിലെ ശുശ്രൂഷയ്ക്കു ശേഷം തിരികെ ബെംഗലൂരുവിലെത്തിയ ഞാൻ ബിരുദാനന്തര ബിരുദത്തിന്റെ പ്രബന്ധം തീർക്കുന്ന തിരക്കിലായിരുന്നു. ഇടയ്ക്ക് കത്തു മുഖാന്തരം, ബത്തേരിയിൽ നിന്ന് ഒരു വൈദികനെ ബെംഗലൂരുവിലേക്ക് അയക്കുന്ന വിവരം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിനെ ഓർമ്മിപ്പിക്കുമായിരുന്നു.

മെയ്മാസം ആദ്യ ആഴ്ചയിൽ ഒരു ദിവസം രാവിലെ അഭിവന്ദ്യ പിതാവിന്റെ കത്തുമായി ഒരു ശെമ്മാശൻ എന്റെ അടുത്തു വന്നു ചേർന്നു. എനിക്കു മുമ്പു തന്നെ പരിചയമുണ്ടായിരുന്ന ഐസക്ക് തോട്ടുങ്കൽ ശെമ്മാശൻ! അദ്ദേഹം ആലുവായിൽ കർമ്മലഗിരിയിൽ തത്വശാസ്ത്ര പഠനത്തിലും ഞാൻ മംഗലപ്പുഴയിൽ 1980 വരെ ദൈവശാസ്ത്ര പഠനത്തിലും ആയിരുന്നു. ഐസക്ക് ശെമ്മാശനെ അയച്ചിരിക്കുന്നത് ബെംഗലൂരുവിലെ മിഷൻ നോക്കുവാനാണ്. പക്ഷേ, അവിടെ ആവശ്യം ഒരു വൈദികന്റെ ശുശ്രൂഷയാണ്: വിശുദ്ധ കുർബാന അർപ്പിക്കുവാനും മിഷൻ കെട്ടിപ്പടുക്കുവാനും അധികാരമുള്ള ഒരു വൈദികൻ നിയുക്തനാകേണ്ടിയിരുന്നു. (I was not an appointed chaplain or vicar). ഞാനും ഐസക്ക് ശെമ്മാശനും തമ്മിൽ സംസാരിച്ച് ഒരു തീരുമാനത്തിലെത്തി. അതനുസരിച്ച് പിറ്റേ ദിവസം തന്നെ ബത്തേരിയിലേക്ക് ഞങ്ങളൊരുമിച്ച് യാത്രയായി. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിനെ കണ്ടു; ബെംഗലൂരിൽ ഒരു വൈദികന്റെ സാന്നിധ്യത്തിന്റെയും ശുശ്രൂഷയുടെയും ആവശ്യകത ധരിപ്പിച്ചു. എല്ലാം ശ്രദ്ധാപൂർവം ശ്രവിച്ച ശേഷം, വേണ്ടതു ചെയ്യാം എന്ന് അഭിവന്ദ്യ പിതാവ് വ്യക്തമായി പറഞ്ഞു. ഇന്നത്തെപ്പോലെ സൗകര്യങ്ങളുണ്ടായിരുന്നെങ്കിൽ ആ സന്ദർഭത്തിന്റെ ഒരു ചിത്രവും അന്നത്തെ സംഭാഷണവും ഞാൻ പകർത്തുമായിരുന്നു. ബെംഗലൂരു മിഷന്റെ ചരിത്രത്തെ സംബന്ധിച്ച സുപ്രധാനമായ തീരുമാനം അഭിവന്ദ്യ പിതാവ് എടുക്കുകയായിരുന്നു. അതിനടുത്ത ദിവസം നടന്ന ബത്തേരി ഭദ്രാസന വൈദിക സമ്മേളനത്തിൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് എന്നെ സ്വാഗതം ചെയ്യുകയും ബത്തേരി ഭദ്രാസനത്തിനു വേണ്ടി ബെംഗലൂരുവിൽ നിർവഹിച്ച ശുശ്രൂഷയ്ക്ക് നന്ദി പറയുകയും ചെയ്തു.

രണ്ടാഴ്ചക്കകം എനിക്കു ലഭിക്കുന്നത് ഐസക്ക് തോട്ടുങ്കൽ ശെമ്മാശൻ പൗരോഹിത്യസ്വീകരണത്തിനുള്ള ക്ഷണപത്രമാണ്. 1986 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിക്കേണ്ടിയിരുന്ന ഐസക്ക് ശെമ്മാശന് ആറുമാസം മുമ്പ് തിരുപ്പട്ടം നല്കുവാൻ തീരുമാനമായി. ശെമ്മാശന്റെ മാതൃ ഇടവകയായ മുക്കൂർ സെൻറ് ജോസഫ് പള്ളിയിൽ വച്ച് 1986 ജൂൺ മാസം പതിനൊന്നാം തീയതി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് പൗരോഹിത്യ പട്ടം നല്കി. തിരുപ്പട്ടം സ്വീകരിച്ച് രണ്ടാഴ്ച്ചക്കകം ഐസക്ക് തോട്ടുങ്കലച്ചൻ മിഷൻ ചുമതലയുമായി ബെംഗലൂരുവിലെത്തി. ബെംഗലൂരു മിഷന് ആദ്യത്തെ ഔദ്യോഗികമായി നിയുക്തനായ വൈദികനെ ലഭ്യമായി. മിഷന്റെ ചുമതലയോടൊപ്പം ധർമ്മാരാമിൽ ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദ പഠനവും (Master of Theology) ആരംഭിക്കാൻ അഭിവന്ദ്യ ബസേലിയോസ് പിതാവ് അദ്ദേഹത്തോട് കല്പിച്ചിരുന്നു.

എല്ലാ അർത്ഥത്തിലും ഇല്ലായ്മയിൽ നിന്നുള്ള ഒരു തുടക്കത്തിനാണ് ഐസക്ക് തോട്ടുങ്കലച്ചന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് നിയോഗം നല്കിയത്. നൂറ്റിനാല്പതോളം വരുന്ന (വ്യക്തികളും കുടുംബങ്ങളും ഉൾപ്പെടെ) വിശ്വാസികളുടെ ഒരു ലിസ്റ്റു മാത്രമാണ് അദ്ദേഹത്തിന് കൈമാറുവാൻ എന്റെ പക്കൽ ഉണ്ടായിരുന്നത്. പിതാവായ അബ്രാഹമിനെ ദൈവം നിയോഗിച്ചതിന് സമാനമായിരുന്നു ഐസക്ക് തോട്ടുങ്കലച്ചന് ലഭിച്ച ദൗത്യം എന്ന് പ്രസ്താവിക്കട്ടെ: വിസ്തൃതമായ ബെംഗലൂരു

www.malankaralibrary.com

നഗരത്തിൽ ചിതറിപ്പാർക്കുന്ന കുടുംബങ്ങളും വ്യക്തികളും; അവരിൽ ചിലരെങ്കിലും ഇതര റീത്തുകളിലെ പള്ളികളിൽ പോകുന്നവരോ അംഗത്വം എടുത്തവരോ ആയിരുന്നു; മലങ്കര സഭയ്ക്ക് സ്വന്തമായ സ്ഥലമോ പള്ളിയോ ഇല്ലാത്ത ഒരു സാഹചര്യം. ഒരു യുവവൈദികനെ സംബന്ധിച്ച് വളരെയേറെ അസ്വസ്ഥത ഉളവാക്കാവുന്ന സാഹചര്യങ്ങളായിരുന്നു ഐസക്ക് തോട്ടുങ്കലച്ചന്റെ മുമ്പിലുണ്ടായിരുന്നത്. അദ്ദേഹം ഒരു കാര്യം മാത്രമാണ് എന്നോട് ആവശ്യപ്പെട്ടത്: ഞാൻ ബെംഗലൂരിൽ നിന്ന് പോകുന്നതിന് മുമ്പ് സാധ്യമാകുന്നത്ര ഭവനങ്ങളിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോകുകയും വിശ്വാസികളെ പരിചയപ്പെടുത്തുകയും വേണം. ഞങ്ങളൊന്നിച്ച് കുറെയേറെ ഭവനങ്ങളിൽ പോകുകയും വിശ്വാസികളെ പരിചയപ്പെടുകയും ചെയ്തു. ബെംഗലൂരു നഗരത്തിന് അനുയോജ്യനായ ഒരു ഇടയനെയാണ് ലഭിച്ചിരിക്കുന്നത് എന്ന് ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് എനിക്കു മനസ്സിലായി. ആളുകളെ തേടിപ്പിടിക്കാനും ചേർത്തു കൊണ്ടു പോകാനും പ്രാപ്തനായ അജപാലകൻ. (1986 ആഗസ്റ്റ് മാസത്തിൽ പഠനം പൂർത്തിയാക്കി ഞാൻ തിരുവനന്തപുരത്തേക്ക് മടങ്ങിപ്പോന്നു) ആരംഭകാലത്ത് പൊതുഗതാഗത മാർഗങ്ങളെയാണ് ഐസക്ക് തോട്ടുങ്കലച്ചൻ ആശ്രയിച്ചിരുന്നത്; കുറച്ചു കഴിഞ്ഞ് ഒരു 268 ഇരുചക്രവാഹനം ഭദ്രാസനത്തിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ചു. പക്ഷേ, ഇല്ലായ്മകളിലല്ല, സാധ്യതകളിലാണ് ഐസക്കച്ചൻ ഹൃദയമർപ്പിച്ചത്. അതോടൊപ്പം അഭിവന്ദ്യ ബസേലിയോസ് പിതാവിന്റെ ദീർഘദർശനവും കരങ്ങളും കൂടി ചേർന്നപ്പോൾ 1991-ൽ ബെംഗലൂർ, മത്തിക്കരയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്യത്തെ പള്ളി സ്ഥാപിക്കപ്പെട്ടു: സെൻറ് ജോസഫ്സ് മലങ്കര കത്തോലിക്കാ പള്ളി. നല്ല തുടക്കം വലിയ ഉയരങ്ങളിലേക്കു ഒരു പ്രസ്ഥാനത്തെയും സംരംഭത്തെയും നയിക്കുകയും എത്തിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. മത്തിക്കരയിലെ പള്ളിക്കു പുറമേ ഇപ്പോൾ ഹെണ്ണൂർ, സിംഗസാന്ദ്ര, കർമ്മെലാരാം എന്നീ സ്ഥലങ്ങളിലും പള്ളികൾ സ്ഥാപിതമായി; കെങ്കേരിയിൽ ഒരു കൂട്ടായ്മയ്ക്ക് പ്രാരംഭമായി. ഈ പള്ളികളും കൂട്ടായ്മകളും ഇപ്പോൾ പുത്തൂർ ഭദ്രാസനത്തിന്റെ ഭാഗമാണ്.

1991 ഡിസംബർ മാസത്തിൽ ഐസക്ക് തോട്ടുങ്കലച്ചൻ ഡോക്ടറേറ്റ് ഗവേഷണത്തിനായി നിത്യനഗരമായ റോമിലെത്തുമ്പോൾ ഞാൻ ഡോക്ടറേറ്റിൻറ പ്രബന്ധം തീർക്കുവാനുള്ള തിരക്കിലായിരുന്നു. ബെംഗലൂരിവിൽ എന്ന പോലെ റോമിലും പഠനത്തിന്റെ ഞാൻ പഠനത്തിൻറ അവസാന നാളുകളിലും അദ്ദേഹം ആരംഭത്തിലുമാണ് പരസ്പരം കണ്ടുമുട്ടുന്നത്. പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് സെന്റ് തോമസ് അക്വിനാസിൽ (ആഞ്ചെലിക്കും) എക്യുമെനിസത്തിൽ ഡോക്ടറേറ്റിന് ഗവേഷണം നടത്തുവാനാണ് ഐസക്കച്ചൻ റോമിലേക്കു വന്നത്. രണ്ടാം സെമസ്റ്ററിൽ (1992 ഫെബ്രുവരി മാസം രണ്ടാം ആഴ്ചയിൽ) പഠനം ആരംഭിക്കുവാനാണ് അദ്ദേഹം റോമിലേക്ക് വന്നത്.



www.malankaralibrary.com

ഡിസംബർ മാസം മൂന്നാമത്തെ ആഴ്ചയാകുമ്പോഴേക്കും റോമിൽ പഠനം നടത്തുന്ന വൈദികർ ഇറ്റലിയിലെ ഏതെങ്കിലും പള്ളികളിലേക്ക് ശുശ്രൂഷയ്ക്കു വേണ്ടി പോകുമായിരുന്നു. ഐസക്ക് തോട്ടുങ്കലച്ചൻ എത്തിയ വർഷം (1991 ഡിസംബർ മാസത്തിൽ) ഞാൻ ശുശ്രൂഷയ്ക്കു വേണ്ടി പള്ളിയിൽ പോയില്ല. എന്നോട് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച്, വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്ക ഉൾപ്പെടെ പള്ളികൾ കാണുന്നതിനും ചരിത്രപ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ഏതാനും ദിവസങ്ങൾ ഞങ്ങളൊന്നിച്ച് പോകുകയുണ്ടായി. അദ്ദേഹവുമായി ഒന്നിച്ചുള്ള യാത്രകളെല്ലാം നല്ല അനുഭവങ്ങൾ നല്കിയിരുന്നു. വൈദിക സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും നല്ല നിമിഷങ്ങളായിരുന്നു അവ. എല്ലാവരും ഒത്തു കൂടുമ്പോൾ ഏത് പിരിമുറുക്കമുള്ള സന്ദർഭങ്ങളിലും തന്റെ ഇടപെടലുകൾ കൊണ്ട് അയവു വരുത്താൻ ഐസക്കച്ചന് കഴിയുമായിരുന്നു.

പഠനം പൂർത്തിയാക്കി തിരികെ എത്തിയ ഫാ. ഡോ. ഐസക്ക് തോട്ടുങ്കൽ ബത്തേരി ഭദ്രാസനത്തിലെ മൈനർ സെമിനാരി റെക്റ്ററായും വികാരി ജനറാളായും സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ അദ്ദേഹം തിരുവനന്തപുരം, സെന്റ് മേരീസ് മലങ്കര സെമിനാരിയിൽ അദ്ധ്യാപനത്തിനായും വരുമായിരുന്നു. ഡോ. ഐസക്ക് തോട്ടുങ്കലച്ചൻറെ പിന്നീടുള്ള ശുശ്രൂഷയുടെ വഴികൾ ഏവർക്കും പരിചിതമാണല്ലോ! മെത്രാനായി അമേരിക്കയിലും ആർച്ചുബിഷപ്പായി തിരുവല്ലാ അതിഭദ്രാസനത്തിലും ശുശ്രൂഷ അനുഷ്ഠിച്ചു: ഐസക്ക് മാർ ക്ലീമിസ് എന്ന നാമധേയം അദ്ദേഹം സ്വീകരിച്ചു. 2007 ഫെബ്രുവരി 8-ന് നടന്ന മലങ്കര കത്തോലിക്കാ സഭയുടെ സൂനഹദോസിൽ ഐസക്ക് മാർ ക്ലീമിസ് പിതാവിനെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായി തെരഞ്ഞെടുത്തു. 2007 മാർച്ച് 5-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായി-ആർച്ചുബിഷപ്പ് കാതോലിക്കോസ്-അദ്ദേഹം സ്ഥാനമേറ്റു; ബസേലിയോസ് ക്ലീമിസ് എന്ന നാമധേയമാണ് അദ്ദേഹം സ്വീകരിച്ചത്.

ബസേലിയോസ് ക്ലീമിസ് ബാവാ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസായതോടുകൂടി സഭയുടെ വസന്ത കാലം ആരംഭിക്കുകയായി. പുതിയ ഭദ്രാസനങ്ങൾ ആരംഭിക്കുന്നത് സന്തോഷത്തോടെ മലങ്കര സഭ ദർശിക്കുകയുണ്ടായി. അത്യഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ അജപാലന ശുശ്രൂഷാ കാലത്ത് പ്രഖ്യാപിക്കപ്പെട്ട മാവേലിക്കര ഭദ്രാസനത്തിൻറ അദ്ധ്യക്ഷൻ സ്ഥാനമേറ്റു (16 ഫെബ്രുവരി 2007). താമസം വിനാ പത്തനംതിട്ട (2010), പുത്തൂർ (2010) ഭദ്രാസനങ്ങൾ സ്ഥാപിതമായി. പൂന-കഡ്കി എക് സാർക്കേറ്റും, ഗുഡ്ഗാവ്-ഡെൽഹി ഭദ്രാസനവും (26 മാർച്ച് 2015) സ്ഥാപിക്കപ്പെട്ടത് ബാവാ തിരുമേനിയുടെ അജപാലനപരവും സഭാത്മകവുമായ ദർശനത്തിന്റെ ഫലമായാണ്. ഒരു അപ്പസ്റ്റോലിക്ക് വിസിറ്റേറ്ററെ നിയമിച്ചു കൊണ്ടു തുടങ്ങിയ വടക്കേ അമേരിക്കയിലെയും യൂറോപ്പിലെയും അജപാലന ശുശ്രൂഷയ്ക്ക് പുതിയ മാനങ്ങളുണ്ടായി; യു.എസ്.യും കാനഡായും ചേർന്ന് ഒരു പുതിയ ഭദ്രാസനം സ്ഥാപിതമായി (4 ജനുവരി 2016). 5 ആഗസ്റ്റ് 2017-ന് പാറശ്ശാല ഭദ്രാസനം സ്ഥാപിതമായി. യു.കെ-യ്ക്കും യൂറോപ്പിനും (5 ജനുവരി 2005) ഓഷ്യാനായ്ക്കും (5 ആഗസ്റ്റ് 2017) അപ്പസ്റ്റോലിക്ക് വിസിറ്റേറ്റർന്മാരായി മെത്രാന്മാർക്ക് ചുമതല നല്കപ്പെടുകയുണ്ടായി. ഇപ്പോൾ യു.കെ-യ്ക്കും യൂറോപ്പിനും മാത്രമായി അപ്പസ്റ്റോലിക്ക് വിസിറ്റേറ്ററായി ഒരു മെത്രാൻ നിയോഗിതനായിട്ടുണ്ട് (19 സെപ്റ്റംബർ 2025). ഗൾഫ് മേഖലയിലെ അജപാലന ശുശ്രൂഷയെ ഏകോപിപ്പിക്കുവാനായി ഒരു വൈദികൻ കോർഡിനേറ്ററായി (2014) നിയമിതനായിട്ടുണ്ട്. രണ്ടാം വത്തി

www.malankaralibrary.com

ക്കാൻ സൂനഹദോസിന്റെ കാലം മുതൽ മലങ്കര സഭയും മലബാർ സഭയും ഭാരത മൊട്ടാകെ സ്വയം ഭരണാധികാരത്തിനായി (All India Jurisdiction) അവകാശം ഉന്നയിച്ചിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് (26 മാർച്ച് 2015) സഭാത്മകവും അജപാലനപരവുമായ സ്വയംഭരണാധികാരം പരോക്ഷമായി ലഭ്യമായി എന്നത് സുപ്രധാനമായ സംഭവമാണ്. ഗുഡ്ഗാവ്-ഡെൽഹി (26 മാർച്ച് 2015) ഭദ്രാസനം സ്ഥാപിക്കപ്പെടുകയും പൂന-കട്കി എക്സാർക്കേറ്റ് ഭദ്രാസനമായി ഉയർത്തപ്പെടുകയും (23 നവംബർ 2019) ചെയ്തതോടു കൂടിയാണ് മലങ്കര സഭയുടെ സഭാത്മകവും അജപാലനപരവുമായ സാന്നിധ്യം ഭാരതമാകമാനം യാഥാർത്ഥ്യമായത്. ഭാരത മാകമാനം

പുണ്യപിതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ പദവിയിലേക്കുള്ള (Canonization Process) 25 ഫെബ്രുവരി 1998-ൽ മോറാൻ മോർ ബസേലിയോസ് ബാവായുടെ കാലത്താണ് ആരംഭിച്ചത്. മാർ ഈവാനിയോസ് പിതാവിന്റെ ദൈവദാസനെന്ന പ്രഖ്യാപനം 2007 ജൂലൈ 14ന് അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് ബാവായാണ് നടത്തിയത്. തുടർ നടപടികൾക്കായി 23 ജൂൺ 2014-ൽ 'ദൈവദാസൻ' മാർ ഈവാനിയോസ് പിതാവിൻറെ കബർ തുറക്കുകയും ഭൗതികാവശിഷ്ടങ്ങൾ പരിശോധിക്കുകയും ചെയ്തു. മാർച്ച് 2024-ൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ മാർ ഈവാനിയോസ് പിതാവിനെ 'ധന്യൻ' എന്ന പദവിയിലേക്കുയർത്തി. മലങ്കര സഭയെ സംബന്ധിച്ച് ഏറ്റം സന്തോഷകരമായ ഒരു ചരിത്ര സംഭവത്തിലേക്ക് അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് ബാവാ സഭയെ നയിച്ചു എന്നത് രജതലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്.

പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ 2012 ഒക്ടോബർ 24-ന് മലങ്കര സഭയിലെ പ്രഥമ കർദ്ദിനാളായി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ



ബാവായെ പ്രഖ്യാപിക്കുകയും, നവംബർ 24-ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ വച്ച് സ്ഥാനാരോഹണ ശുശ്രൂഷ നടത്തുകയും ചെയ്തു. അന്ന് കർദ്ദിനാൾ സംഘത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായിരുന്നു ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനി. സാർവത്രിക സഭയുടെ തലവനായ മാർപാപ്പായെ തെരഞ്ഞെടുക്കുന്നത് കർദ്ദിനാൾ സംഘമാണല്ലോ. പുണ്യധനനായ മാർ ഈവാനിയോസ് പിതാവ് വിഭാവനം ചെയ്തതു പോലെ സ്വയം ഭരണാധികാരമുള്ള ഒരു വ്യക്തിസഭയായി (Sui Juris) മലങ്കര സുറിയാനി കത്തോ

www.malankaralibrary.com

ലിക്കാ സഭ ഇന്ന് സാർവത്രിക സഭയിൽ പരിലസിക്കുന്നു.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ വച്ച് മലങ്കര സഭയിലെ കർദ്ദിനാളായി ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി ഉയർത്തപ്പെടുന്ന ശുശ്രൂഷയിൽ പങ്കെടുക്കുമ്പോൾ എന്റെ മനസ്സിലേക്ക് ഉയർന്നു വന്നത് ബെംഗലൂരുവിൽ ആരംഭിച്ച അദ്ദേഹത്തിന്റെ ക്ലേശപൂർണ്ണവും വെല്ലുവിളികൾ നിറഞ്ഞതുമായ ശുശ്രൂഷയുടെ നാളുകളാണ്. ബെംഗലൂരുവിൽ തുടങ്ങിയ ബാവാ തിരുമേനിയുടെ ശുശ്രൂഷ ഇന്ന് മലങ്കര സഭയ്ക്കു മാത്രമല്ല, ഭാരതസഭയ്ക്കും ആഗോളസഭയ്ക്കും ലഭ്യമാണ്. ഭാരതത്തിനകത്തും പുറത്തും, സാധ്യമാകുന്ന സ്ഥലങ്ങളിലെല്ലാം മലങ്കര കത്തോലിക്കാ വിശ്വാസികൾക്കു വേണ്ടി കൂട്ടായ്മകൾ ആരംഭിക്കുവാൻ പിതാവ് അതീവ ശ്രദ്ധാലുവാണ്.

വളരെ വലിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനിടയിലും, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളെ അനുസ്മരിപ്പിക്കുന്ന വിധം സമൂഹത്തിലെ പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടി ബാവാ തിരുമേനി നടത്തുന്ന കരുതലിന്റെയും കാരുണ്യത്തിന്റെയും പ്രവൃത്തികൾ ശ്രദ്ധേയമാണ്. നാമഹേതുക



തിരുന്നാളിനോട് അനുബന്ധിച്ച് എല്ലാ വർഷവും ജീവകാരുണ്യ പദ്ധതികൾക്ക് ബാവാ തിരുമേനി ആരംഭം കുറിച്ചു. 2008-ൽ കാട്ടാക്കട ബോയ്സ് ഹോം സ്ഥാപിച്ചുകൊണ്ട് ആരംഭിച്ച കരുതലിന്റെ പദ്ധതികൾ ശ്രദ്ധേയങ്ങളാണ്. ഓഖി, പ്രളയ ബാധിതരുടെ ദുരിതാശ്വാസവും പുനരധിവാസവും, രോഗീപരിചരണത്തിനുള്ള വിവിധ ക്ലിനിക്കുകളുടെ സ്ഥാപനം, പിരപ്പൻകോട് ഡയാലിസിസ് യൂണിറ്റിന്റെ ആരംഭം, തിരുവനന്തപുരത്ത് ക്യാൻസർ ചികിത്സക്ക് എത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള സൗജന്യ താമസവും ഭക്ഷണവും, ആരോരുമില്ലാത്ത സ്ത്രീകൾക്കു വേണ്ടിയുള്ള ഭവനം, വടക്കുകിഴക്കൻ മേഖലകളിലെ പാവപ്പെട്ടവർക്കുള്ള സഹായങ്ങൾ, പ്രത്യേക കരുതൽ വേണ്ട കുട്ടികൾക്കു വേണ്ടിയുള്ള സഹായം, അർഹരും സമർത്ഥരുമായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സഹായം, രണ്ടായിരത്തി നാനൂറോളം ഭവനങ്ങൾ ഭാഗികമോ പൂർണമോ ആയി നിർമ്മിച്ചു നല്കിയത് തുടങ്ങി അനേകം ശ്ലാഘനീയമായ സുവിശേഷീകരണ പ്രവർത്തനങ്ങൾ ബാവാ തിരുമേനിയുടെ ശുശ്രൂഷയുടെ നാൾവഴികളിൽ ആലേഖനം ചെയ്യപ്പെടുന്നു.

സാമൂഹിക, സാംസ്കാരിക വിഷയങ്ങളിൽ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി നടത്തുന്ന ഇടപെടലുകൾ ഏവരുടെയും അംഗീകാരം നേടുന്നു എന്നതും സവിശേഷമായ കാര്യമാണ്. ജാതി, മത, രാഷ്ട്രീയ ഭേദമെന്യേ, കാതോർക്കുന്ന സ്വരത്തിനുടമയാണ് ബാവാതിരുമേനി എന്ന വലിയ ഇടയൻ.

ദൈവം തന്റെ പരിപാലനയിൽ നല്കുന്ന കാലമത്രയും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ നയിക്കുവാനും സമസ്ത ജനതയ്ക്കും കരുതലിന്റെ കരം നീട്ടുവാനും ദൈവം മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിക്ക് കൃപ നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

www.malankaralibrary.com

അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയും മിശിഹാനുകരണ സന്ന്യാസിനീ സമൂഹവും





റവ. മദർ ഡോ. ആർദ്ര SIC
സുപ്പീരിയർ ജനറൽ, ബഥനി സന്യാസിനീ സമൂഹം

ആമുഖം

അത്യഭിവന്ദ്യ ബസേലിയോസ് കാർഡിനൽ ക്ലീമീസ് കാതോലിക്കാ ബാവാ മെത്രാഭിഷേക രജതജൂബിലി നിറവിലായിരിക്കുന്ന ഈ വർഷം ബഥനി സന്ന്യാസിനി സമൂഹത്തിനും ആഘോഷത്തിന്റെ വർഷമാണ്, ആനന്ദത്തിന്റെ വർഷമാണ്. കാരണം അത്യഭിവന്ദ്യപിതാവ് ബഥനി സന്ന്യാസിനി സമൂഹത്തെയും അതിലെ ഓരോ അംഗത്തേയും സ്വന്തമെന്ന് കരുതുന്ന പിതാവാണ്. അതുകൊണ്ടാണ് പിതാവിനെ സംബന്ധിക്കുന്ന പ്രധാന വർഷങ്ങളെല്ലാം ബഥനിക്കും പ്രധാനപ്പെട്ടതാകുന്നത്. മെത്രാഭിഷേക രജതജൂബിലിയുടെ ആശംസകൾ അത്യഭിവന്ദ്യ പിതാവിനു ഹൃദയപൂർവം നേരുന്നു. ഈ അവസരത്തിൽ അത്യഭിവന്ദ്യ പിതാവിന് മിശിഹാനുകരണ (ബഥനി) സന്യാസിനീ സമൂഹവുമായുള്ള ബന്ധത്തിന്റെ ഒരു അനുസ്മരണയായാണ് ഈ ലേഖനം എഴുതുന്നത്.

www.malankaralibrary.com

ബന്ധത്തിലെ വൈവിധ്യം

അത്യഭിവന്ദ്യ പിതാവിന് മിശിഹാനുകരണ (ബഥനി) സന്ന്യാസിനീ സമൂഹത്തോടുള്ള ബന്ധം പിതാവിന് സഭയോടും സന്ന്യാസത്തോടും സിദ്ധികളോടുമുള്ള ആദരവിന്റെ ഭാഗമായാണ് കാണേണ്ടത്. സമാന്തരമായി യാത്ര ചെയ്യുന്ന ഒരു സംവിധാനമായിട്ടല്ലാതെ സഭയുടെ തൂണുകളെ ഉറപ്പിക്കുന്ന അടിസ്ഥാനഘടകമായി സന്ന്യാസത്തെ കാണുന്ന ഒരു സഭാതലവനാണ് പിതാവ്. അത്യഭിവന്ദ്യ പിതാവിന് ബഥനിയോടുള്ള ബന്ധം വൈവിധ്യമാർന്നതാണ്. അത്യഭിവന്ദ്യ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയാഘോഷിക്കുന്ന ഈ സന്ദർഭത്തിൽ പിതാവിന് ബഥനിയോടുള്ള ബന്ധം അവലോകനം ചെയ്യുമ്പോൾ എടുത്തുപറയേണ്ട ഒരു വസ്തുത ഈ ബന്ധം മെത്രാനെന്ന നിലയിൽ മാത്രമുള്ള ഒരു ബന്ധമല്ല, മെത്രാഭിഷേകാനന്തരം ഉണ്ടായതുമല്ല എന്നതാണ്. ഈ ബന്ധത്തിന് പതിറ്റാണ്ടുകളുടെ പിൻബലമുണ്ട്, പലതലങ്ങളുമുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും എന്ന നിലയിൽ സഭാഗാത്രത്തിലെ ഒരു സന്ന്യാസിനീ സമൂഹമെന്ന നിലയിൽ ബഥനി സന്ന്യാസിനീ സമൂഹത്തോടുള്ള ബന്ധം, സമൂഹത്തിന്റെ സിദ്ധി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പടുത്തുയർത്തലിന് പ്രയോജനപ്പെടുത്താനുള്ള ഉത്തരവാദിത്തവുമായി ബന്ധപ്പെട്ടുള്ള കർത്തവ്യത്തിൽ നിന്നുളവാകുന്ന ബന്ധം, ഈ സമൂഹത്തിലെ ഓരോ അംഗത്തേയും വ്യക്തിപരമായി അറിയുകയും അവരുടെ നന്മ ആഗ്രഹിക്കുകയും ചെയ്യുന്ന പിതാവെന്ന നിലയിലുള്ള ബന്ധം എന്നിങ്ങനെ ഒരു സഭാധികാരിയായും, പിതാവായും സഹോദരനായും ഒക്കെ ആ ബന്ധം പല വിധത്തിൽ വളർന്നുകൊണ്ടിരിക്കുന്നു, പല തലങ്ങളിൽ പ്രതിഫലിച്ചുകൊണ്ടിരിക്കുന്നു.

സന്ന്യാസത്തോടുള്ള ആദരം

സന്ന്യാസം സഭയുടെ ചങ്കാണ് എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് തന്നെ ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സാന്നിധ്യത്തെ പിതാവ് വിലമതിക്കുകയും ആദരവോടും കരുതലോടും കൂടി നോക്കിക്കാണുകയും ചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ബഥനിക്കുള്ള സ്ഥാനം അംഗീകരിക്കാനും അതിന്റെ സാന്നിധ്യം കൂടുതൽ ശക്തമാക്കാനും വളരെ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്ന ഒരു സഭാതലവനും പിതാവുമാണ് അത്യഭിവന്ദ്യ പിതാവ്. സമൂഹത്തിന്റെ ഔദ്യോഗിക യോഗങ്ങളിൽ സന്നിഹിതനാകാനും സമൂഹത്തിന് ദിശാബോധം നൽകാനും പിതാവ് കാട്ടുന്ന



www.malankaralibrary.com

നിഷ്ഠ ഈ സമൂഹത്തോടുള്ള കരുതലിന്റെ ഭാഗമാണ്. സന്ന്യാസചൈതന്യം ചോർന്നു പോകാത്ത ഒരു സമൂഹമായി ബഥനിയെ എന്നും കാണാൻ ആഗ്രഹിക്കുന്ന ഒരു സഭാ തലവനാണ് അത്യഭിവന്ദ്യ പിതാവ്. വ്രതങ്ങളുടെ ബോധിവൃക്ഷത്തണലിൽ ജീവിതത്തെ ക്രമീകരിച്ച സുകൃതികളാണ് തങ്ങളെന്ന ബോധ്യത്തിൽ സന്ന്യസ്തർ ജീവിക്കണമെന്ന് പിതാവ് ആഗ്രഹിക്കുന്നു. സമൂഹത്തിനു നൽകുന്ന പ്രബോധനങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നു. സഭാദ്ധ്യക്ഷൻ എന്ന നിലയിൽ ഭാവി സന്ന്യസ്തരോടുള്ള കരുതലും പിതാവിന്റെ സവിശേഷതയാണ്. സന്ന്യാസജീവിതം സ്വീകരിക്കാൻ പിതാവ് കുട്ടികളെ പ്രോത്സാഹിപ്പിക്കാറുണ്ട്. നവശിഷ്യകളെ ഔദ്യോഗികമായും അനൗദ്യോഗികമായും സന്ദർശിക്കുയയും സന്യസ്തജീവിതത്തിനാവശ്യമായ ദിശാബോധം നൽകുകയും ചെയ്യാറുണ്ടെന്ന കാര്യം നന്ദിയോടും സന്തോഷത്തോടും ഓർക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്ന അപ്പസ്തോലിക സഭയിൽ സന്ന്യാസം വളരുന്നത് കാണുമ്പോൾ ഈ സഭയുടെ എളിയ ശുശ്രൂഷി എന്ന നിലയിൽ എനിക്ക് വലിയ ആനന്ദമാണ് എന്ന് പിതാവ് തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സിസ്റ്റേഴ്സിന്റെ ജീവിതനവീകരണവും പിതാവിന്റെ പരിഗണനാവിഷയമാണ്. പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷിക്കുമ്പോൾ ബഥനി സന്യാസിനീ സമൂഹം നവീകരിക്കപ്പെട്ട ഒരു സമൂഹമായിരിക്കണമെന്ന് ആഗ്രഹിച്ച് പല നവീകരണ പരിപാടികൾ സിസ്റ്റേഴ്സിനു വേണ്ടി സഭാകൂരിയായിൽ ക്രമീകരിക്കുന്നത് നമുക്കറിയാവുന്നതാണല്ലോ. ബഥനി സന്ന്യാസിനീ സമൂഹം ശതാബ്ദി ആഘോഷിച്ചപ്പോഴും പിതാവിന്റെ പിന്തുണയും കരുതലും സ്നേഹവും ഈ സമൂഹം അനുഭവിച്ചറിഞ്ഞു. ശതാബ്ദിയുമായി ബന്ധപ്പെട്ട പരിപാടികളിൽ സംബന്ധിക്കുകയും പ്രത്യാശാഭരിതരായി മുന്നോട്ടുപോകാൻ സമൂഹത്തിന് മാർഗനിർദേശം നൽകുകയും ചെയ്തുകൊണ്ട് തന്റെ സംലഭ്യതയും കരുതലും പിതാവ് പ്രകടിപ്പിച്ചു. ശതാബ്ദിയോടു ബന്ധപ്പെട്ട് ക്രമീകരിച്ച എല്ലാ പരിപാടികളിലും പിതാവിന്റെ സഹായവും ആശീർവാദവും ബഥനിമക്കൾക്ക് ശക്തിപകരുന്നുണ്ടായിരുന്നു.തിരുസഭക്ക് ദിശാബോധം നൽകുന്ന ശക്തിയാണ് സന്ന്യാസം എന്നു തിരിച്ചറിഞ്ഞുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു ദിശാബോധം നൽകുന്നതിന് ബഥനിയെ പിതാവ് എല്ലാക്കാലവും ആഹ്വാനം ചെയ്യുന്നു.

ബന്ധത്തിലെ അനൗദ്യോഗികത

ഒരു കരുതലുള്ള പിതാവിനെപ്പോലെയും സ്നേഹമുള്ള സഹോദരനെപ്പോലെയും അനൗദ്യാഗികതയോടെ പിതാവ് പലപ്പോഴും ബഥനിയിലേയ്ക്ക് കടന്നു വരാറുണ്ട്. സമൂഹത്തിന്റെ അനൗദ്യോഗിക സമ്മേളനങ്ങളിലുള്ള പിതാവിന്റെ സാന്നിധ്യം കരുതലിന്റെ മറ്റൊരു മുഖമാണ്. ചിലപ്പോൾ മുൻകൂട്ടി അറിയിച്ചും മറ്റു ചിലപ്പോൾ മുന്നറിയിപ്പുകൾ ഇല്ലാതെയും പിതാവ് സന്ദർശിക്കും. വരുമ്പോഴെല്ലാം ചിന്തിക്കാൻ ചില വിഷയങ്ങളും നൽകും, ഒപ്പം പ്രാർഥനാവിഷയവും. അനൗദ്യോഗിക സന്ദർശനങ്ങളാണ് പിതാവിന്റെ ലാളിത്യവും നർമബോധവും കൂടുതൽ അടുത്തറിയാൻ സിസ്റ്റേഴ്സിന് അവസരം നൽകുന്നത്. ആരുടെയും വികാരങ്ങളെ വ്രണപ്പെടുത്താതെ, ആരെയും പരിഹസിച്ചു തരംതാഴ്ത്താതെ അവസരോചിതമായി ചിന്തിക്കാനുള്ള വക നൽകുന്ന തരത്തിൽ നർമം പറയാനുള്ള കഴിവ് പിതാവിന് ലഭിച്ചിരിക്കുന്ന സവിശേഷമായ കൃപയാണ്. സരസമായ നർമം ആസ്വദിക്കാനുള്ള കഴിവും പിതാവിനുണ്ട്. കൊറോണയുടെ സമയം പിതാവിനു പരസ്യമായി നാമഹേതുക തിരുനാൾ ആഘോഷിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ മഠത്തിൽ സ്വകാര്യമായി നാമഹേതുകതിരുനാൾ സിസ്റ്റേഴ്സ് ആഘോഷിച്ച വേളയിൽ ഇക്കാര്യം നേരിട്ട് അനുഭവിക്കാനിടയായി. സിസ്റ്റേഴ്സിന്റെ കലാപരിപാടികൾ വളരെ ക്ഷമയോടെ ആസ്വദിച്ച് അവരോടൊപ്പം സമയം ചിലവിടുന്ന ഒരു സ്നേഹപിതാവിനെയാണ് അന്നു കാണാൻ സാധിച്ചത്.

വിശ്രമജീവിതം നയിക്കുന്ന സിസ്റ്റേഴ്സിന്റെ പ്രാർഥനയും പിതാവിന് ബലമാ

www.malankaralibrary.com

ണെന്ന് പിതാവ് തിരിച്ചറിയുന്നു. അവരെ സന്ദർശിക്കാനും അവരോടൊപ്പവും അവർക്കു വേണ്ടിയും പ്രാർഥിക്കാനും പിതാവ് സമയം കണ്ടെത്തുന്നു. ബഹു. സിസ്റ്റേഴ്സിന്റെ സംസ്കാര ശുശ്രൂഷകളും സാധിക്കാവുന്നിടത്തോളം അത്യഭിവന്ദ്യ പിതാവു തന്നെ നടത്താൻ പിതാവ് ശ്രമിക്കുന്നതും സമൂഹത്തോടും വ്യക്തികളോടുമുള്ള പിതാവിന്റെ കരുതലിന്റെ ഭാഗമാണ്. സംലഭ്യനാകുക എന്നത് പിതാവിന്റെ ജീവിതശൈലിതന്നെയാണ്.

യാത്രാമദ്ധ്യേ ഊട്ടിഉറപ്പിക്കുന്ന ബന്ധം

യാത്രാമധ്യേ മഠങ്ങൾ സന്ദർശിക്കുന്നത് ബഥനി സിസ്റ്റേഴ്സുമായുള്ള ബന്ധം ദൃഢമാക്കുന്ന മറ്റൊരു അവസരമാണ്. യാത്രാ മധ്യേ ചില മഠങ്ങളിൽ കയറി വലിയ സ്വാതന്ത്ര്യത്തോടെ സിസ്റ്റേഴ്സിന്റെ ആതിഥ്യം സ്വീകരിക്കുന്ന ഒരു രീതി പിതാവിനുണ്ട്. അത്തരം അനുഭവം സിസ്റ്റേഴ്സ് സന്തോഷത്തോടെ വങ്കുവയ്ക്കുന്നത് കേട്ടിട്ടുണ്ട്. കയറിചെല്ലുന്ന മഠത്തിൽ അവിടെഅപ്പോൾ ഉള്ളതു സന്തോഷത്തോടും സംതൃപ്തിയോടും കഴിച്ച് പോകുന്ന പിതാവിനെ സ്വീകരിക്കാനാകുന്നത് അനുഗ്രഹത്തിന്റെ ഒരവസരമായാണ് സിസ്റ്റേഴ്സ് കാണുന്നത്. അങ്ങനെ വിളമ്പി നൽകുന്നവരെ പിതാവ് എന്നും നന്ദിയോടെ ഓർക്കാറുമുണ്ട്.

വ്യക്തിബന്ധങ്ങളിലൂടെ വളരുന്ന സമൂഹ ബന്ധം

ചെറിയ ഒരു വ്യക്തിയുടെ പോലും ആഗ്രഹങ്ങളെ മാനിക്കുകയും തന്നാലാവുംവിധം അതു സാധിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് പിതാവ്. ഒത്തിരി സിസ്റ്റേഴ്സിന് ഇത്തരം അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ടാകും. എന്റെ വ്യക്തിപരമായ ഒരനുഭവം ഇവിടെ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ഞാൻ റോമിൽ പഠിക്കുന്ന സമയമാണ്. ലൈസൻഷ്യേറ്റു പഠനം പൂർത്തിയാക്കി നാട്ടിലേക്കു വരാൻ ഒരുങ്ങുകയായിരുന്നു ഞാൻ. നാട്ടിലേയ്ക്ക് തിരിച്ചുപോകും മുമ്പ് റോമിൽ Notredame Gisters ന്റെ ജനറലേറ്റ് മാതൃഗൃഹത്തിൽ റോമിൽ പഠിക്കുന്ന നമ്മുടെ അച്ചന്മാരിൽ ഒരാളെ വിളിച്ച് ഒരു ദിവ്യബലിയർപ്പിച്ച് ഒരു കേരളീയ ഭക്ഷണവും സിസ്റ്റേഴ്സിനായി ഒരുക്കിക്കൊടുക്കണമെന്ന് ഞാനാഗ്രഹിച്ചു. എനിക്കു മുമ്പ് മൂന്ന് ബഥനി സിസ്റ്റേഴ്സിന് താമസസൗകര്യം നല്കിയവരാണ് ഈ ബഹു Notredame Sisters. അവരുടെ ജനറലേറ്റ് ഞങ്ങൾക്ക് സ്വഭവനം പോലെയാണ്. ബഹു. സിസ്റ്റേഴ്സിന്റെ സ്നേഹവും കരുതലും സൗഹൃദവും റോമിൽ പഠിക്കുന്ന സിസ്റ്റേഴ്സിന് വലിയ ആശ്വാസമായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുകൊണ്ട് അവരുടെ ഭവനത്തിൽ ദിവ്യബലിയർപ്പിക്കുയും ഭക്ഷണം ഒരുക്കുകയും ചെയ്യുക എന്നത് ഒരു കൃതജ്ഞതാപ്രകടനം കൂടിയാണ്. പക്ഷേ ജൂലൈ മാസമായതിനാൽ റോമിൽ പഠിക്കുന്ന വൈദികരെല്ലാം അവധിക്കാല മിനിസ്ട്രിക്കായി റോമിനുപുറത്താണ്. എന്തുചെയ്യും എന്നാലോചിക്കുമ്പോഴാണ് ബഹു. ഐസക് തോട്ടുങ്കലച്ചൻ തന്റെ യാത്രാ പരിപാടി മൂന്നു നാലു ദിവസത്തേക്ക് നീട്ടിവച്ചേക്കുകയാണെന്നറിഞ്ഞത്. എന്റെ ആഗ്രഹം അറിഞ്ഞയുടൻ സന്തോഷത്തോടെ ബഹു. ഐസക് അച്ചൻ അത് ഏറ്റെടുക്കുകയും ജനറലേറ്റ് മന്ദിരത്തിൽ വന്ന് ദിവ്യബലിയർപ്പിക്കുകയും ഞങ്ങളോടൊപ്പം കേരളീയ ഭക്ഷണത്തിൻ പങ്കുചേരുകയും ഞങ്ങൾക്കുവേണ്ടി സിസ്റ്റേഴ്സിന് ഉചിതമായവിധം നന്ദി അർപ്പിക്കുകയും ചെയ്തു. മനസിലുദിച്ച ചെറിയ ഒരാഗ്രത്തെ വലുതായിക്കണ്ട് അതിനുവേണ്ടി സമയം മാറ്റിവച്ച്



www.malankaralibrary.com

Viadella Camilluccia എന്ന സ്ഥലത്ത് എത്തിച്ചേരുകയും അവസരോചിതമായി സിസ്റ്റേഴ്സിന് നന്ദി അറിയിക്കുകയും ചെയ്ത ഐസക് അച്ചന്റെ മനസിന്റെ നന്മയോർത്ത് എന്റെ കണ്ണുകൾ ഈറനായി. ഇന്നും ആ സംഭവം ഓർക്കുമ്പോൾ വലിയ സന്തോഷവും കൃതജ്ഞതയുമാണ് മനസിൽ. ഒരു വൈദികനായിരിക്കുമ്പോൾ മുതൽ തന്നെ ബഥനി സിസ്റ്റേഴ്സിന്റെ വളർച്ചയെ വളരെ ആകാംക്ഷോടെ നോക്കിക്കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് അത്യഭിവന്ദ്യ പിതാവ്. മെത്രാനായശേഷവും അതു തുടരുന്നു.

സിസ്റ്റേഴ്സ് ഉപരിപഠനം നടത്തുന്നതും ദൈവശാസ്ത്രവിഷയങ്ങളിൽ അവഗാഹം നേടുന്നതും പ്രോത്സാഹിപ്പിക്കുന്ന പിതാവാണ് അത്യഭിവന്ദ്യ കാതോലിക്കാ ബാവാതിരുമേനി. സിസ്റ്റേഴ്സിനെ ഉപരിപഠനത്തിനായി അയക്കുമ്പോൾ വളരെ ആത്മാർഥമായ പിന്തുണയും പ്രോത്സാഹനവും പിതാവ് നൽകുന്നു. തിരുവല്ല ഭദ്രാസനാദ്ധ്യക്ഷനായിരിക്കുമ്പോൾ ഒരു കോൺഫറൻസിൽ പേപ്പർ അവതരിപ്പിച്ച ഒരു ബഥനി സിസ്റ്ററിനെ വഴിയിൽ വച്ച് കണ്ടപ്പോൾ വാഹനം നിർത്തിച്ച് അഭിനന്ദനം അറിയിക്കുകയും ആശീർവാദം നൽകുകയും ചെയ്ത അനുഭവമുണ്ട്. ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ദൈവശാസ്ത്രപഠനഗ്രഹം കൂടിയായ എം.റ്റി.സി യിലെ പ്രവർത്തനങ്ങളെയും വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും വളർത്താനാഗ്രഹിക്കുകയും ചെയ്യുന്നു എന്നത് ഏറെ നന്ദിയോടെ ഓർക്കുന്നു. സിസ്റ്റേഴ്സിന് സെമിനാരിയിൽ പഠിപ്പിക്കാനവസരം നലകുന്നു എന്നതും അത്യഭിവന്ദ്യപിതാവിന് ഉപരിപഠനം നടത്തിയ സിസ്റ്റേഴ്സിന് സഭയുടെ പണിതുയർത്തലിൽ പങ്കുനൽകണം എന്ന ഉദാത്തമായ കാഴ്ചപ്പാടിന്റെ ഫലമാണ്.

കെ. സി. എം. എ സിന്റെ പ്രഥമപ്രസിഡന്റായുള്ള എന്റെ ശുശ്രൂഷയെയും പിതാവ് വളരെ അഭിമാനത്തോടെ കാണുകയും പിന്തുണക്കുകയും ചെയ്തു എന്നത് സന്തോഷപൂർവം ഓർക്കുന്നു.

അസ്തോലികപ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിലൂടെ വളരുന്ന ബന്ധം

പൊന്തിഫിക്കൽ പദവിയുള്ള സമൂഹമെന്ന നിലയിൽ ബഥനിയുടെ ശുശ്രൂഷാമേഖലകളും സ്ഥലങ്ങളും തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉള്ളപ്പോൾതന്നെ മലങ്കര സുറിയാനി കത്തോലിക്കാ സഭയോടുള്ള ബഥനിയുടെ സമർപണം ജീവിക്കാൻ ബഥനിയെ പിതാവ് ഉദ്ബോധിപ്പിക്കുന്നു. ബഥനിയുടെ എല്ലാ അപ്പസ്തോലികപ്രവർത്തന മേഖലകളും പിതാവിന്റെ കരുതൽ അനുഭവിക്കുന്നു. ബഥനി സിസ്റ്റേഴ്സിന്റെ സിദ്ധിയുടെ അഭിവാജ്യഘടകമായ വിദ്യാഭ്യാസമേഖലയും പിതാവിന്റെ നിരന്തര ശ്രദ്ധയിലുണ്ട്. വിദ്യാഭ്യാസമേഖലയിൽ അനുയോജ്യരായ സിസ്റ്റേഴ്സിന്റെ സേവനം ഉറപ്പാക്കുന്നതിന് പിതാവ് ജാഗരൂകനാണ്. സ്ത്രീശാക്തീകരണാർഥമുള്ള എല്ലാ പ്രവർത്തനങ്ങളെയും പിതാവ് ബഹുമാനിക്കുകയും അവയുടെ പുരോഗതിയിൽ താത്പര്യം കാട്ടുകയും ചെയ്യുന്നു. ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപനങ്ങളിലെല്ലാം പിതാവ് അനൗദ്യോഗികസന്ദർശനം നടത്തി അവയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നു. ബഥനി സിസ്റ്റേഴ്സിന്റെ അപ്പസ്തോലികപ്രവർത്തനങ്ങളെല്ലാം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തന്നെ അപ്പസ്തോലിക പ്രവർത്തനങ്ങളാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടു പിതാവ് അവയെ വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സഭയുടെ വിവിധ സംഘടനകളുടെ ആനിമേറ്റർമാരായി ബഥനി സിസ്റ്റേഴ്സിനെ നിയമിക്കുന്നതും ഈ അവബോധത്തിന്റെ ഫലമാണ്. മാർ ഈവാനിയോസ് പിതാവിന്റെ നാമകരണനടപടിയിൽ സജീവ പങ്കാളിത്തം ബഥനിയിലെ സിസ്റ്റേഴ്സിനു നൽകിക്കൊണ്ട് സഭയുടെ പ്രവർത്തനങ്ങളിൽ ബഥനി സന്യാസിനികളുടെ പങ്ക് പിതാവ് ഉറപ്പാക്കി. നാമകരണനടപടികളുടെ വൈസ് പോസ്റ്റുലേറ്ററായി ഒരു ബഥനി സിസ്റ്ററിനെ നിയമിച്ചത് ബഥനിയുടെ പങ്ക് അംഗീകരിച്ചതുകൊണ്ടാണ്. കാതോലിക്കേറ്റ് സെന്ററിന്റെ നടത്തിപ്പിൽ അഞ്ചു വർഷത്തേക്ക് ബഥനിക്കു അവസരം നൽകിയതും നന്ദിയോടെ ഓർ

www.malankaralibrary.com

ക്കുന്നു. അതുപോലെ സുന്നഹദോസുകളിലും സഭാദ്ധ്യക്ഷന്മാരുടെ ഇതര കൂടിവരവുകളിലും ബഥനിയുടെ മേജർ സുപ്പീരിയേഴ്സിനെ ക്ഷണിക്കുന്നതും ശ്രവിക്കുന്നതും ബഥനിയുടെ സ്ഥാനത്തിനും ദൗത്യത്തിനും പിതാവു നൽകുന്ന അംഗീകാരത്തിന്റെ പ്രകടനമാണ്. സഭയിൽ ബഥനിയുടെ സ്ഥാനവും ബഥനിയുടെ സഭാപരമായ ദൗത്യവും സ്വീകാര്യതയും ഇപ്രകാരം അംഗീകരിക്കുന്നത് പിതാവിന്റെ സഭാദർശനത്തിന്റെ ഫലമായാണ്. സമൂഹത്തിന്റെയും പ്രോവിൻസിന്റെയും സിനാക്സിസുകളിൽ വന്നു ഞങ്ങൾക്കു ദിശാബോധം നൽകുന്നതും, മാർഗനിർദേശം നൽകുന്നതും, ഓണപരിപാടികളിൽ ഞങ്ങളോടൊപ്പമായിരുന്ന് ഞങ്ങൾ വിളമ്പുന്നതു ആസ്വദിച്ചു കഴിച്ചും ഞങ്ങൾക്കു വിളമ്പിത്തന്നും നൽകുന്ന സൗഹൃദവും സഹോദരനടുത്ത സ്നേഹവും, നോവീസസ്സിന്റെ കാനോനിക സന്ദർശനങ്ങളും, സന്യാസ പ്രതിഷ്ഠ, വ്രതവാഗ്ദാനജൂബിലി മുതലായ സന്ദർഭങ്ങളിലെ സാന്നിധ്യവും, ഇടവകകളിലെ സാന്നിധ്യവും, ഒക്കെ ഞങ്ങൾ വിലമതിക്കുന്നു.

എക്കാലവും ഒരുപോലെ

ബത്തേരി ഭദ്രാസനത്തിന്റെ വികാർ ജനറാൾ ആയിരിക്കുമ്പോഴും, തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷനായിരിക്കുമ്പോഴും, അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക വികാരിയായിരിക്കുമ്പോഴും, മേജർ ആർച്ചുബിഷപ്പും കർദ്ദിനാളും ആയിരിക്കുമ്പോഴുമെല്ലാം ബഥനിയുടെ വളർച്ചയിൽ പിതാവ് ഒരുപോലെ ശ്രദ്ധാലുവായിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. മലങ്കരസുറിയാനി സഭയുടെ തലവനും പിതാവും എന്ന നിലയിൽ ഈ ബന്ധം കൂടുതൽ സഭാത്മകമായി ആഴപ്പെടുത്താൻ പിതാവ് ജാഗരൂകനാണ്.

ഉപസംഹാരം

ക്ലീമീസ് എന്ന നാമം സ്വീകരിച്ച് മെത്രാനായി അഭിഷിക്തനായിട്ട് കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ആശംസകളും പ്രാർഥനകളും ആദരവോടെ സമർപ്പിക്കുന്നു. ക്ലീമീസ് എന്ന നാമം സൂചിപ്പിക്കുന്നപോലെ മുന്തിരിവള്ളി പോലെ തായ്ത്തടിയായ യേശുമിശിഹായോട് ചേർന്നു നിന്ന് പിതാവ് മിശിഹാനുകരണ സന്ന്യാസിനീ സമൂഹത്തിന് നൽകുന്ന സ്നേഹത്തണലിനും വാത്സല്യത്തിനും ഞങ്ങൾ നന്ദി പറയുന്നു. മിശീഹാനുകരണം എന്ന ഞങ്ങളുടെ ദൗത്യം നിറവേറ്റാൻ പിതാവു നൽകുന്ന ശ്രദ്ധയും പ്രോത്സാഹനവും ഞങ്ങൾ നന്ദിയോടെ അനുസ്മരിക്കുന്നു. സന്ന്യാസത്തെ സംരക്ഷിക്കുമ്പോൾ സഭയെയാണ് സംരക്ഷിക്കുന്നത് എന്ന ബോധ്യത്തിൽ ആഴപ്പെട്ടുകൊണ്ടും സഭയുടെ സുസ്ഥിതിക്ക് സന്ന്യാസസമൂഹങ്ങളുടെ സുസ്ഥിതി നിർണായക ഘടകമാണ് എന്നത് അനുസ്മരിച്ചുകൊണ്ടും മിശിഹായോടു ചേർന്നു നിന്ന് മലങ്കരസുറിയാനി കത്തോലിക്കാ സഭയിൽ ദൈവം ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കാൻ അത്യഭിവന്ദ്യ പിതാവിന് സാധിക്കട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി മെത്രാഭിഷേകത്തിന്റെ രജതജൂബിലി മംഗളങ്ങൾ വ്യക്തിപരമായും ബഥനി സന്ന്യാസിനീസമൂഹത്തിനുമുഴുവൻ വേണ്ടിയും ആശംസിക്കുന്നു.



www.malankaralibrary.com

തണലേകുന്ന ശ്രേഷ്ഠാചാര്യ ശുശ്രൂഷ





റവ. ഡോ. ശാന്തൻ ചരുവിൽ

വൃക്ഷത്തണലിൽ ഇരുന്ന് ഗുരു ശിഷ്യന്മാരുമായി സംവദിക്കുകയാണ്. തണലാണ് ചർച്ചാവിഷയം. ഗുരുവിന്റെ സാധാരണമായ ചോദ്യം: എന്താണ് തണൽ? ശിഷ്യന്മാരുടെ വ്യത്യസ്തമായ മറുപടികൾക്കൊടുവിൽ ഗുരുവിന്റെ ഉത്തരം: 'മരം കൊണ്ടെവെയിലാണ് തണൽ'.

നാം ജീവിക്കുന്നിടത്ത് തണൽ ഉണ്ടെങ്കിൽ അതിനർത്ഥം നമുക്ക് വേണ്ടി ആരോ വെയിൽ കൊള്ളുന്നു എന്നാണ്. ആരൊക്കെയോ കൊണ്ട വെയിലിന്റെ ബാക്കിയാണ് നമ്മൾ. അച്ഛൻ, അമ്മ, സഹോദരങ്ങൾ, സുഹൃത്തുക്കൾ, ഗുരുഭൂതർ, ചില അപരിചിതർ... ഇങ്ങനെ ചിലരൊക്കെ നമുക്കു വേണ്ടി വെയിൽ കൊണ്ടില്ലായിരുന്നുവെങ്കിൽ നമ്മുടെ ജീവിതം എന്നേ വാടിക്കരിഞ്ഞു പോകുമായിരുന്നു.

മരം മുറിച്ചു മാറ്റുമ്പോൾ ആദ്യം നഷ്ടപ്പെടുന്നത് തണലാണ്. അതുകൊണ്ടാണ് പ്രിയപ്പെട്ടവർ വേർപെടുമ്പോൾ നാം വിലപിക്കുന്നത്; എന്റെ തണൽ പോയി എന്ന്. തണലേകി കരിഞ്ഞുപോയവരെ മറക്കുന്നതാണ് ഏറ്റവും വലിയ അപരാധം. വൃദ്ധസദനങ്ങളിലും ഭവനങ്ങളിലെ മൂലകളിലും ജീവിതം തള്ളിനീക്കുന്നത് ഒരിക്കൽ നമുക്ക് തണൽ നൽകാൻ വെയിലേറ്റ് കരിഞ്ഞുപോയ ജീവിതങ്ങളാണെന്ന് മറക്കാതിരിക്കാം. പലപ്പോഴും വെയിലു കൊള്ളാതെ തണലാകുവാനും നമുക്ക് വൈദഗ്ദ്ധ്യം ഉണ്ട്. ആശുപത്രിയിൽ കൊടുക്കുന്ന പൊതിച്ചോറ്,

www.malankaralibrary.com

അനാഥാലയത്തിൽ നൽകുന്ന ഉപയോഗിച്ച വസ്തുക്കൾ, നിർധന വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനോപകരണങ്ങൾ, പാവപ്പെട്ട സ്ത്രീകൾക്ക് വിതരണം ചെയ്യുന്ന സാരി... അതിനു മുൻപിൽ നിന്ന് എടുക്കുന്ന ചിത്രം സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച് അഭിമാനിതരാകുന്നത്... അങ്ങനെ പലതും. തണലാകുന്നു എന്ന് അഭിനയിക്കുമ്പോഴും നമുക്ക് പൊള്ളുന്നില്ല എന്ന് നാം ഉറപ്പു വരുത്തുന്നു. ജീവിതം ധന്യമാകുന്നത് നാം വെറും പാഴ് മരം ആകുമ്പോൾ അല്ല, തണൽ മരം ആകുമ്പോഴാണ്.

സ്വയം വെയിലേറ്റ് സഹജീവികൾക്ക് തണലേകിയ മഹാ പൗരോഹിത്യത്തിന്റെ കാൽ നൂറ്റാണ്ട് പിന്നിടുകയാണ് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ. മാർ ഇവാനിയോസ് പിതാവിന്റെ ഉന്നത വ്യക്തി പ്രാഭവവും, മാർ ഗ്രിഗോറിയോസ് പിതാവിന്റെ വിപുലമായ സാമൂഹിക ബന്ധവും, മാർ ബസേലിയോസ് പിതാവിന്റെ ദൈവശാസ്ത്ര ദർശനവും ഒത്തിണങ്ങിയ ഒരു ഇടയനെ ഈ കാലഘട്ടത്തിൽ ദൈവം നമുക്ക് നൽകിയിരിക്കുന്നു. 1959-ൽ മുക്കൂർ എന്ന ചെറു ഗ്രാമത്തിൽ ജനിച്ച്, പഠിച്ച്, തിരുവല്ല അതിരൂപതയ്ക്കുവേണ്ടി വൈദിക വിദ്യാഭ്യാസം ആരംഭിച്ച്, ബത്തേരി രൂപതയ്ക്ക് വേണ്ടി ആലുവ, പൂന പേപ്പൽ സെമിനാരികളിൽ നിന്ന് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി,1986-ൽ വൈദികനായി, റോമിലെ ഉന്നത പഠനത്തിനു ശേഷം ബത്തേരി രൂപതയുടെ വികാരി ജനറലായി ശുശ്രൂഷ ആരംഭിച്ച്, 2001-ൽ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട്, അമേരിക്കൻ ഐക്യ നാടുകളിലെ ശുശ്രൂഷകളെ തുടർന്ന് 2003 -ൽ തിരുവല്ല അതിരൂപതയുടെ അധ്യക്ഷനായും 2007-ൽ സഭയുടെ തലവനും പിതാവുമായും 2012-ൽ കർദ്ദിനാളായും ശുശ്രൂഷ തുടരുന്ന വന്ദ്യ പിതാവിനെ ദൈവം കൈപിടിച്ച് നടത്തിയ വഴികൾ കാണുമ്പോൾ 'ദൈവമേ നിന്റെ വഴികൾ എത്രയോ വിസ്മനീയം' എന്ന് സങ്കീർത്തകനൊപ്പം പറഞ്ഞു പോവുകയാണ്.

തന്റെ ദീർഘമായ 40 വർഷത്തെ പൗരോഹിത്യ ജീവിതവും, 25 വർഷത്തെ മഹാപൗരോഹിത്യ ശുശ്രൂഷയും, ഒരു വടവൃക്ഷമാകാനല്ല പിതാവ് ശ്രമിച്ചത്, പിന്നയോ ഒരു തണൽ മരമാകാനാണ്. തന്റെ ഓരോ വർഷത്തെയും തിരുനാൾ ആഘോഷവും, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വർക്കും, അവഗണിക്കപ്പെട്ടവർക്കും തണലേകുന്ന ചെറുശാഖകളാക്കി തീർക്കുവാൻ പിതാവിനു കഴിഞ്ഞു. പാവപ്പെട്ട ഭവനങ്ങളിലെ ആൺകുട്ടികൾക്ക് സംരക്ഷണം നൽകാൻ ലക്ഷ്യമിട്ട് കാട്ടാക്കടയിൽ ആരംഭിച്ച ബെത്‌ലഹേം ബോയ്സ് ഹോം, നിരാലംബരായ അമ്മമാർക്കായി അഞ്ചലിൽ ആരംഭിച്ച അമ്മവീട്, നിർദ്ധനരായ വൃക്ക രോഗികൾക്ക് ആശ്വാസമരുളുന്ന പിരപ്പൻകോട് സെന്റ് ജോൺസ് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ, തെരുവിൽ അലയുന്ന മാനസിക രോഗികളുടെ പുനരധിവാസ കേന്ദ്രമായ നാലാഞ്ചിറയിലെ സ്നേഹവീട്, ഗതിയില്ലാത്ത രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അഭയം നൽകുന്ന പട്ടത്തെ സാന്ത്വനം... ഒക്കെ ഒരു സഭാദ്ധ്യക്ഷന്റെ തിരുനാൾ ആഘോഷത്തിന്റെ ബാക്കി പത്രങ്ങളാണ്.

മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിനോട് ഒരു പത്രപ്രവർത്തകൻ ചോദിച്ചു : "Are you handsome?" അദ്ദേഹത്തിന്റെ മറുപടി : "I am not a handsome guy, but I give my hands to needy. Beauty is in the heart not in the face". ഒരു വ്യക്തിത്വത്തിന്റെ സൗന്ദര്യം സഹജീവികൾക്ക് തന്റെ സഹായ ഹസ്തം നീട്ടികൊടുക്കുന്നതാണെങ്കിൽ, ഈ കാലഘട്ടത്തിലെ ഏറ്റം സുന്ദരമായ വ്യക്തിത്വത്തിന് ഉടമയാണ് പിതാവ്. തന്റെ കർമ്മമേഖലയിൽ, സ്വന്തമായ ഭവനമില്ലാത്ത ആരും ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "സ്നേഹപൂർവ്വം ഒരു വീട്" പദ്ധതി എത്രയോ കുടുംബങ്ങൾക്ക് തണലാകുന്നു. പിതാവിന്റെ കരം നീളുന്നത് ജാതിയോ, മതമോ, സഭയോ, രാഷ്ട്രീയമോ നോക്കിയല്ല. ഈ ഭവന പദ്ധതിയിൽ 50 വീടെങ്കിലും അക്രൈസ്തവ വിഭാ

www.malankaralibrary.com

ഗങ്ങൾക്ക് ലഭ്യമാക്കണമെന്ന് പിതാവ് തീരുമാനിച്ചത് ഈ വിശാലഹൃദയം മൂലമാണ്. തലസ്ഥാന നഗരിയിലെ ഒരു ഓർത്തഡോക്സ് ഇടവകയിൽ സാധുക്കളായ പെൺകുട്ടികളുടെ വിവാഹം നടത്തികൊടുക്കുന്നു എന്നറിഞ്ഞപ്പോൾ ആദ്യ സംഭാവനയായി 3 ലക്ഷം രൂപ ആ ഇടവകയിലെ വൈദികനെ വിളിച്ചു നൽകിയത് തലസ്ഥാന നഗരി മറന്നിട്ടില്ല. ഈ മഹാപുരോഹിതൻ നൽകുന്ന തണലിൽ ധന്യമായ ജീവിതം നയിക്കുന്നവർ എത്രയോ...!

ആഗ്ലേയ സാഹിത്യകാരനായബർണാഡ് ഷാ എഴുതി : " If you want to tell people the truth, make them laugh : otherwise they will kill you" (മനുഷ്യരോട് സത്യം പറയണമെങ്കിൽ ആദ്യം അവരെ ചിരിപ്പിക്കുക. അല്ലെങ്കിൽ അവർ നിങ്ങളെ കൊല്ലും.) പ്രസംഗങ്ങൾ ദൈവാലയത്തിൽ ആകട്ടെ പൊതുവേദിയിൽ ആകട്ടെ, ഗൗരവകരമായ ദൈവശാസ്ത്ര വിഷയങ്ങളാകട്ടെ പൊതു വിഷയങ്ങൾ ആകട്ടെ നർമ്മം ചാലിച്ച് അവതരിപ്പിക്കാൻ പിതാവിന് ഒരു പ്രത്യേക കഴിവുണ്ട്. ഈ നർമ്മങ്ങൾ ഒക്കെ സ്വാഭാവികമാണ് താനും.

ജീൻപോൾ സാർത്ര് എഴുതി: "The best work is not what is most difficult for you; it is what you do best." താൻ കാർമികത്വം വഹിക്കുന്ന ആത്മീയ ശുശ്രൂഷകൾ ഏറ്റവും മികച്ചതും, ശ്രേഷ്ഠവും, ഭക്തിദ്യോതകവും, ആകർഷകവും ആയിരിക്കണമെന്ന് പിതാവിന് നിർബന്ധമുണ്ട്. മെത്രാഭിഷേക വൈദികപട്ട ശുശ്രൂഷകൾ, പള്ളി കൂദാശകൾ, സഭയിലെ മറ്റു പൊതു ശുശ്രൂഷകൾ ഇവക്കൊക്കെ എത്രമാത്രം മുൻ ഒരുക്കങ്ങൾ പിതാവ്, സഹ ശുശ്രൂഷികളും മറ്റ് ബന്ധപ്പെട്ടവരുമായി ചേർന്ന്, നടത്തുന്നതു കൊണ്ടാണ് അവയൊക്കെ ആകർഷകവും മികച്ചതുമായി തീരുന്നത്. സഭാ ആസ്ഥാനതലത്തിലും ഇടവക തലങ്ങളിലും നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പിതാവിന്റെ പ്രത്യേക ആലോചനയിലും മേൽനോട്ടത്തിലും നടത്തപ്പെടുന്നത് എല്ലാം മെച്ചമായിരിക്കണം എന്ന നിർബന്ധബുദ്ധി മൂലമാണ്.

ജെറമിയ പ്രവാചകൻ കർത്താവിന് പ്രിയങ്കരരായ ഇടയന്മാരെ കുറിച്ച് പ്രവചിച്ചിരിക്കുന്നു "എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് നൽകും. അവർ ജ്ഞാനത്തോടും വിവേകത്തോടും നിങ്ങളെ നയിക്കും." മലങ്കര സുറിയാനി കത്തോലിക്ക സഭ പുനരൈക്യത്തിന്റെ ആദ്യ നാളുകൾ മുതൽ ആഗോള കത്തോലിക്കാ സഭയിലും, ഭാരതത്തിലും, കേരളത്തിലും, മറ്റു സഭകൾക്കിടയിലും, പൊതുസമൂഹത്തിലും, സമാനതകൾ ഇല്ലാത്ത സ്വാധീന ശക്തിയായി വളർന്നതും, ഇന്നും ശ്രദ്ധിക്കപ്പെടുന്നതും, സഭയെ ജ്ഞാനത്തോടും, വിവേകത്തോടും നയിക്കുവാൻ പരിശുദ്ധാത്മാവ് നിറവുള്ള ഇടയന്മാരെ ദൈവം നൽകുന്നതുകൊണ്ടാണ്. തന്റെ മുൻഗാമികളുടെ വലിയ പൈതൃകവും, നേതൃവാസനയും, ആർജ്ജവത്വവും ഒത്തിണങ്ങിയ ഒരിടയനേയാണ് ദൈവം ഈ കാലഘട്ടത്തിൽ നമുക്ക് നൽകിയിരിക്കുന്നത്. വിശാലമായ മാനവികതയുടെ ഉടമയാണ് പിതാവ്. കത്തോലിക്കനു മാത്രമല്ല, അകത്തോലിക്കനും ഹിന്ദുവിനും മുസ്ലിമിനും ഈശ്വരവിശ്വാസിക്കും നിരീശ്വരവാദിക്കും വ്യത്യസ്ത രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങൾ പിന്തുടരുന്നവർക്കും ആ ഹൃദയത്തിൽ ഇടമുണ്ട്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയെ സന്ദർശിച്ചപ്പോൾ വിമർശിച്ചവരോടുള്ള പിതാവിന്റെ പ്രതികരണം അർത്ഥഗർഭമായിരുന്നു. "ഞാൻ സന്ദർശിച്ചത് ഭാരതത്തിന്റെ പ്രധാനമന്ത്രിയെയാണ്". തലസ്ഥാന നഗരിയിലെ ഒരു ഹൈന്ദവ ആശ്രമം, ഒരു ആത്മീയ ആചാര്യന് നൽകാവുന്ന ഏറ്റവും വലിയ ആദരം തിരുമേനിക്ക് നൽകിയപ്പോൾ മതസൗഹാർദ്ദത്തിന്റെ ഒരു പുതിയ അധ്യായം ഇവിടെ എഴുതിച്ചേർക്കപ്പെടുകയായിരുന്നു. എതിർക്കുന്നവരെയും സ്നേഹംകൊണ്ട് കീഴടക്കുന്ന ഒരു വശ്യത ആ വ്യക്തിത്വത്തിന്റെ ഭാഗമാണ്. തിരുവല്ല അതിരൂപതാ അധ്യക്ഷൻ ആയിരിക്കുമ്പോൾ, പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ പേരിൽ അരമനയ്ക്കു മുന്നിൽ പന്തലു കെട്ടി സമരം ചെയ്ത, യുവജന സംഘടനയുടെ സമരപ്പ

www.malankaralibrary.com

ന്തലിൽ കടന്നുചെന്ന് അവരുടെ മൈക്കിലൂടെ അവരെ അഭിസംബോധന ചെയ്തപ്പോൾ, അവരോടൊപ്പം രാഷ്ട്രീയ കേരളവും സ്തംഭിച്ചു പോയി. പലരും പൊതുജീവിതത്തിൽ തീവ്രനിലപാടുകൾ സ്വീകരിക്കുന്നത് ശ്രദ്ധ കിട്ടുവാൻ ആണ്. നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ക്രൈസ്തവ സഭകളെ ബാധിക്കുന്ന പല പ്രശ്നങ്ങളിലും, സഭയ്ക്ക് ഉള്ളിൽ നിന്നും പുറത്തുനിന്നും പലരും തീവ്ര നിലപാടുകളുടെ വക്താക്കളായി ചമഞ്ഞ്, അവഹേളിതരാവുമ്പോൾ, സഭയുടെ നിലപാടുകൾ മിതവാദത്തിന്റെ ഭാഷയിൽ, എന്നാൽ ശക്തമായി ഉന്നയിച്ച്, പൊതു സ്വീകാര്യത നേടുകയാണ് പിതാവ്. പൊതുവിഷയങ്ങളിൽ പിതാവിന്റെ ശബ്ദത്തിനായി കേരളത്തിലെ രാഷ്ട്രീയ, സാമൂഹിക, സാമുദായിക വിഭാഗങ്ങൾ ചെവി കൊടുക്കുന്നത് ഈ സ്വീകാര്യതയുടെ ഫലമായാണ്.



തെരുവിൽ കഴിയുന്ന മഹാ ജ്ഞാനിയായ ഗ്രീക്ക് തത്വചിന്തകൻ, ഡയോജനിസിനെ കണ്ടപ്പോൾ മഹാനായ ചക്രവർത്തി അലക്സാണ്ടർ പറഞ്ഞു: "If I were not Alexander, Then I would wish to be Diagones" (ഞാൻ അലക്സാണ്ടർ അല്ലായിരുന്നുവെങ്കിൽ, ഡയോജനസ് ആകുവാൻ ആഗ്രഹിക്കുമായിരുന്നു) അതിന് ഡയോജനസിന്റെ മറുപടി: "If I were not Diogenes, I would still wish to be Diogenes" (ഞാൻ ഡയോജനിസ് അല്ലായിരുന്നുവെങ്കിൽ, ഡയോജനസ് ആകുവാൻ ആഗ്രഹിക്കുമായിരുന്നു). ജീവിതത്തിൽ സന്തോഷവും മനസമാധാനവും, ആയിരിക്കുന്ന അവസ്ഥയിൽ സംതൃപ്തി കണ്ടെത്തുവാനുള്ള ഒരുവന്റെ മാനസികനിലയാണ്. ആയിരിക്കുന്ന ജീവിത അവസ്ഥകളിൽ സംതൃപ്തി കണ്ടെത്തുവാൻ സാധിക്കാതെ, മെച്ചപ്പെട്ട ജീവിത അവസ്ഥകളിലേക്ക് കണ്ണുംനട്ട് ജീവിതം കഴിച്ചു കൂട്ടുന്നവരുടെ ജീവിതം എന്നും അസംതൃപ്തമായിരിക്കും. മഹാ ചക്രവർത്തിയായ അലക്സാണ്ടറിന് ലഭ്യമല്ലാത്ത മനശാന്തിയും സംതൃപ്തിയും തെരുവിൽ കഴിയുന്ന ഡയോജനസിന് ലഭ്യമാകുന്നതിന്റെ കാരണവും മറ്റൊന്നുമല്ല. അഭിവന്ദ്യ പിതാവ്, ദൈവം അയക്കുന്ന ഏത് സ്ഥലത്തും ഏൽപ്പിക്കപ്പെടുന്ന ഏത് ശുശ്രൂഷയിലും വിശ്വസ്തനായി ജീവിച്ച് സംതൃപ്തി ആസ്വദിക്കുന്നത് ഈ മാനസികാവസ്ഥ പുലർത്തുന്നതുകൊണ്ടാണ്. അനേക കാലം അനേകർക്ക് തണലാകാൻ ദൈവം ഈ മഹാപുരോഹിതന് ദീർഘായുസ്സ് നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

സർവ്വ ജനങ്ങൾക്കും വേണ്ടി ഒരു മുന്തിരിവള്ളി



അഡ്വ. ജോജോ കെ. എബ്രഹാം
തിരുവനന്തപുരം മേജർ അതിഭദ്രാസന പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി



അറുപത്തിയേഴു വർഷങ്ങൾക്ക് മുൻപ് മുക്കൂർ തോട്ടുങ്കൽ ഏബ്രഹാം, അന്നമ്മ ദമ്പതികൾക്കും ബന്ധുമിത്രാതികൾക്കും ആഹ്ലാദം പകർന്നുകൊണ്ട് ജനിച്ച കുഞ്ഞിനെ ജൂലൈ മാസം പത്തൊൻപതാം തീയതി കൈകളിൽ എടുത്തുയർത്തി ഐസക് എന്ന് നാമകരണം ചെയ്ത വന്ദ്യനായ ചെറിയാൻ പൗവ്വത്തി കുന്നേലച്ചൻ ജ്ഞാനസ്നാന ശുശ്രൂഷയുടെ ഒടുവിൽ ആ കുഞ്ഞിന് ആശംസകൾ (മാനീസ) നേർന്നു. 'കൃപയുടെ സ്നാനത്താൽ നിന്റെ ഹൃദയം ബലം പ്രാപിച്ച് പുഷ്ടിപ്പെടട്ടെ. ഒരു ജ്യോതിർ ഗോളം പോലെ നീ ഭൂമിയിൽ വിളങ്ങട്ടെ. പരിശുദ്ധാത്മാവ് മുഖാന്തരം സ്വർഗ്ഗത്തിൽ നിന്നുള്ള ശക്തികൊണ്ട് നീ ബലം പ്രാപിക്കട്ടെ. മിശിഹായുടെ കൃപാ ബാഹുല്യത്തിനനുസരണം അവനോടുകൂടി വാഴുന്നതിന് നീ യോഗ്യനായി തീരട്ടെ.'

അത് ശരിവച്ചുകൊണ്ട് ചുറ്റും നിന്നവർ ചേർന്നു പാടി.

'പാവനയാം സഭയെ ചിറകിൽ,

ഈ കുഞ്ഞാടിനെയേറ്റാലും'

ആ കുഞ്ഞ് വളർന്നു ; ബാലനായി. മുടക്കമില്ലാതെ മുക്കൂർ പള്ളിയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ദൈവവുമായുള്ള ബന്ധം

www.malankaralibrary.com

ഉറപ്പിച്ചു. ബലിപീഠത്തോട് ചേർന്ന് വളർന്നു. പള്ളിയിലേക്കും തിരിച്ചുമുള്ള മാർഗ്ഗ മദ്ധ്യേ ഓരോ വീടുകളിലെയും ക്ഷേമാന്വേഷണവും വിശേഷം പറച്ചിലും അവന്റെ ദിനചര്യയുടെ ഭാഗമായി. കുടുംബാംഗങ്ങൾക്കും അയൽക്കാർക്കും സ്നേഹിതർക്കും 'തോട്ടുങ്കലെ കുഞ്ഞ്' -ന്റെ സാന്നിധ്യം പ്രചോദനമായി. റോസമ്മാമ്മയ്ക്ക് (ജ്യേഷ്ഠന്റെ ഭാര്യ) കുഞ്ഞുണ്ടായിട്ട് വേണം തനിക്ക് എടുത്തുകൊണ്ടു നടക്കാൻ എന്ന് പറഞ്ഞു നടന്ന കുഞ്ഞിന് പത്താം ക്ലാസ്സ് പരീക്ഷമൂലം അത് സാധിക്കാതെ വന്നതിന്റെ പരിഭവം, പിന്നീട് ഒരു കോഴിക്കുഞ്ഞിനെ എടുത്ത് താലോലിച്ചുകൊണ്ട് വീടിന് ചുറ്റും നടന്നാണ് അവൻ തീർത്തത് ! ചുറ്റുമുള്ളവരെ ചിരിപ്പിച്ചും, ചിന്തിപ്പിച്ചും, ചേർത്തണച്ചും, കുശലം അന്വേഷിച്ചും, പ്രോത്സാഹിപ്പിച്ചും, കരം പിടിച്ചും, പങ്കുവച്ചും തൊട്ടുങ്കലെ കുഞ്ഞ് വളർന്നു. അക്ഷരാർഥത്തിൽ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ.

ഇരുപത്തിയേഴ് വർഷങ്ങൾക്ക് ശേഷം 'കുഞ്ഞ്' തോട്ടുങ്കലെ ഐസക് അച്ചനായി. പതിനഞ്ച് വർഷങ്ങൾക്ക് ശേഷം ഐസക് മാർ ക്ലീമിസ് മെത്രാപ്പൊലീത്തായും, ആറുവർഷങ്ങൾ കഴിഞ്ഞപ്പോൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയും അഞ്ചുവർഷങ്ങൾക്ക് ശേഷം മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുമായപ്പോൾ അക്ഷരാർഥത്തിൽ ചെറിയാൻ പൗവ്വത്തികുന്നേൽ അച്ചന്റെ ജ്ഞാനസ്നാന ശുശ്രൂഷയിലെ ആശംസാ സന്ദേശം പരിശുദ്ധാത്മാവ് സ്ഥിരീകരിക്കുകയായിരുന്നു. അന്നുമുതൽ ഇന്നുവരെ പരിശുദ്ധാത്മാവ് നയിച്ച വഴികളിലൂടെ സഞ്ചരിക്കുകയും ചെന്നെത്തിയ ഇടങ്ങളിലെല്ലാം ഒരു ജ്യോതിർഗോളം പോലെ വിളങ്ങുകയും ചെയ്തു. സ്വർഗ്ഗീയ ശക്തികൊണ്ട് നാൾക്കുനാൾ ബലം പ്രാപിച്ചു. ആ കുഞ്ഞാടിനെ സഭ തന്റെ ചിറകിൻ കീഴിൽ സംരക്ഷിച്ചു. ജീവിതത്തിൽ ഇന്നുവരെ, ചുറ്റുമുള്ളവരെ അത്ഭുതപ്പെടുത്തും വിധം, വിവിധങ്ങളായ നിയോഗങ്ങൾ തേടിയെത്തിയപ്പോഴും അചഞ്ചലമായ ദൈവസ്നേഹവും കണ്ടുമുട്ടുന്നവരുമായി ഉലയാത്ത ഹൃദയബന്ധവും കാത്തു സൂക്ഷിക്കുന്ന കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തുല്യരുടെ ഇടയിലെ അതുല്യ വ്യക്തിത്വമായി എന്നും തോന്നിയിട്ടുണ്ട്.

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷം മിശിഹായുടെ കൃപയ്ക്കനുസരിച്ച് ചാഞ്ചല്യമില്ലാതെ അവിടുത്തോടുകൂടെ ആയിരുന്നതിന്റെ ജൂബിലി ആചരിക്കുന്ന സന്തോഷത്തിലാണ് സഭയും സമൂഹവും. ആ സന്തോഷത്തിന്റെ മൂർത്തമായ അടയാളമായി മെത്രാഭിഷേക രജത ജൂബിലിയുടെ ആചരണം. സഭയുടെ സമകാലിക ചരിത്രത്തിലെ മികവുറ്റ ഒരധ്യായമായി രജത ജൂബിലിയും അനുബന്ധ ആഘോഷങ്ങളും ചേർക്കപ്പെടുമെന്നതിൽ സംശയമില്ല.



ആത്മനിഷ്ഠമായ ഒട്ടേറെ പരിമിതികൾ പാലിക്കേണ്ടതുണ്ടെങ്കിലും മെത്രാഭിഷേക ജൂബിലിയുടെ പ്രത്യേക സാഹചര്യത്തിൽ പിതാവിന്റെ ജീവിതത്തെ നോക്കിക്കാണുമ്പോൾ ചില അനുഭവങ്ങൾ തികച്ചും വ്യക്തി

www.malankaralibrary.com

പരമാവും. ആചാര മര്യാദകളുടെ സീമകൾ ലംഘിക്കപ്പെടുവാനും പാടില്ല. അനേകർക്ക് പിതാവും, കൂടെപ്പിറപ്പും, ഉറ്റ സുഹൃത്തുമായി തീർന്ന പിതാവ് സഞ്ചരിച്ച വഴികളുടെ വൈവിധ്യത്തോട് പൂർണ്ണമായും നീതി പുലർത്താൻ കഴിയില്ല എന്ന ബോധ്യം വാക്കുകൾ നിയന്ത്രിക്കാൻ നിർബന്ധിക്കുന്നു. ഞാൻ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ ചില ദുർലഭമായ സന്ദർഭങ്ങളെ മുൻ നിർത്തി ആത്മാർത്ഥവും അതിശയോക്തിരഹിതവുമായ വാക്കുകളിലൂടെ ആ ജീവിതത്തിൽ ഞാൻ കണ്ട ചില സവിശേഷതകളെ സമൂഹത്തിന് മുൻപിൽ ഉയർത്തിക്കാട്ടുക എന്ന ഉദ്യമം, ചരിത്രം ഭരമേൽപ്പിച്ച ഒരു നിയോഗമായി കാണുന്നു.

കർമ്മ മണ്ഡലത്തിൽ കരുത്താവുന്ന നർമ്മബോധം

സ്വയം ചിരിക്കുകയും മറ്റുള്ളവരെ ചിരിപ്പിക്കുകയും ചെയ്യുന്ന ആ ജീവിതത്തെ നോക്കി സ്വർഗ്ഗം സന്തോഷിക്കുന്നു. ഐസക് എന്ന പേരിന്റെ ഹീബ്രു ഭാഷയിലെ അർത്ഥം ഥശഭേവമസ, "he laughs" or "he will laugh." 'അവൻ ചിരിക്കുന്നു' അഥവാ 'അവൻ ചിരിക്കും.' Isaac-El എന്ന മൂല പദത്തിന്റെ അർഥം – "God laughs" or "may God laugh" - 'ദൈവം ചിരിക്കുന്നു' അഥവാ 'ദൈവം ചിരിക്കട്ടെ.' തങ്ങളുടെ വാർധക്യത്തിൽ ഒരു പുത്രൻ ജനിക്കും എന്ന ദൈവീക അറിയിപ്പിനെ മാനുഷീക ചിന്തയിൽ അവിശ്വസനീയവും അസംഭവ്യവുമെന്ന് കരുതി ചിരിച്ചു തള്ളിയ അബ്രഹാമിനും സാറായ്ക്കും, ബന്ധുക്കൾക്കും, ശിഷ്ടജീവിതത്തിൽ അത്ഭുതപരതന്ത്രരായി ചിരിക്കുവാൻ ഇടവരുത്തിയ ശിശുവാണ് ഐസക്ക്.

ശിശുവായിരുന്നപ്പോൾ തനിക്ക് ലഭിച്ച പേരിനോട് അറിഞ്ഞോ അറിയാതെയോ നീതി പുലർത്തും വിധം സ്വതസിദ്ധമായ അവതരണ ശൈലിയും നൈസർഗീകമായ നർമ്മബോധവും തുളുമ്പുന്ന ബാവ തിരുമേനിയുടെ വാക്കുകൾ പൊതു വേദികളെയും സ്വകാര്യ സദസ്സുകളെയും വിരസരഹിതവും സന്തോഷഭരിതവുമാക്കുന്നു. വത്തിക്കാനിലെ സിനഡിലും തിരുവനന്തപുരത്തെ പൊതു വേദികളിലും ഇടവകജനങ്ങളോട് സംവദിക്കുമ്പോഴും ശെമ്മാശൻമാരെ തിരുത്തുമ്പോഴും മറയില്ലാതെ പുറത്തുവരുന്നത് സ്വതസിദ്ധമായ നർമ്മ ബോധം. കഥകളേക്കാൾ അനുഭവങ്ങളിലൂടെ കൂട്ടികൊണ്ട് പോയി പൊടുന്നനെ നർമ്മത്തിന് തിരി കൊളുത്തുന്ന അവതരണം. പ്രബോധനങ്ങളും തിരുത്തലുകളും പരിഭവങ്ങൾ പോലും നർമ്മത്തിൽ ചാലിച്ചാവുമ്പോൾ കേൾവിക്കാർക്ക് അലോസരത്തിനു വകയില്ലാത്ത അവസ്ഥ. ആറര പതിറ്റാണ്ടിന്റെ അനുഭവങ്ങൾ സ്ഫുടം ചെയ്ത വാക്കുകൾക്കും നർമ്മങ്ങൾക്കും പ്രായമേറുംതോറും മൂർച്ച ഏറുന്നതല്ലാതെ കേൾവിക്കാർക്ക് അല്പം പോലും വിരസത അനുഭവപ്പെട്ട് കണ്ടിട്ടില്ല. ചുറ്റുമുള്ളവരുടെയും തന്റെ തന്നെയും അനുഭവങ്ങളെയും 'ദുരനുഭവങ്ങളെയും' ജീവിതത്തിൽ പകർത്താനുള്ള പാഠങ്ങളായി സദസ്സിലേക്ക് പകരുമ്പോൾ അത് മറ്റുള്ളവർക്ക് ചിരിക്കുവാനും ചിന്തിക്കുവാനുമുള്ള വകകൾ ആയി മാറുന്നു. വരിഞ്ഞു മുറുകിയ മുഖവുമായി ജനത്തെ അഭിമുഖീകരിക്കുന്ന നേതാക്കളുടെയിടയിൽ പൊതു മണ്ഡലത്തിൽ ചിരിയുടെയും സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും സുവിശേഷം പങ്കുവയ്ക്കുവാൻ വിളിക്കപ്പെട്ട വ്യക്തിത്വം. താൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ നിലപാടുകൾ ഉറക്കെ പറയുമ്പോഴും തന്റെ വാക്കുകൾ സമൂഹത്തിൽ വിള്ളലുകൾക്കോ ഒരാൾക്ക് പോലും വേദനയ്ക്കോ കാരണമാകരുത് എന്ന് നിർബന്ധമുള്ള പക്വമാർന്ന പെരുമാറ്റം.

കിടയറ്റ ആസൂത്രണമികവ്

സൂക്ഷ്മമായ നിരീക്ഷണത്തിലൂടെ പിതാവ് ആർജ്ജിച്ചതും പുലർത്തുന്നതുമായ ആസൂത്രണ പാടവം ആരേയും അത്ഭുതപ്പെടുത്തുന്നതാണ്. പുനരൈക്യ വാർഷികം, മെത്രാഭിഷേകം തുടങ്ങി സഭയുടെ പൊതു പരിപാടികൾക്ക് മുൻപും നിസ്സാരമെന്ന് തോന്നാവുന്ന കൂടിവരവുകൾക്ക് മുൻപും

www.malankaralibrary.com

പിതാവ് നടത്തുന്ന ആസൂത്രണം അടുത്തു കണ്ടിട്ടുള്ള ആരേയും അത്ഭുതപ്പെടുത്തും. മദ്ബഹായിലെ ശുശ്രൂഷകൾക്ക് ഓരോരുത്തരുടെയും സ്ഥാനം നിർണ്ണയിച്ച്, ആവശ്യമെങ്കിൽ നിലത്ത് അത് സ്വയം മാർക്ക് ചെയ്തു നൽകുന്നത് കാണുവാനിടവന്നിട്ടുണ്ട്. സമ്മേളന വേദികളിൽ കസേരകൾ നിശ്ചയിക്കുമ്പോഴും ക്രൈസ്തവ കാഹളത്തിന്റെ കവർ പേജ് നിശ്ചയിക്കുമ്പോഴും മാർ ഇവാനിയോസ് വിദ്യാനഗറിലെ മരങ്ങളുടെ സ്ഥാനം നിർണ്ണയിക്കുമ്പോഴും പ്രകടമാവുക ഈ ആസൂത്രണമികവ് തന്നെ. അഭിമുഖീകരിക്കുവാൻ ഇടയുള്ള കുറവുകളെ നിസാരമായി കാണാതെ അവ പരിഹരിച്ച് കുറ്റമറ്റതാക്കുവാൻ പിതാവെടുക്കുന്ന ത്യാഗം വേറിട്ടതുതന്നെ. "By failing to prepare, you are preparing to fail" ബഞ്ചമിൻ ഫ്രാങ്ക്ളിന്റെ വാക്കുകൾ അർത്ഥവത്താക്കുന്ന ആസൂത്രണം. അമേരിക്കയിലെയും യൂറോപ്പിലേയും വിവാഹങ്ങൾ പോലും ഇത്തരത്തിൽ റിഹേഴ്സലോടെ നടത്തപ്പെടുന്നത് അടുത്തു നിന്ന് വീക്ഷിച്ചിട്ടുള്ള അനുഭവങ്ങൾ പിതാവ് വിവരിക്കുമ്പോൾ, അതിലും കടന്നു വരുന്നത് ശുദ്ധമായ നർമ്മം തന്നെ.



ആശയോദ്ദീപകമായ വാക്കുകളും ഇടപെടലുകളും

ഒരു ലേഖനത്തിന്റെയോ പ്രസംഗത്തിന്റെയോ തലക്കെട്ടാവുക ഉള്ളടക്കത്തിലെ ഏറ്റവും പ്രസക്തമായ വാക്യമോ ആശയമോ ആയിരിക്കുമല്ലോ.

ബാവാതിരുമേനിയുടെ ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള പ്രഭാഷണത്തിനോ ലേഖനത്തിനോ തലക്കെട്ട് നിശ്ചയിക്കുക ഏറെ ക്ലേശകരമായ ഒരു പ്രവൃത്തി തന്നെയാവും. ഓരോ വാക്യവും തലക്കെട്ടായി നിശ്ചയിക്കാവുന്നത്ര ആശയോദ്ദീപകം. ഉള്ളടക്കം മുഴുവൻ അർഥസമ്പുഷ്ടവും ആശയവ്യക്തതയും ഉള്ള വാക്കുകൾ. എഡിറ്റിങ് ആവശ്യമില്ലാത്ത വാക്ചാതുര്യം. പ്രസംഗ വേദികളിലും പത്ര സമ്മേളനങ്ങളിലും, അഭിമുഖങ്ങളിലും പകരം നിർദ്ദേശിക്കുവാൻ മറ്റൊരു വാക്കില്ലാത്തത്ര കൃത്യമായ പദവിന്യാസം. സ്വന്തം വാക്കുകൾ വ്യത്യസ്തമായി വ്യാഖ്യാനം ചെയ്യപ്പെട്ടുവെന്ന് പരിതപിക്കുകയും തൊട്ടടുത്ത മണിക്കൂറിൽ തിരുത്തേണ്ടിയും വരുന്ന നേതാക്കളുടെ എണ്ണം വർധമാനമായ ഇക്കാലത്ത്, ഒരിക്കൽ പോലും പറഞ്ഞതിനെ ഓർത്ത് പരിതപിക്കുകയോ തിരുത്തുകയോ ചെയ്യേണ്ടിവന്നിട്ടില്ലാത്ത നിലപാടുകളും വാക്കുകളും. യേശുകർത്താവിനെ സൃഷ്ടാവും രക്ഷിതാവുമായി സ്വീകരിച്ച ഒരാളാണ് താനെന്ന് ഏതു വേദിയിലും യാതൊരു സങ്കോചവുമില്ലാതെ പറയുമ്പോഴും, വിശ്വസാഹോദര്യത്തിനും ഭാരതത്തിന്റെ ബഹുസ്വരതയ്ക്കും മതനിരപേക്ഷതയ്ക്കുമെതിരെ ഉയരുന്ന ശബ്ദങ്ങൾക്ക് നേരെ സന്ധിയില്ലാതെ നിലകൊള്ളുന്ന രാജ്യ സ്നേഹി. സർക്കാരുകളുടെയോ രാഷ്ട്രീയ നേതാക്കളുടെയോ പ്രീതിയോ അപ്രീതിയോ പരിഗണി

www.malankaralibrary.com

ക്കാതെ അർദ്ധശങ്കയ്ക്കിടയില്ലാത്തവിധം നിലപാടുകൾ പറയുവാനും പറഞ്ഞതിൽ ഉറച്ചുനിൽക്കുവാനും പ്രഖ്യാപിത ലക്ഷ്യത്തെ കരഗതമാക്കുവാൻ അടിസ്ഥാനതത്വങ്ങളിലും അവലംബിക്കുന്ന മാർഗ്ഗങ്ങളിലും വിട്ടുവീഴ്ച ചെയ്യാത്തതുമായവ്യക്തിത്വം. ഇത് തിരിച്ചറിയുന്ന പൊതു സമൂഹം ആ വാക്കുകൾക്ക് നൽകുന്ന സ്വീകാര്യത ഇന്നിന്റെ ചരിത്രത്തിന്റെ ഭാഗമാണ്.

വിഴിഞ്ഞം സമരത്തിലും വഖഫ് സമരത്തിലും ആ ശബ്ദത്തിന് ലഭിച്ച സ്വീകാര്യത നാം കണ്ടതാണ്. പുഷ്പഗിരി മെഡിക്കൽ കോളേജിനെതിരെയുള്ള സമര പന്തലിലേക്ക് ഇറങ്ങി ചെന്ന് സമരക്കാരെ കേൾക്കുന്ന കാര്യത്തിലായാലും, സംവരണ വിഷയത്തിൽ പാളയത്തെ രക്തസാക്ഷി മണ്ഡപത്തിൽ നടത്തിയ ഉപവാസ യജ്ഞത്തിലും, ലോക്ഭവന്റെയും സെക്രട്ടേറിയറ്റിന്റെയും മുൻപിലെ സമര വേദികളിലും പിതാവിന്റെ നിലപാടുകൾ സുദൃഡമായിരുന്നു. അർദ്ധശങ്കയ്ക്കിടയില്ലാത്തവിധം പിതാവ് അവയെ പൊതുമധ്യത്തിൽ വിശദീകരിച്ചു. വിശ്വാസധാരകളുടെ അന്തരങ്ങൾ ഒരിടത്തും പിതാവിന്റെ സ്വീകാര്യതയ്ക്ക് മാനദണ്ഠമായില്ല. എൻ എസ് എസ് ആസ്ഥാനത്തും, ശിവഗിരിയിലും പാണക്കാട്ടേക്കുമുള്ള പിതാവിന്റെ യാത്രകൾ താൻ എന്നും ഉയർത്തികാട്ടുവാൻ ഇഷ്ടപ്പെടുന്ന സ്നേഹത്തിന്റെ സുവിശേഷം പങ്കുവയ്ക്കുവാനായിരുന്നു. ശ്രേഷ്ഠ പുരോഹിത സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോഴും കർദ്ദിനാൾ പദവിയിലേക്ക് ചുവടുവച്ചപ്പോഴും പിന്നീട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരുക്കപ്പെട്ട എല്ലാ വേദികളിലും നാം കണ്ടത് ഈ സ്നേഹത്തിന്റെ ആശ്ലേഷം തന്നെ.

താൻ പ്രതിനിധാനം ചെയ്യുന്നത് തനിക്ക് ഏൽപ്പിക്കപ്പെട്ട ചെറിയ അജഗണത്തെ മാത്രമല്ല മറിച്ച് ലോകത്തെ ഏറ്റവും പുരാതനമായ ഭാരത സംസ്കാരത്തെയും, ഏറ്റവും വലിയ ബഹുസ്വരതയെയും, ക്രിസ്തീയ വിശ്വാസത്തിന്റെ തന്നെ പിള്ളത്തൊട്ടിലും 'സഭകളുടെ മാതാവുമായ' അന്ത്യോഖ്യൻ സഭയുടെ പാരമ്പര്യത്തെയും, മാർത്തോമ്മ ശ്ലീഹായുടെ പിന്തുടർച്ചയിൽ മലങ്കരയിൽ ഉള്ള എല്ലാ അപ്പസ്തോലിക സഭകളെയും ആണെന്നുള്ള അതി ശ്രേഷ്ഠമായ ബോധ്യത്തോടെയും അത് അടയാളപ്പെടുത്തുന്ന പ്രതീകങ്ങളോടെയും കർദ്ദിനാൾ പദവിയിലേക്ക് ചുവടുവച്ച ഒരാൾക്ക് സ്നേഹത്തിന്റെ സുവിശേഷ വായനയിൽ എല്ലാവരെയും ഒന്നിപ്പിക്കുവാൻ കഴിയുമെന്നത് നാം കണ്ടതും അനുഭവിച്ചറിഞ്ഞതുമായ സത്യമാണ്.

നാട്ടിൻപുറത്തിന്റെ അനൗപചാരികത

2017 സെപ്റ്റംബർ 19, 20 തീയതികളിൽ അടൂരിൽ വച്ചു നടന്ന പുനരൈക്യ വാർഷിക ആഘോഷം. പത്തൊൻപതിനു വൈകിട്ട് നാലുമണിയോടുകൂടി അഭിവന്ദ്യ ബാവാ തിരുമേനി അടൂർ പള്ളിമേടയിൽ എത്തി. വികാരി ഗീവർഗീസ് നെടിയത്തച്ചൻ ഉൾപ്പെടെ കുറച്ചു വൈദീകരും അടൂർ പള്ളിയിലെയും പൊതു സമൂഹത്തിലെയും കുറച്ചേറെ ആൾക്കാരും അവിടെ സന്നിഹിതരായിരുന്നു. കാറിൽ നിന്നിറങ്ങി, സ്വതസിദ്ധമായ നർമ്മത്തിൽ ചാലിച്ച ഉപചാര വാക്കുകളോടെ അവിടെ നിന്നിരുന്ന ഓരോരുത്തരെയും അഭിവാദ്യം ചെയ്ത് അകത്തേക്ക് കയറി. ചായ കുടിച്ച് മുറിയിലേക്ക് കയറുമ്പോൾ കണ്ണുകൊണ്ട് ആംഗ്യ ഭാഷയിൽ എന്നെ അകത്തേക്ക് വിളിച്ചു. മുറിക്കുള്ളിലേക്ക് കയറിയപ്പോൾ കാലിൽ കിടന്ന ഷൂസ് കാണിച്ചുകൊണ്ട് പറഞ്ഞു.

'എന്റെ ഷൂസ് പൊട്ടിപ്പോയി... ഒൻപത് സൈസിൽ ഒരു ഷൂസ് വാങ്ങാമോ...'

അത്ഭുതത്തോടെ ഞാൻ കാലിലേക്ക് നോക്കിയപ്പോൾ ഒരു കാലിലെ ഷൂസ് പൂർണ്ണമായും വായ മലർക്കെ തുറന്ന നിലയിൽ! മറ്റേതും അടുത്ത നിമിഷങ്ങളിൽ തന്നെ വാപിളർക്കുന്ന അവസ്ഥ! സഭയുടെ തലവൻ ; ലോകത്ത് ഏത് രാജ്യങ്ങളിലേക്കും സഞ്ചരിക്കാൻ പാകത്തിൽ വത്തിക്കാന്റെ നയതന്ത്ര പാസ്പോർട്ട് ഉള്ള വ്യക്തി!

www.malankaralibrary.com

'വാങ്ങാം പിതാവേ' എന്ന് പറഞ്ഞ് പുറത്തേക്കിറങ്ങുമ്പോൾ എന്റെ മനസ്സിലൂടെ പോയത് മറ്റൊരു പുനരൈക്യ വാർഷികാഘോഷവും അന്നുണ്ടായ ഒരനുഭവവും ആണ്. 2001 സെപ്റ്റംബർ 19, 20 തീയതികളിൽ ഞങ്ങളുടെ മാതൃ ഇടവകയായ പത്തനാപുരത്തു വച്ച് പുനരൈക്യ വാർഷികം നടന്നപ്പോൾ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ സിറിൽ ബസേലിയോസ് ബാവാ ഉൾപ്പെടെയുള്ള തിരുമേനിമാർ താമസിച്ചത് വീട്ടിൽ ആയിരുന്നു. അന്ന് തിരുവനന്തപുരം സഹായ



മെത്രാൻ ആയിരുന്ന ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിക്കും ആ വർഷം ആഗസ്റ്റ് 15 ന് മെത്രാനായ ഐസക് മാർ ക്ലീമിസ് തിരുമേനിക്കും വീടിന്റെ മുകളിലത്തെ നിലയിലുള്ള രണ്ട് മുറികളാണ് ക്രമീകരിച്ചിരുന്നത്. 19 ന് വൈകിട്ട് നാല് മണിയോടുകൂടി തിരുമേനിമാർ വീട്ടിലെത്തി. വന്നയുടനെ ക്ലീമിസ് തിരുമേനി തന്റെ മുറിയിലേക്ക് പോയി. അല്പം കഴിഞ്ഞ് പിതാവ് മുകളിൽ നിന്ന് എന്നെ വിളിച്ചു. ഞാൻ ഓടി ചെന്നപ്പോൾ കുളിക്കാനുള്ള തയ്യാറെടുപ്പിലാണ്.

'ജോജോ ഞാൻ തോർത്ത് എടുക്കാൻ മറന്നു; ഒരു തോർത്ത് തരാമോ?'

'ടർക്കി തരാം പിതാവേ' ഞാൻ പറഞ്ഞു.

'വേണ്ട ഈ രൈഴയൻ തോർത്തുണ്ടെങ്കിൽ അത് മതി'

കൊണ്ടുവരാം പിതാവേ എന്ന് പറഞ്ഞുകൊണ്ട് ഞാൻ താഴേക്ക് ഓടി. താഴെ ചെന്നപ്പോൾ എന്തൊക്കെയോ ആവശ്യങ്ങൾക്കായി ആരൊക്കെയോ എന്നെ വിളിച്ചുകൊണ്ടു പോയി. ബഹളത്തിനിടയിൽ ഈ രൈഴയൻ തോർത്ത് എന്റെ മനസ്സിൽ നിന്ന് പോയിരുന്നു. പിന്നീട്, സന്ധ്യയോടടുപ്പിച്ചു സുസ്മേര വദനനായി മറ്റ് തിരുമേനിമാരുടെ നടുക്ക് പന്തലിൽ പതാക ഉയർത്താൻ നിൽക്കുന്ന പിതാവിനെയാണ് കാണുന്നത്. അബദ്ധം മനസ്സിലാക്കിയ ഞാൻ അടുത്തു ചെന്ന് അല്പം ജാള്യതയോടെ ചോദിച്ചു... 'പിതാവേ...തോർത്ത്...!

എനിക്ക് അബദ്ധം പറ്റിപ്പോയി. ക്ഷമിക്കണേ... തോർത്ത് കിട്ടിയോ?'

ഉടൻ വന്നു മറുപടി.

'തോർത്തിനേക്കാൾ വലുതല്ലേ കൈലി!'

എനിക്ക് കാര്യം പിടികിട്ടി. അന്നത്തെ കൊച്ചുപിതാവിനെ സഭയിലെയും സമൂഹത്തിലെയും ഏറ്റവും ഉന്നതമായ ഇടങ്ങളിലേക്ക് പരിശുദ്ധാത്മാവ് പിന്നീട് നയിച്ചപ്പോഴും കൈമോശം വരാതെ മുറുകെപ്പിടിച്ചത് ഈ സ്വതസിദ്ധമായ അനൗപചാരികതയും പ്രസരിപ്പുമാണ്.

പള്ളിയിൽ ചെന്നപ്പോൾ ഒരമ്മച്ചി പ്ലാസ്റ്റിക് സഞ്ചിയിൽ പൊതിഞ്ഞു സമ്മാനമായി നൽകിയ ചക്കച്ചുളകൾ വീട്ടിൽ തന്നിട്ട്, പോകാൻ നേരം അതിൽ അഞ്ചാറു ചുളകൾ തനിക്ക് വേണം എന്ന് പറഞ്ഞു തിരികെ വാങ്ങി കഴിക്കുകയും, വഴിയിൽ നിന്ന് വാങ്ങിയ വരാൽ മീൻ വീട്ടിൽ കൊണ്ടു വന്ന് ഇതൊന്ന് വറുത്തു തരാമോ എന്നു ചോദിക്കുകയും ചെയ്യുന്ന പിതാവ്. ആ ജീവിതത്തെ അടുത്തറിഞ്ഞവരുടെ ഓർമ്മയിൽ തെളി

www.malankaralibrary.com

വോടെ നിൽക്കുന്ന രസകരമായ അനുഭവങ്ങൾ അനേകം. സഭയുടെ പിതാവ് കുടുംബങ്ങളിലെയും പിതാവും സഹോദരനുമായിരിക്കണമെന്ന നിർബന്ധബുദ്ധി പ്രകടമായ നിരവധി അനുഭവങ്ങൾ. കുഞ്ഞുങ്ങളെ കാണുമ്പോൾ നീയെന്നെ അറിയുമോ എന്ന് ചോദിക്കുന്ന പിതാവ്. പത്തുവർഷമായി മീൻകറി വച്ചു തരാമെന്ന് പറഞ്ഞു കളിപ്പിക്കുന്ന സഖാവ് ബിനോയ് വിശ്വത്തോട് ഇനിയും എന്നെ പറ്റിക്കരുതെന്ന് പച്ചയ്ക്ക് പറയുന്ന നാട്ടിൻപുറത്തുകാരൻ. വഴിയരികിലെ തട്ടു ദോശയും ഇറ്റാലിയൻ പാസ്തയും ഒരേ പോലെ ആസ്വദിക്കുന്ന സഭാതലവൻ. താൻ ഓടിച്ചിട്ടില്ലാത്ത വണ്ടി കണ്ടാൽ തരപ്പെട്ടാൽ ഒന്നോടിച്ചുനോക്കാൻ കൊതിക്കുന്ന തിരുമേനി. പോഡ്കാസ്റ്റിലും വചന പ്രോഘോഷണ വേദികളിലും ദൈവസ്നേഹത്തെകുറിച്ചും ദൈവീക പദ്ധതികളെക്കുറിച്ചും വാചാലനാകുന്ന മേൽപ്പട്ടക്കാരൻ. പ്രധാനപ്പെട്ട ശുശ്രൂഷകൾക്കും ദൗത്യങ്ങൾക്കും യാത്രകൾക്കും മുൻപ് ഭാഗ്യങ്ങളുടെ കലവറ (മാർ ഇവാനിയോസ് പിതാവിന്റെ ഉൾപ്പെടെ പിതാക്കന്മാരുടെ കബർ ചാപ്പൽ) യിൽ നിന്നും ഊർജ്ജം സംഭരിക്കുന്ന ശ്രേഷ്ഠാചാര്യൻ. സഭയുടെയും സമൂഹത്തിന്റെയും ശ്രദ്ധ ആവശ്യമെന്നു തോന്നുന്ന ഇടങ്ങളിലേക്ക്, പ്രസരിപ്പോടെ കടന്നുചെല്ലുന്ന, അവിടെയുള്ളവരുടെ കൂടപ്പിറപ്പായി മാറുന്ന, ജീവകാരുണ്യ പ്രവർത്തകൻ. ഇതൊക്കെയാണ് അഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി. മാർപ്പാപ്പായുടെ മുൻപിലും തന്റെ സ്നേഹിതരുടെ മുൻപിലും പുലർത്തുന്ന അനിതരസാധാരണമായ അനൗപചാരികത അദ്ദേഹത്തെ പൊതുമധ്യത്തിൽ അതീവ സ്വീകാര്യനാക്കുന്നു. ഒരേ സമയം വിശ്വമാനവികതയുടെ വക്താവായ ആഗോള സഭയിലെ രാജകുമാരനും വാക്കിലും വീക്ഷണത്തിലും വികാരത്തിലും തികഞ്ഞ ഭാരതീയനും വ്യക്തി ബന്ധങ്ങളിൽ ഔപചാരികതയുടെ അതിരുകൾ ഇഷ്ടപ്പെടാത്ത പച്ചയായ നാട്ടിൻപുറത്തുകാരനും.

ക്ലീമീസ് എന്ന മുന്തിരിവള്ളി

'ജെസ്സെയുടെ പുത്രനായ ദാവീദിൽ എന്റെ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു. അവൻ എന്റെ ഹിതം നിറവേറ്റും' (അപ്പ. പ്ര. 13: 22, 23) തന്റെ ഹൃദയത്തിനിണങ്ങിയവരെ തെരഞ്ഞെടുക്കുകയും അവരിലൂടെ തന്റെ ഹിതം നിറവേറ്റുകയും ചെയ്യുന്നവൻ ഇരുപത്തിയഞ്ചു വർഷങ്ങൾക്ക് മുൻപ് തന്റെ മുന്തിരിതോട്ടത്തിന് അലങ്കാരമായിരിക്കുവാൻ അതിൽ നിന്ന് ഒരു മുന്തിരി വള്ളിയെ പ്രത്യേകമായി വെട്ടിയെടുത്തു നട്ടു. ഋതുക്കൾ അതിനെ പാകപ്പെടുത്തി. ശരത്കാലത്ത് അത് ഇലകൾ പൊഴിച്ചു. ഹേമന്തത്തിലും ശിശിരത്തിലും അത് ധ്യാനനിമഗ്നമായി നിലകൊണ്ടു. വസന്തത്തിൽ അതിൽ പൂക്കൾ വിരിഞ്ഞു. മാറി വന്ന ഗ്രീഷ്മവും വർഷവും പടർന്നുകയറാൻ അതിന് ശക്തി നൽകി. മധുരമുള്ള പഴങ്ങൾ അതിൽ നിറഞ്ഞു. അതിനെ തെരഞ്ഞെടുത്തവൻ അതിന്റെ വളർച്ചയിൽ സന്തോഷിച്ചു. പടർന്നു കയറിയ എല്ലായിടങ്ങളിലും ആ മുന്തിരി വള്ളി കൂടെയുള്ളതിനെ ചേർത്തുപിടിച്ചു. 'സ്നേഹത്തിൽ ഒന്നിപ്പിക്കുക' എന്നത് തന്റെ ജീവിത മന്ത്രമായി ഹൃദയത്തിൽ കോറിയിട്ടുകൊണ്ട്, അതിനായി കഴിഞ്ഞ രണ്ടര പതിറ്റാണ്ടുകളിൽ തനിക്ക് ലഭിച്ച അവസരങ്ങളെ മാത്രമല്ല ബോധപൂർവ്വം അവസരങ്ങളെ സൃഷ്ടിക്കുന്നതിനും ബാവ തിരുമേനി മുൻകൈ എടുത്തു. ദൈവസ്നേഹം പങ്കു വയ്ക്കപ്പെടുമ്പോൾ ആർക്കും കുറവുണ്ടാകരുത് എന്ന നിർബന്ധത്തോടെ സ്നേഹത്തിന്റെ സുവിശേഷം പകുത്തു നൽകി. സ്നേഹത്തിൽ ഒന്നിപ്പിക്കുന്നതിനായി പള്ളികളുടെ അതിർത്തികളും വാതിലുകളും മറ്റു സഭാമക്കൾക്ക് ആരാധനയ്ക്കും മൃത സംസ്കാരത്തിനുമായി തുറന്നിട്ടു. നൈയാമീകമായ നിയന്ത്രണങ്ങളെക്കാൾ ദൈവാരാധനയ്ക്കും ദൈവീകമായ സമാധാനത്തിനുമാണ് പ്രാമുഖ്യമുണ്ടാകേണ്ടതെന്ന് നിശ്ശബ്ദം പിതാവ് സമൂഹത്തോട് പറഞ്ഞു. തായ്തടിയോടു കൂടുത

www.malankaralibrary.com



ലായി ചേർന്നുനിൽക്കുന്നതിന്റെ അടയാളങ്ങളായി ചരിത്രം അവയെ വിലയിരുത്തും.

'നിങ്ങൾ ഇതുവരെ സ്നേഹിച്ചതു പോലെ ഇനിയും എന്നെ സ്നേഹിക്കണം. എന്റെ പ്രവർത്തന മേഖല പള്ളിക്കുള്ളിൽ മാത്രം പരിമിതപ്പെടാതിരിക്കുവാൻ നിങ്ങൾ ജാഗ്രത പുലർത്തണം. ശുശ്രൂഷയിൽ ബലം നൽകണം. സഞ്ചരിക്കുന്ന വഴികളിൽ ദിശാബോധം നൽകുവാൻ നിങ്ങൾ പ്രാർഥിക്കണം. സർവ്വമനുഷ്യർക്കും വേണ്ടി നിൽക്കാൻ നിങ്ങൾ എന്നെ നിർബന്ധിക്കണം.' രജത ജൂബിലിയുടെ സമാപനസമ്മേളനത്തിലെ മറുപടി പ്രസംഗത്തിൽ പിതാവ് പറഞ്ഞ വാക്കുകൾ ഒരുപക്ഷെ ഒരു മതമേലധ്യക്ഷനിൽ നിന്നും സമീപ കാലത്ത് കേരളം കേട്ടിട്ടില്ലാത്തത്ര ഹൃദ്യവും സരളവും ആയിരുന്നു. സാകൂതം അത് കേട്ടിരുന്ന പതിനായിരങ്ങളുടെ ഹൃദയങ്ങളിലേക്ക് കൂടുതൽ ശാഖകൾ വീശിക്കൊണ്ട് ആ മുന്തിരി വള്ളി പടർന്നുകയറി. സഭയ്ക്ക് അലങ്കാരമായും തലമുറകൾക്ക് തണലായും സമൂഹത്തിൽ മധുരമായും അത് ദീർഘനാൾ തുടരട്ടെ.

ആശംസകൾ... പ്രാർഥനകൾ...

To Unite in Love

Chosen to 'Unite in Love' and to lead
Chosen to hold as the vine in the vineyard,
Chosen to bind with unfailing love, and
Chosen to spread its warmth and strength

The motto that's chosen decades before
Justifies the words spoken and done,
Brightened the paths traversed and gone,
Over the moors it echoed for people to go.

The word of conscience held close to the heart,
The word of caution heeded before every step,
Those untainted words and unswerving strides,
Unsealed the sanctuaries of churches and hearts.

Wishing you many more years ahead,

To be the current and the stream
To be the torch and the lamp
To spread the Light and be in His shadow,
That keep us together in His unfailing Love.

www.malankaralibrary.com



ജൂബിലി ആഘോഷത്തിന്റെ ആത്മീയ മാനങ്ങൾ

റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

ആമുഖം

കാലത്തിന്റെ പുസ്തകത്തിൽ ദൈവം തന്റെ കൃപകൊണ്ട് എഴുതിച്ചേർത്ത മനോഹരമായ ഒരു അദ്ധ്യായമാണ് ജൂബിലി. ഒരു വ്യക്തിയുടെയോ, പ്രസ്ഥാനത്തിന്റെയോ ജീവിതത്തെയോ ചരിത്രത്തെയോ ദൈവീക അനുഗ്രഹത്തിന്റെ വെളിച്ചത്തിൽ വീണ്ടും വായിക്കാനുള്ള ഒരു പരിശ്രമം ഈ അവസരത്തിൽ നടക്കുന്നു. അതിനാൽ ജൂബിലി കൃതജ്ഞതയുടേയും ആത്മീയനവീകരണത്തിന്റെയും പുനഃസമർപ്പണത്തിന്റെയും വിശുദ്ധ നിമിഷമാണ്. നന്ദിയോടെ കഴിഞ്ഞകാലത്തെ ഓർക്കാനും, നമ്മുടെ വിളിയുടെ ഉറവിടത്തിലേക്ക് വിണ്ടും മടങ്ങാനും, എല്ലാം നവീകരിക്കുന്ന ദൈവത്തിൽ സ്വയം സമർപ്പിച്ച് ഭാവിയിലേക്ക് മുന്നേറാനും പരിശ്രമിക്കുന്ന വലിയ കൃപയുടെ അവസരം. മോറാൻ മാർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവയുടെ മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ജൂബിലി ആഘോഷത്തിന്റെ ആത്മീയ അർത്ഥതലങ്ങൾ വിശദീകരിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

യോബേൽ : ജൂബിലിയുടെ കാഹളനാദം

'ജൂബിലി' എന്ന പദം ഹീബ്രു ഭാഷയിലെ 'യോബേൽ' (Yobel) എന്ന വാക്കിൽ നിന്നാണ് ഉത്ഭവിച്ചിരിക്കുന്നത്. 'യോബേൽ' എന്നാൽ മുട്ടനാടിന്റെ കൊമ്പ്, അതുകൊണ്ട് നിർമ്മിച്ച കാഹളം, എന്നൊക്കെയാണ് അർത്ഥം. യഹൂദന്മാരുടെ പ്രധാന തിരുന്നാ

www.malankaralibrary.com

ളുകൾ കാഹളം മുഴക്കിയാണ് ആരംഭിച്ചിരുന്നത്. സ്വാതന്ത്ര്യത്തിന്റെയും തിരിച്ചുവരവിന്റെയും പുനസ്ഥാപനത്തിന്റെയും പുതിയ കാലം കാഹളനാദത്തോടെ ആരംഭിക്കുന്നു. (ലേവ്യർ 25:9-10). കാഹളം മുഴക്കി എല്ലാവരെയും അറിയിക്കേണ്ട ഒരു ആഘോഷമാണ് ജൂബിലി. ഇത് വെറും ഒരു സന്തോഷാവസരം മാത്രമല്ല, പലവിധ ഉത്തരവാദിത്വങ്ങളുടേയും ആഘോഷമാണ്. ഇങ്ങനെ വിളംബരം ചെയ്ത് ആരംഭിക്കുന്ന ജൂബിലി വലിയ ഒരുക്കത്തോടെ ആരംഭിച്ച് അവസാനിപ്പിക്കേണ്ടതാണ്. ജൂബിലിയുടെ അവസരത്തിൽ ആഘോഷത്തിന്റെ ശബ്ദം മാത്രമല്ല, "തിരികെ വരിക, സ്വതന്ത്രരാകുക, നവമായി ആരംഭിക്കുക" എന്ന ദൈവീക ആഹ്വാനത്തിന്റെ നാദം മുഴങ്ങണം.

സാബത്തും ജൂബിലിയും

സാബത്തും ജൂബിലിയും വിശുദ്ധ ഗ്രന്ഥത്തിൽ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന രണ്ട് ആശയങ്ങളാണ്. ആറുദിവസത്തെ അദ്ധ്വാനത്തിനു ശേഷം ഏഴാം ദിവസം ദൈവത്തിനായി മാറ്റി വച്ച് വിശ്രമിക്കണമെന്ന സാബത്ത് കല്പന മനുഷ്യനെ ഒരു വലിയ സത്യത്തിലേക്ക് നയിക്കുന്നു. ജീവിതം നമ്മുടെ അദ്ധ്വാനവും നേട്ടവും മാത്രമല്ല അത് ദൈവത്തിൽ നിന്നു ലഭിക്കുന്ന വലിയ അനുഗ്രഹങ്ങളുടെ സമാഹാരവുമാണ്. ഏഴാം ദിവസവും, ഏഴാം വർഷവും ദൈവത്തിന് പ്രീതീകരമായ ദിവസവും വർഷവുമാണ്. ദൈവത്തിന് പ്രീതീകരമായ രീതിയിൽ വർത്തിക്കാനായി നിരന്തരം പരിശ്രമിക്കണമെന്ന് ദൈവജനത്തെ ഈ ദിവസം ഓർമ്മിപ്പിക്കുന്നു.



ജൂബിലിയെ സാബത്തുമായി ബന്ധപ്പെടുത്തിയതിന്റെ പ്രധാന കാരണം അത് ദൈവത്തിന്റെ സൃഷ്ടിയിലുള്ള ഇടപെടലിന്റെ അനുസ്മരണം ആയതിനാലാണ്. എല്ലാറ്റിനെയും ദൈവബന്ധത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനുള്ള ഇസ്രായേൽ ജനത്തിന്റെ ചിന്തയിൽ നിന്നാണ് ജൂബിലി ആരംഭിക്കുന്നത്. ബാബിലോൺ പ്രവാസകാലത്ത് (BC-584) പ്രത്യാശയോടെ ദൈവത്തിങ്കലേക്ക് തിരികെ വരുന്നതിനെക്കുറിച്ചും, തങ്ങൾക്ക് ദൈവം അവകാശമായി നൽകിയ രാജ്യത്ത് വീണ്ടും വസിക്കുന്നതിനെക്കുറിച്ചും അവർ സ്വപ്നം കണ്ടു. പ്രവാസ ജീവിതകാലം മുഴുവൻ ഒരു മുഴുവൻ സമയ ആത്മീയ സാബത്താക്കി മാറ്റാൻ പരിശ്രമിച്ചു കൊണ്ട് തങ്ങളുടെ തിരിച്ചുവരവ് ജൂബിലിയുടെ അനുഭവത്തിലായിരിക്കുന്ന അവസ്ഥയാണെന്ന് അവർ തിരിച്ചറിഞ്ഞു.

ജൂബിലി പഴയ നിയമത്തിൽ

പഴയ നിയമത്തിൽ ആഴമേറിയ ആത്മീയവും സാമൂഹികവുമായ അർത്ഥമുള്ള ആഘോഷമാണ് ജൂബിലി. ഇതിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന വേദ ഭാഗമാണ് ലേവ്യാ പുസ്തകം 25 -ാം അദ്ധ്യായം. ഓരോ ഏഴാം വർഷവും ആചരിച്ചിരുന്ന സാബത്ത് വർഷം ഏഴ് പ്രാവശ്യം പൂർത്തിയാകുമ്പോൾ, അതായത് ഏഴ് സാബത്ത് വർഷങ്ങൾക്ക് ശേഷം, അമ്പതാം വർഷം ജൂബിലി വർഷമായി വിശുദ്ധീകരിക്കപ്പെട്ടു. "ദേശത്തെ സകല നിവാസികൾക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കുവിൻ" (ലേവ്യ 25:10) എന്നതായിരുന്നു ജൂബിലിയുടെ ഹൃദയ സന്ദേശം. അടിമകൾക്ക് മോചനം ലഭിക്കുകയും, കടബാധ്യതകളാൽ നഷ്ടപ്പെട്ട പൈതൃക ഭൂമി യഥാർത്ഥ അവകാശികളിലേക്ക് തിരികെ എത്തുകയും, കൃഷിഭൂമിക്ക് വിശ്രമം നൽകുകയും ചെയ്തു. അങ്ങനെ ജൂബിലി

www.malankaralibrary.com

മോചനത്തിന്റെയും, പുനസ്ഥാപനത്തിന്റെയും വിശ്രമത്തിന്റെയും വിശുദ്ധ കാലമായി മാറി. അതിനുമുൻപുള്ള വർഷം സാബത്ത് വർഷമായിരുന്നതിനാൽ നിലങ്ങളും, മുന്തിരി തോപ്പുകളും, മറ്റു പാടങ്ങളുമൊക്കെ കൃഷി ചെയ്യാതെ തരിശ്ശിടുമായിരുന്നു. പിന്നീട് കൃഷി ചെയ്താലും വിളവെടുക്കുന്നതിന് സ്വാഭാവികമായും ഒരു വർഷമെങ്കിലും കാത്തിരിക്കുകയും വേണം. അങ്ങനെ രണ്ടു വർഷങ്ങൾ പൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കുന്നതിനുള്ള സമയമാണ്. ജൂബിലിയുടെ അന്തസത്തയുമായി ഒത്തുപോകുന്ന മനോഭാവത്തോടെ ജീവിക്കുവാൻ ദൈവജനത്തെ അത് പ്രേരിപ്പിച്ചിരുന്നു. പഴയ നിയമത്തിൽ ജൂബിലി ആഘോഷത്തിന്റെ ചില പ്രധാനപ്പെട്ട അംശങ്ങൾ താഴെ കൊടുക്കുന്നു.

1) മാനസാന്തരം

പാപപരിഹാരദിനത്തിലാണ് ജൂബിലി ആരംഭിക്കുന്നതുതന്നെ. നന്നായി ജൂബിലി ആഘോഷിക്കണമെങ്കിൽ നല്ല ആത്മീയ ഒരുക്കം ആവശ്യമാണ്. ദൈവം ശുദ്ധീകരിച്ചില്ലായെങ്കിൽ ജൂബിലിയിൽ പ്രവേശിക്കാൻ ഒരുവനും യോഗ്യതയില്ല. അതിന്റെ കാരണം ഹൃദയം ദൈവത്തോടുകൂടെയാണെങ്കിൽ മാത്രമേ അടിമകളെ സന്തോഷത്തോടെ മോചിപ്പിക്കാനും, പാട്ടത്തിനോ അല്ലാതെയോ കൈവശപ്പെടുത്തിയ നിലങ്ങൾ അതിന്റെ യഥാർത്ഥ ഉടമസ്ഥന് തിരികെ നൽകാനും സാധിക്കുകയുള്ളൂ. ദൈവവുമായുള്ള നല്ല ബന്ധത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മറ്റെല്ലാ ബന്ധങ്ങളും മെച്ചപ്പെടുത്താൻ ഒരുവൻ ശ്രമിക്കുന്നത്.

2) വിമോചിപ്പിക്കൽ

ജൂബിലി ആരംഭിക്കുന്നതിനു മുൻപായി തങ്ങളോട് കടപ്പെട്ടിരിക്കുന്ന ജോലിക്കാരുടെയും, ദാസന്മാരുടെയും കടങ്ങൾ ഇളയ്ക്കുകയും അവരുടെ ഇത്തരം ഉത്തരവാദിത്വങ്ങളിൽ നിന്ന് വിമോചിപ്പിക്കുകയും വേണം. അങ്ങനെ അവർക്ക് തങ്ങളുടെ സ്വന്തം സ്ഥലത്ത് തിരികെയെത്തുന്നതിനും, കുടുംബത്തോടൊത്ത് താമസിക്കുന്നതിനും സാധിക്കട്ടെ എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു. യഹൂദനായ ഒരാൾ ആറു വർഷം മാത്രമേ ഏതെങ്കിലും ഗൗരവതരമായ കാരണത്താൽ ഇങ്ങനെയുള്ള സേവനം ചെയ്യേണ്ടതുള്ളൂ (പുറപ്പാട് 21:2). അതുപോലെ തന്നെ തങ്ങളുടെതന്നെ ആളുകളെ സ്വതന്ത്രമാക്കാതെ എങ്ങനെയാണ് ഒരാൾക്ക് ജൂബിലി ആഘോഷിക്കാൻ സാധിക്കുന്നത്?

3) വിശ്രമം (25:11-12)

ജൂബിലി വർഷത്തിൽ തങ്ങളുടെ കൃഷിയിൽ നിന്ന് വിട്ടുനിൽക്കുകയും ഭൂമി തരുന്ന സാധാരണ ഫലങ്ങൾ കൊണ്ട് സംതൃപ്തിയടയുകയും വേണം. ഇത് ആളുകൾക്ക് മാത്രമല്ല ഭൂമിക്കും വിശ്രമത്തിനുള്ള അവസരം നൽകുന്നു. ദൈവജനത്തെ അലസന്മാരാക്കുക എന്ന ഉദ്ദേശത്തോടു കൂടിയുള്ള ഒരു നിയമം ആയിരുന്നില്ല ഇത്. പിന്നെയോ എല്ലാവർക്കും ആവശ്യത്തിനുള്ള വിശ്രമം കിട്ടുക എന്നതായിരുന്നു ഈ നിയമത്തിന്റെ ഉദ്ദേശം. അതുതന്നെയും സാബത്ത് നിയമത്തിന്റെ തുടർച്ചയെന്നോണം ദൈവത്തെ ആഴത്തിൽ അറിയുന്നതിനും ആരാധിക്കുന്നതിനും ഈ 'വിശ്രമ' സമയത്ത് സാധിക്കുന്നതിനുമായിരുന്നു.

4) അവകാശങ്ങൾ പുനഃസ്ഥാപിക്കൽ (25:13-17)

കഴിഞ്ഞ ജൂബിലിക്ക് ശേഷം ഏറ്റെടുത്തതോ വിറ്റതോ ആയ സ്ഥലങ്ങളെല്ലാം അതിന്റെ യഥാർത്ഥ അവകാശികൾക്ക് തിരികെ കൊടുക്കണം. കർത്താവ് ഏതു കുലത്തിനും, കുടുംബത്തിനും അത് അവകാശമായി കൊടുത്തുവോ അതു അവരിൽത്തന്നെ നിലനിൽക്കുന്നതിന് വേണ്ടിയാണ് ഇങ്ങനെ ചെയ്തിരുന്നത്. ഭൂമിയുടെ യഥാർത്ഥ അവകാശി ദൈവമാണ്. അതിന്റെ പരിപാലനത്തിനും ദൈവജനത്തിന്റെ നിലനിൽപ്പിനുമായി ജനത്തെ ഏൽപ്പിച്ചിരിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഭൂമി

www.malankaralibrary.com

യുടെ വില നിശ്ചയിച്ചിരുന്നത് അടുത്ത ജൂബിലി വർഷത്തോടു ബന്ധിപ്പിച്ചായിരുന്നു. കർത്താവ് പറയുന്നു : "നിങ്ങൾ ഭൂമി എന്നേയ്ക്കുമായി വിൽക്കരുത്. എന്തെന്നാൽ ഭൂമി എന്റേതാണ്" (ലേവ്യ 25:23). ആരും അധികമായി സമ്പന്നനാകാതെയും, ആരും നിത്യമായി പാവപ്പെട്ടവനായി കഴിയാതെയും മിരിക്കാൻ ഈ നിയമം സഹായിച്ചു.

5) വീണ്ടെടുപ്പ് (25:25 -55)

വിവിധ രീതിയിൽ നഷ്ടപ്പെട്ട സ്ഥലമോ, വീടോ, ആളിനെയോ വീണ്ടെടുക്കാൻ ജൂബിലിയുടെ അവസരത്തിൽ സാധിച്ചിരുന്നു. കുടുംബത്തിൽപ്പെട്ട ആർക്കെങ്കിലും മറ്റൊരാളുടെ സ്ഥലമോ, വീടോ വീണ്ടെടുത്ത് നൽകുന്നതിന് ജൂബിലി വരെ കാത്തിരിക്കണമെന്ന് നിർബന്ധമില്ലായിരുന്നു. എന്നാൽ ജൂബിലി വർഷത്തോടനുബന്ധിച്ചായിരുന്നു വീണ്ടെടുപ്പ് തുക കണക്കാക്കിയിരുന്നത്. ഇങ്ങനെയുള്ള കാരുണ്യ പ്രവർത്തനങ്ങൾ വിശ്വാസത്തിന്റെ വലിയ പ്രകടനങ്ങളായി സമൂഹം കണക്കാക്കിയിരുന്നു. പാവപ്പെട്ടവന്റെയും, പരദേശിയുടെയും സംരക്ഷണവും ഉറപ്പ് വരുത്തുകയായിരുന്നു ജൂബിലിയോടനുബന്ധിച്ചുള്ള ഇത്തരം നിയമങ്ങളുടെ ലക്ഷ്യം.

ജൂബിലി പുതിയ നിയമത്തിൽ

ദൈവജനത്തിനുള്ള 'സ്വീകാര്യമായ വത്സരം' പ്രഖ്യാപിച്ചു കൊണ്ടാണ് യേശുവിന്റെ സുവിശേഷ പ്രഘോഷണം ആരംഭിക്കുന്നത് (ലൂക്കാ 4:14-30). ലേവ്യ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ജൂബിലിയാഘോഷത്തിന്റെ അവതാരമാണ് യേശുക്രിസ്തു. ദരിദ്രരെ സുവിശേഷം അറിയിക്കുന്നതും, ബന്ധിതർക്ക് മോചനം നൽകുന്നതും, അന്ധർക്ക് കാഴ്ച നൽകുന്നതും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം നൽകുന്നതും കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുന്നതുമെല്ലാം (ലൂക്കാ 4:18-19) യേശു സാന്നിധ്യത്തിൽ സംഭവിക്കുന്ന ജൂബിലിയുടെ ഫലങ്ങളാണ്. യേശു പറഞ്ഞ പല ഉപമകളും ദൈവജനത്തിന് ജൂബിലിയുമായി ബന്ധപ്പെടുത്തി മനസ്സിലാകുന്നതായിരുന്നു.



www.malankaralibrary.com

ധൂർത്തനായ പുത്രൻ പാപിയാണെന്ന് പറഞ്ഞു തിരികെ വരുമ്പോൾ ഇരുകൈകളും നീട്ടി അവനെ സ്വീകരിക്കുന്ന പിതാവ് ഒരു ജൂബിലി അനുഭവത്തിന്റെ സ്വീകാര്യതയാണ് ആ മകനോട് കാണിക്കുന്നത്.

മനുഷ്യന്റെ ഏറ്റവും വലിയ സമ്പാദ്യം ദൈവത്തിന്റെ കൃപാവരമാണ്. യേശുവിന്റെ സാന്നിധ്യത്തിലൂടെ അത് തിരികെ ലഭിക്കുന്നു. അങ്ങനെ നഷ്ടപ്പെട്ട ദൈവാനുഭവം തിരികെ ലഭിക്കുന്ന ജൂബിലിയായി യേശു സാന്നിദ്ധ്യം മാറുന്നു. യഹൂദന്മാർ പാപ പരിഹാരദിനത്തിനു ശേഷം ജൂബിലി കൊണ്ടാടിയെങ്കിൽ പുതിയ നിയമത്തിൽ തന്റെ ജീവൻ നൽകി മനുഷ്യകുലത്തിന്റെ പാപപരിഹാരം സാധ്യമാക്കി നിത്യമായ ജൂബിലിയുടെ അനുഭവത്തിലേക്ക് പുതിയ നിയമ ജനതയെ യേശു ക്ഷണിക്കുന്നു. പഴയ ജൂബിലിയിൽ പലതരത്തിൽ കടങ്ങൾ ഇളവ് കൊടുത്തെങ്കിൽ പുതിയ ജൂബിലിയിൽ കർത്താവ് മൊത്തമായി കടങ്ങളും പാപങ്ങളും ഇളച്ചു ദൈവീക ജീവനിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു. അതുകൊണ്ടാണ് യേശു പറയുന്നത് ''നിങ്ങൾ കേട്ടിരിക്കെ തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു''(ലൂക്കാ 4:21). പുതിയ നിയമത്തിൽ യേശുവാണ് ദൈവജനത്തിന്റെ ജൂബിലി. രക്ഷയും, സ്വാതന്ത്ര്യവും, വിടുതലും, പുനർജീവനുമെല്ലാം യേശുവിലൂടെയാണ് നമുക്ക് ലഭിക്കുന്നത്.

ജൂബിലി സഭയിൽ

സഭാ പാരമ്പര്യത്തിൽ ജൂബിലി ആഘോഷം കടന്നുവരുന്നത് പതിനാലാം നൂറ്റാണ്ട് മുതലാണ്. വിശുദ്ധ പത്രോസിന്റെ ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തി പ്രാർത്ഥിക്കുവാനും, പാപങ്ങൾക്ക് പരിഹാരം ചെയ്ത് ദൈവത്തോട് രമ്യപ്പെടുവാനുമുള്ള ഒരു ആഹ്വാനമായിരുന്നു ബോനിഫസ് എട്ടാമൻ മാർപാപ്പ നടത്തിയത്. അതിന്റെ തുടർച്ചയായി എല്ലാ നൂറുവർഷം കൂടുമ്പോഴും, പിന്നീട് അൻപതു വർഷം കൂടുമ്പോഴുമെല്ലാം പല ജൂബിലിയാഘോഷങ്ങളും സഭയിൽ വന്നുപോയി.

ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്റെ 28 വർഷക്കാലത്തെ സഭാ നേതൃത്വ സമയത്ത് അനേകം ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. 1986-87 -ലെ മരിയൻ ജൂബിലി വർഷവും 2000-ലെ കർത്താവിന്റെ ജൂബിലി വർഷവും അതിൽ ഏറ്റവും പ്രധാന ആഘോഷങ്ങളായിരുന്നു. മൂന്നാം സഹസ്രാബ്ദത്തിലേക്ക് സഭയെ നയിക്കുന്നതിനുള്ള വലിയ വിളിയാണ് തനിക്ക് ലഭിച്ചിരിക്കുന്നത് എന്ന ചിന്തയോടെയാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ മഹാജൂബിലിക്ക് നേതൃത്വം നൽകിയത്.

ഫ്രാൻസിസ് മാർപാപ്പ തന്റെ സഭാ ഭരണകാലത്ത് ആഹ്വാനം ചെയ്ത 'കരുണയുടെ ജൂബിലി' ഉൾപ്പെടെ 27 ജൂബിലികൾ കഴിഞ്ഞ 700 വർഷത്തിനിടയിൽ സഭയിൽ ആഘോഷിച്ചിട്ടുണ്ട്. മാനസാന്തരത്തിന്റെ അടയാളമായി ഒരു 'വിശുദ്ധ വാതിലി'ലൂടെ കടക്കുന്ന ആചാര രീതി പതിനഞ്ചാം നൂറ്റാണ്ട് മുതലാണ് സഭയുടെ പ്രാർത്ഥനാ ക്രമത്തിൽ സ്ഥാനം പിടിക്കുന്നത്. 1423-ൽ മാർട്ടിൻ അഞ്ചാമൻ മാർപാപ്പ മഹാജൂബിലിയുടെ ചരിത്രത്തിൽ ആദ്യമായി വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കായിൽ 'വിശുദ്ധ കവാടം' തുറന്നു.

ഫ്രാൻസിസ് മാർപാപ്പ 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെയുള്ള ഒരു വർഷക്കാലം 'കരുണയുടെ ജൂബിലി' വർഷമായി പ്രഖ്യാപിച്ചു. ആ വർഷത്തെ എല്ലാ പ്രവർത്തനങ്ങൾക്കും കരുണയുടെ മുഖം നൽകിക്കൊണ്ട് അനുതാപത്തിന്റെയും, മാനസാന്തരത്തിന്റെയും, പാപമോചനത്തിന്റെയും അനുഭവത്തിലൂടെ സഭ കടന്നു പോയി. ലോകത്തിൽ 'കരുണയുടെ വിപ്ലവം' സൃഷ്ടിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു.

ജൂബിലി ആഘോഷങ്ങൾ ദൈവം നൽകിയ അനുഗ്രഹങ്ങളെ നന്ദിയോടെ

www.malankaralibrary.com

ഓർക്കാനും വിശ്വാസജീവിതത്തെ പുതുക്കാനുമുള്ള കൃപയുടെ അവസരവുമാണെന്ന് ലിയോ പതിനാലാമൻ മാർപാപ്പ പറയുന്നു. 2025-ലെ തന്റെ സന്ദേശത്തിൽ, ജൂബിലി ആത്മീയ നവീകരണത്തിന്റെ കാലമാകണമെന്നും ദൈവകൃപയിൽ ആശ്രയിച്ചു നിത്യ ജീവനായി നാം പരിശ്രമിക്കണമെന്നും മാർപാപ്പ പറയുന്നു. വെറും ഉപരിപ്ലവമായ ആഘോഷങ്ങളിൽ ഒതുങ്ങാതെ, ഹൃദയകാഠിന്യവും അഹങ്കാരവും ഇല്ലാതാക്കി, യേശുവുമായുള്ള സൗഹൃദം ഊട്ടിഉറപ്പിക്കാനാണ് മാർപാപ്പ നമ്മെ ക്ഷണിക്കുന്നത്. ജൂബിലി ആഘോഷങ്ങൾ പ്രാർത്ഥനയിലും സ്നേഹപ്രവൃത്തികളിലുംജീവിതത്തെ പുതുക്കുന്ന അനുഭവങ്ങളാകണം.

ഉപസംഹാരം

ജൂബിലി കഴിഞ്ഞുപോയ കാലത്തിന്റെ അനുസ്മരണം മാത്രമല്ല ദൈവകൃപയിൽ ജീവിതത്തെപുനർ നിർമ്മിക്കാനുള്ള ക്ഷണം കൂടിയാണ്. അനേകം നന്മകൾ ചെയ്തു മറ്റുള്ളവർക്ക് അനുഗ്രഹം സംലഭ്യമാക്കാനും ദൈവത്തിന് നന്ദി പറയാനും, പരസ്പരം ക്ഷമിക്കാനും, അകന്നുപോയ ബന്ധങ്ങളെ ചേർത്തുപിടിക്കാനും ജൂബിലിയുടെ അവസരത്തിൽ നമുക്ക് സാധിക്കണം. ലേവ്യപുസ്തകം അവതരിപ്പിക്കുന്ന ജൂബിലിയുടെ സന്ദേശം നമ്മുടെ ജീവിതത്തിലും സാക്ഷാത്കരിക്കപ്പെടണം. ഭാരം വഹിക്കുന്നവർക്ക് കൈത്താങ്ങ് നൽകുമ്പോഴും, പാർശ്വവത്ക്കരിക്കപ്പെട്ടവരെ ചേർത്തുപിടിക്കുമ്പോഴും, കരയുന്നവരുടെ കണ്ണീർ തുടയ്ക്കുമ്പോഴും നമ്മുടെ ആഘോഷം ദൈവത്തിന് പ്രിയപ്പെട്ടതായിത്തീരുന്നു. അങ്ങനെ ജൂബിലി ഒരു ദിവസത്തെയോ, വർഷത്തെയോ ആഘോഷത്തിൽ ഒതുങ്ങാതെ, നമ്മുടെ ജീവിതത്തിലുടനീളം നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന അനുഗ്രഹത്തിന്റെ അവസരമാകട്ടെ.

ഈ അവസരത്തിൽ ജൂബിലി ആഘോഷിക്കുന്ന നമ്മുടെ പ്രിയപ്പെട്ട ബാവാ തിരുമേനിയോടൊപ്പം നമുക്കും ദൈവത്തിന് നന്ദി പറയാം. പിതാവിന്റെ ജീവിതത്തിലൂടെ ദൈവം പകർന്ന സ്നേഹത്തിനും, വിശ്വാസത്തിൽ അനേകരെ നയിച്ച ശുശ്രൂഷയ്ക്കും ദൈവത്തെ സ്തുതിക്കാം. മുന്നോട്ടുള്ള യാത്രയിൽ ദൈവം പിതാവിന് ആരോഗ്യവും കൃപയും ദൈവീക ചൈതന്യവും സമൃദ്ധമായി നൽകട്ടെ. പിതാവിന്റെ ജൂബിലി നമുക്കോരോരുത്തർക്കും സ്വന്തം ദൈവവിളിയോട് കൂടുതൽ വിശ്വസ്തത പുലർത്താനുള്ള പ്രചോദനമാകട്ടെ. നന്ദിയുള്ള ഹൃദയത്തോടും നവീകരിക്കപ്പെട്ട വിശ്വാസത്തോടും കൂടെ, ദൈവത്തെയും സഹോദരങ്ങളെയും കൂടുതൽ സ്നേഹിക്കാനുള്ള തീരുമാനവുമായി നമുക്ക് മുന്നോട്ടുപോകാം.



www.malankaralibrary.com

മാർ ക്ലീമീസ് ബാവ നാടിന്റെ പ്രകാശ ഗോപുരം

മുഖ്യമന്ത്രി വി. ഡി. സതീശൻ

മെത്രാഭിഷേക രജതജൂബിലിക്ക് പ്രൗഢഗംഭീര സമാപനം

മേജർ ആർച്ചുബിഷപ്പ് കർദിനാൾ ക്ലീമീസ് ബാവ കേരളീയ സമൂഹത്തിൽ പ്രകാശം പരത്തുന്ന ഗോപുരമാണെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. ഇരുട്ട് നിറയുന്ന ഇടങ്ങളിലും മനുഷ്യ ഹൃദയങ്ങളിലും ചെറുതിരി വെട്ടമായി മാർ ക്ലീമീസ് ബാവ എത്തുന്നത് ആശ്വാസ കരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഒരു കർദിനാളിന്റെ മെത്രാഭിഷേക ജൂബിലിക്കല്ല ഞാൻ വന്നത്. എന്റെ കൂടെപ്പിറപ്പിന്റെ ആഘോഷത്തിന ഞാൻ അതീവ സന്തോഷത്തോടെയാണ് എത്തിയിരിക്കുന്നത്.

കർദിനാൾ മാർ ക്ലീമീസ് ബാവയുടെ മെത്രാഭിഷേക രജതജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി വി.ഡി. സതീശൻ. രജത ജൂബിലി ആഘോഷങ്ങൾ 2026 ആഗസറ്റ് 22ന് രാവിലെ 9 മണിക്ക് നടന്ന സമൂഹബലിയോടെയാണ് ആരംഭിച്ചത്. കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ വി. സമൂഹബലിയിൽ മുഖ്യകാർമ്മികനായിരുന്നു. കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് വചന സന്ദേശം നൽകി. ന്യൂഡൽഹിയിലെ വത്തിക്കാൻ സ്ഥാനപതി കാര്യാലയത്തിൽ നിന്നും എത്തിച്ചേർന്ന മോൺ. അന്ത്രയ ഫ്രാൻജ പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പയുടെ സന്ദേശം വായിച്ചു.

തുടർന്ന് നടന്ന പൊതുസമ്മേളനം മുഖ്യമന്ത്രി ശ്രീ വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ അധ്യക്ഷത വഹിച്ചു. മേഘാലയ മുഖ്യമന്ത്രി ശ്രീ കോൺറാഡ് സാംഗ്മ മുഖപ്രഭാഷണം നടത്തി. അന്ത്യോക്യായിലെ സുറിയാനി കത്തോലിക്കാ സഭയുടെ പാത്രിയാർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ ബാവ അനുഗ്രഹ സന്ദേശം നൽകി. രജതജൂബിലി ജീവകാരുണ്യ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശനും മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാംഗ്മയും നിർവ്വഹിച്ചു. കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസിൽ വെള്ളി മെഡൽ നേടിയ മാർ ഇവാനിയോസ് കോളേജ് വിദ്യാർത്ഥി മുഹമ്മദ് ബാസിലിനെ ചടങ്ങിൽ ആദരിച്ചു.

ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ പ്രസിഡന്റും ഗോവ ആർച്ചുബിഷപ്പുമായ കർദിനാൾ ഫിലിപ്പ് നേരി ഫെറാവോ, കേന്ദ്രമന്ത്രി സുരേഷ് ഗോപി, യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് ജോസഫ് ബാവ, മാർത്തോമ്മാ സഭയുടെ മാർ തെയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത, മന്ത്രി കെ. മുരളീധരൻ, പത്മശ്രീ ഡോ. എം.എ. യൂസഫലി, പാലാ ബിഷപ്പ് മാർ

www.malankaralibrary.com

ജോസഫ് കല്ലറങ്ങാട്ട്, ഇന്റർ ചർച്ച് കൗൺസിൽ സെക്രട്ടറി ബിഷപ്പും ഓർത്തഡോക്സ് സഭയുടെ കൊല്ലം ഭദ്രാസനാധിപനുമായ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്താ

ശശി തരൂർ എം.പി., കെ.എൻ. ബാലഗോപാൽ എംഎൽഎ, നഗരസഭ മേയർ വി.വി. രാജേഷ്, രജതജൂബിലി ജനറൽ കൺവീനർ മുൻ ഡിജിപി ജേക്കബ് പുന്നൂസ് എന്നിവർ പ്രസംഗിച്ചു.

ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ സാമൂവേൽ മാർ തെയോഫിലോസ് മെത്രാപ്പോലീത്ത, ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത, സിഎസ്ഐ ബിഷപ്പ് ജോസ് ജോർജ്ജ്, കണ്ടനാട് ഭദ്രാസനാധ്യക്ഷൻ ഡോ. തോമസ് മാർ അത്തനാസിയോസ് എന്നിവർ പുസ്തങ്ങൾ പ്രകാശനം ചെയ്തു. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ് ശ്രീ ആന്റോസ് ആന്റണി, മുൻ ചീഫ് സെക്രട്ടറി ജോൺ മത്തായി, ശ്രീ സന്തോഷ് മാത്യു ഐ.എ.എസ് എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി.

കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ മറുപടി പ്രസംഗം നടത്തി. ദേവാലയങ്ങൾക്കുള്ളിൽ മാത്രം ഒതുങ്ങാതെ സമൂഹത്തിന്റെ പൊതു നന്മയ്ക്കായി ജീവിക്കുവാൻ എല്ലാവരും തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ബാവ പറഞ്ഞു.

പ്രൗഢഗംഭീരമായ ചടങ്ങിൽ 12 ആർച്ചുബിഷപ്പുമാരും 78 പിതാക്കൻമാരും കൂടാതെ, നിയമസഭാ സ്പപീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, മന്ത്രിമാരായ രമേശ് ചെന്നിത്തല, സണ്ണി ജോസഫ്, സി.പി. ജോൺ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ടി. സിദ്ദിഖ്, എം. ലിജു, ബിന്ദു കൃഷ്ണ, ഷിബു ബേബി ജോൺ, എംപിമാരായ എൻ.കെ. പ്രേമചന്ദ്രൻ, രാജ് മോഹൻ ഉണ്ണിത്താൻ, അടൂർ പ്രകാശ്, എം.കെ. രാഘവൻ, ആന്റോ ആന്റണി, ജെബി മേത്തർ, എം.എൽ.എ. മാരായ വി. മുരളീധരൻ, അബിൻ വർക്കി, പഴകുളം മധു, എൻ. ശക്തൻ, ജ്യോതികുമാർ ചാമക്കാല, എം. വിൻസെന്റ്, ചാണ്ടി ഉമ്മൻ, ജി. സ്റ്റീഫൻ, മാത്യു കുഴൽനാടൻ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കളായ ഇ.പി. ജയരാജൻ, പ്രൊഫ. പി.ജെ. കുര്യൻ, ബിനോയി വിശ്വം, കടകംപള്ളി സുരേന്ദ്രൻ, വി.എസ്. ശിവകുമാർ, ബി. സത്യൻ, രാജു എബ്രഹാം, പാലോട് രവി, സിവിൽ സർവ്വീസ് ഓഫീസർമാരായ നിശാന്തിനി ഐപിഎസ്, ശർമ്മിള മേരി ജോസഫ് ഐഎഎസ്, എൻ. പ്രശാന്ത് ഐഎഎസ്, ആൽഫ്രഡ് ഒ.വി. ഐഎഎസ്, ഡോ. അരുൾ ആർ.ബി. കൃഷ്ണ ഐപിഎസ്,

മലങ്കര ഓർത്തഡോക്സ് സഭ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, മലങ്കര മാർത്തോമ്മാസഭാ ട്രസ്റ്റി അഡ്വ. അൻസൽ സക്കറിയ, കേരളാ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ, ഷാലോം ഗ്രൂപ്പ് ചെയർമാൻ ഷവലിയാർ ബെന്നി പുന്നത്തറ, മുതിർന്ന മാധ്യമപ്രവർത്തകർ എന്നിവർ പങ്കെടുത്തു.

ഫാ. ബോവസ് മാത്യു
(പി.ആർ.ഓ., മലങ്കര കത്തോലിക്കാ സഭ)

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
തലവനും പിതാവുമായ അത്യഭിവന്ദ്യ
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ
ക്ലീമിസ് കാതോലിക്കാ ബാവായുടെ
മെത്രാഭിഷേക രജത ജൂബിലി
ദൃശ്യങ്ങളിലൂടെ...



www.malankaralibrary.com















www.malankaralibrary.com















www.malankaralibrary.com















www.malankaralibrary.com















www.malankaralibrary.com



















www.malankaralibrary.com





















www.malankaralibrary.com











www.malankaralibrary.com

സിൽവർ ജൂബിലി പ്രോജക്ട്സ്

ജൂബിലി ഗാർഡൻസ് – 45 ഭവനങ്ങൾ

അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മെത്രാഭിഷേക രജത ജൂബിലിയോട് അനുബന്ധിച്ച് വിവിധ ഭദ്രാസനങ്ങളുടെ ഉത്തര വാദിത്വത്തിൽ നടന്നുവരുന്ന ഭവനം ഇല്ലാത്തവർക്ക് ഭവനം അഥവാ ജൂബിലി ഗാർഡൻസ് എന്ന പേരിൽ ഉള്ള ഭവന പദ്ധതി വിവിധ ഇടങ്ങളിലായി പൂർത്തീകരിക്കപ്പെട്ടു വരുന്നു. വീടും സ്ഥലവും ഇല്ലാത്തവർക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകിയിരിക്കുന്നത്.

A. MAJOR ARCHDIOCESE OF TRIVANDRUM

Completed Houses

1. Mrs. Girija Benedict Mar Gregorios Nagar,Vettinad	-	Mr. Josh Thangalathil Land Donated by Mr. Josh Thangalathil
2. Mrs. Elizabeth Benjamin Benedict Mar Gregorios Nagar, Vettinad	-	St. Vincent De Paul Society, Pattom Land Donated by Mr. Josh Thangalathil
3. Mrs. Chitra Benedict Mar Gregorios Nagar, Vettinad	-	Mr. San Joe Mathew Land Donated by Mr. Josh Thangalathil
4. Bethel	-	Mukkoor (Mallapally) Jubilee Fund
5. Ebeneser	-	Mukkoor (Mallapally) Jubilee Fund
6. Carmel	-	Mukkoor (Mallapally) Jubilee Fund
7. Mr. Vincent	-	Uliyazhithura (Mannanthala, Thiruvananthapuram) Jubilee Fund
8. Mrs. Jaya & Mr. Krishnankutty	-	Maroor, Elamannoor Adv. Jojoe Abraham
9. Sanata Maria	-	Malankara Hills, Vettinad Jubilee Fund
10. Santa Clara	-	Malankara Hills, Vettinad Jubilee Fund
11. San Pio	-	Malankara Hills, Vettinad Jubilee Fund
12. San Leo	-	Malankara Hills, Vettinad Jubilee Fund
13. San Antonio	-	Malankara Hills, Vettinad Jubilee Fund
14. Santa Monica	-	Malankara Hills, Vettinad Jubilee Fund
15. Sanusha M.M, Nenmeny P.O, S. Bathery, Wayand Dt.	-	Sarvodaya Central Vidyalaya
17. Mr. Sumesh Jerome Kottiyam Kollam District.	-	Jubilee Fund
18. Parishioner Karavaloor Kollam District.	-	Jubilee Fund

Under Construction

1. Mrs. Aswathy A.S & Mr. Rajesh Kunnil Veedu, Thengumcode K.T Kunnil P.O., Kallara.	-	Muthuvila Mission, Jubilee Fund
2. Pulpally	-	Bathery, Jubilee Fund
3. Parishioner	-	Anchal Parish, Jubilee Fund
4. Antony, Puthupally	-	Memorial of Shri. Oommen Chandy, Jubilee Fund
5. Parishioner	-	Maruthimood
6. Parishioner	-	St. Thomas Parish, Nalanchira, Josh Thangalathil

www.malankaralibrary.com

B. ARCHDIOCESE OF TIRUVALLA

Completed Houses

1. Mrs. Beena Santhosh, Parishioner - St. George SMCC, Udumbanchola.
2. Mr. Shaji Chacko, Parishioner - St. Mary's SMCC, Peringara

C. DIOCESE OF PARASSALA

Completed Houses

1. Parishioner - Malayankizh Parish

Under Construction

1. Parishioner - Aluvila Parish

D. DIOCESE OF BATHERY

Completed Houses

1. Parishioner - Nambiarkunnu Parish, Wayanad
2. Parishioner - Malankara Parish, Wayanad

E. DIOCESE OF MUVATTUPUZHA

Completed Houses

1. Parishioner - St. Joseph's SMCC, Elanad
2. Parishioner - St. Mary's SMCC, Vengola
3. Parishioner - St. Mary's SMCC, Perumbadavom

F. DIOCESE OF ST. EPHREM, KHADKI, PUNE

Completed Houses

1. Busapalli Village : 1. Mr. Sanyasa Rao & Mrs Seethamma
   2. Mr. Rajababu & Mrs. Janaki
   3. Mr. Sudhakar & Mrs. Rupa
2. Gupigadda Village : 1. Mr. Sathibabu & Mrs. Seetha

G. DIOCESE OF MAVELLIKARA

Under Construction

1. Mr. Raju D, Methewoottu Veedu, Karamcode P.P. , Thattarukonam, Chathannur, Kollam, Kollam.
2. Mrs. Reena Mathunny, Changazhithara Vadakethil, Cheravally, Kayamkulam, Kerala.

H. DIOCESE OF PUTTUR

Completed Houses

1. Mr. Elias Valiyaveettil Parishioner - Nelliyadi

Under Construction

1. Mrs. Hema, Thumkoor, District.

I. DIOCESE OF MARTHANDOM

Completed Houses

1. Mr. John Jijo. C, Parishioner - St. Lady of Health SMCC, Konam.
2. Mr. Mokaipandi & Mrs. Murukeswari, Parishioner - Thainesi Matha SMCC, Devatanapatti, Theni.

J. DIOCESE OF PATHANAMTHITTA

Completed Houses

1. Mr. Mathai Thomas, Parishioner - Pampini SMCC

Under Construction

1. Mrs. Shini Sam, Parishioner - Nedumancavu SMCC

www.malankaralibrary.com

സ്നേഹപൂർവ്വം ജൂബിലി വിദ്യാജ്യോതി



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസും
തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്പുമായ

മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ
തിരുമേനിയുടെ
മെത്രാഭിഷേക രജത ജൂബിലി (2001-2026)
ആഘോഷങ്ങളുടെ ഭാഗമായി

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന
വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നു.

ഞങ്ങളുടെ ലക്ഷ്യം... നന്മകളുടെ യാഥാർത്ഥ്യം





മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അധ്യക്ഷനുമായ **അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ** മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ തിരുമേനിയുടെ സമർപ്പിതവും നന്മകളുടെ നിറവാർന്നതുമായ **മെത്രാഭിഷേക ശുശ്രൂഷ** യുടെ ഇരുപത്തിയഞ്ച് വർഷം ത്യാഗോജ്ജ്വല മായി പൂർത്തിയാക്കുകയാണ്.

തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലി യാഘോഷം, ദരിദ്രരിലേക്കും പാർശ്വവൽക്കരി ക്കപ്പെട്ടവരിലേക്കും കരുണയും കരുതലും പ്രവഹിക്കുന്ന സ്നേഹത്തിന്റെ അഭയ കൂടാര മായി തീരുവാൻ ആഗ്രഹിക്കുന്നു. ഇതിലൂടെ സമൂഹത്തിൽ നന്മ പകരുന്നതും ദീർഘകാലം നിലനിൽക്കുന്നതുമായ അറി വിന്റെ വെളിച്ചം പകരുവാനും പിന്നാക്കം നിൽ ക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകി അവരുടെ സ്വപ്നങ്ങൾ സാക്ഷാത് കരിക്കുവാനും തിരുമേനി ലക്ഷ്യം വയ്ക്കുന്നു.

വിദ്യാഭ്യാസം ഒരു അടിസ്ഥാന മനുഷ്യാ വകാശമാണ്. എന്നാൽ മെഡിസിൻ, **എൻജിനീ യറിംഗ്, നിയമം, നഴ്സിംഗ്, അധ്യാപക വിദ്യാഭ്യാസം** തുടങ്ങിയ പ്രൊഫഷണൽ ബിരുദ കോഴ്സുകളുടെ വർധിച്ചുവരുന്ന ചെലവ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന

www.malankaralibrary.com

വിദ്യാർത്ഥികളുടെ പഠനവഴികളിൽ വലിയ തടസ്സമായിനിൽക്കുന്നു.

സാമ്പത്തിക പരാധീനതയുടെ പേരിൽ ഉന്നതവിദ്യാഭ്യാസം നേടാനുള്ള സ്വപ്നങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന അർഹരായ നിരവധി വിദ്യാർത്ഥികൾ സമൂഹത്തിലുണ്ട്.

ഈ സാമൂഹിക യാഥാർഥ്യത്തിന് മറുപടിയായി, **MBBS, B.Tech, Nursing, LLB, B.Ed.** തുടങ്ങിയ പ്രൊഫഷണൽ ബിരുദകോഴ്സുകൾ പഠിക്കുന്ന 25 മിടുക്കരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് പൂർണ്ണമായ Tution Fee നൽകുവാൻ തിരുമേനി ആഗ്രഹിക്കുന്നു.

ഈ സംരംഭത്തിലൂടെ വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസത്തിലേക്കും തൊഴിൽ സാധ്യതയിലേക്കും നയിക്കുകയും സാമ്പത്തിക സ്ഥിരത കൈവരിക്കാൻ സഹായിക്കുകയും അതോടൊപ്പം നമ്മുടെ യുവതലമുറയുടെ ബൗദ്ധിക ശേഷിയും പഠനമികവും പരിപോഷിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യം.



ഒപ്പം ചേരൂ ... യുവതയ്ക്കായ്

1 M.B.B.S (മെഡിക്കൽ പഠനം 5 വർഷം) 3 വിദ്യാർത്ഥികൾ

3 വിദ്യാർത്ഥികളെ 5 വർഷം മുഴുവൻ ട്യൂഷൻ ഫീസും നൽകി പഠിപ്പിക്കുന്നു

ഒരു വിദ്യാർത്ഥിയുടെ ഒരു വർഷത്തെ ഫീസ് -Rs. 8,50,000/-

മൂന്ന് വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഫീസ് Rs. 25.50,000/-

മൂന്ന് വിദ്യാർത്ഥികൾക്ക് 5 വർഷത്തെ ആകെ ഫീസ് Rs1,27,50,000/-

2 B.Tech (എൻജിനീയറിംഗ് പഠനം) 4 വർഷം 6 വിദ്യാർത്ഥികൾ

ഒരു വിദ്യാർത്ഥിയുടെ ഒരു വർഷത്തെ ഫീസ് Rs. 1,10,000/

ആറു വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഫീസ് Rs. 6.60,000/-

ആറു വിദ്യാർത്ഥികൾക്ക് 4 വർഷത്തെ ആകെ ഫീസ് Rs. 26,40,000/-

3 BSC Nursing (നേഴ്സിംഗ് പഠനം 4 വർഷം) 6 വിദ്യാർത്ഥികൾ

ഒരു വിദ്യാർത്ഥിയുടെ ഒരു വർഷത്തെ ഫീസ് Rs. 1,50,000/-

ആറു വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഫീസ് Rs. 9.00,000/-

ആറു വിദ്യാർത്ഥികൾക്ക് 4 വർഷത്തെ ആകെ ഫീസ് Rs. 36,00,000/-

4 L.L.B (നിയമ പഠനം 5 വർഷം) 5 വിദ്യാർത്ഥികൾ

ഒരു വിദ്യാർത്ഥിയുടെ ഒരു വർഷത്തെ ഫീസ് Rs. 43,000/-

അഞ്ച് വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഫീസ് Rs. 2,15,000/-

അഞ്ച് വിദ്യാർത്ഥികൾക്ക് 5 വർഷത്തെ ആകെ ഫീസ് Rs. 10,75,000/-

5 B.Ed (അധ്യാപക പഠനം 2 വർഷം) 5 വിദ്യാർത്ഥികൾ

ഒരു വിദ്യാർത്ഥിയുടെ ഒരു വർഷത്തെ ഫീസ് Rs. 50,000/

അഞ്ച് വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഫീസ് Rs. 2,50,000/-

അഞ്ച് വിദ്യാർത്ഥികൾക്ക് 2 വർഷത്തെ ആകെ ഫീസ് Rs.5,00,000/-

ഞങ്ങൾ നന്മയുടെ കരങ്ങൾ നീട്ടുന്നു..
നിങ്ങൾക്ക് സ്വപ്നങ്ങളുടെ ചിറകുകൾ നൽകുന്നു..

ഞങ്ങളുടെ സ്വപ്നവും ലക്ഷ്യവും:

- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 25 വിദ്യാർത്ഥികളെ സാമൂഹിക സേവനത്തിലേക്കും ഉന്നതമായ തൊഴിൽ തസ്തികയിലേക്കും നയിക്കുക.
- സാമൂഹിക പ്രതിബദ്ധതയുള്ള ഡോക്ടർമാർ, എൻജിനീയർമാർ, അഭിഭാഷകർ, നഴ്സുമാർ, അധ്യാപകർ എന്നിവരുടെ എണ്ണം വർധിപ്പിക്കുക.

www.malankaralibrary.com

ഗ്രാമീണവും പിന്നാക്കം നിൽക്കുന്നതുമായ സമൂഹങ്ങളുടെ സേവനത്തിനായി അവരെ സജ്ജരാക്കുക.

വിദ്യാഭ്യാസവും മൂല്യബോധവും ഉള്ള ഉദ്യോഗസ്ഥരിലൂടെ ദീർഘകാല സാമൂഹിക വികസനം സാധ്യമാക്കുക.

"ശോഭനവും ആനന്ദകരവും സമാധാന പരവുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിനായി ഇന്നും എന്നും എവിടെയും പ്രത്യാശയും സന്തോഷവും പ്രസരിപ്പിക്കുക."

✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കോസ്

2008 മുതൽ നിലവിലുള്ള പദ്ധതികൾ

2008 ബെത്‌ലഹേം ബോയ്സ് ഹോം, കാട്ടാക്കട.

2009 ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് സ്നേഹ ഭവൻ, നാലാഞ്ചിറ.

2010 ആശ്വാസഭവൻ സ്പെഷ്യൽ സ്കൂൾ, ചീക്കനാൽ, പത്തനംതിട്ട.

2011 സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ, പിരപ്പൻകോട്.

2012 സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റലിലെ നിർധനരായ രോഗികൾക്കായി ഡയാലിസിസ് യൂണിറ്റുകൾ, പിരപ്പൻകോട്.

2013 50 ഹിന്ദു, മുസ്ലിം കുടുംബങ്ങൾക്ക് വീടുകൾ.

2014 സാന്ത്വനം (രോഗികൾക്കായുള്ള കെയർ ഹോം), പട്ടം.

2015 ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് കാൻസർ കെയർഹോം, പിരപ്പൻകോട്.

2016 സായൂജ്യം വിരമിച്ച വൈദികർക്കായുള്ള ഭവനം, പിരപ്പൻകോട്. (സമൂഹത്തിനായി അവർ നൽകിയ സേവനങ്ങളുടെ ആദരണാർത്ഥം)

2017 ഒഡീഷയിലെയും ആന്ധ്രയിലെയും മിഷനുകളിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള സഹായം.

2018 തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരിതബാധിതർക്കായുള്ള പുനരധിവാസ പ്രവർത്തനങ്ങൾ.

2019 കേരളത്തിലെ പ്രളയ ബാധിതരുടെ ദുരിതാശ്വാസവും പുനരധിവാസവും.

2020 അനാഥരായ വയോധിക സ്ത്രീകൾക്കും വിധവകൾക്കുമായി ഭവനം അമ്മവീട്, അഞ്ചൽ.

2021 മാർത്താണ്ഡം രൂപതയിലെ ചാരിറ്റി പദ്ധതികൾക്ക് പിന്തുണ.

2022 ഗുഡ്ഗാവ് രൂപതയിലൂടെ ഛത്തീസ്ഗഡിലെ ബിലാസ്പൂരിൽ വിദ്യാഭ്യാസ-വികസന പദ്ധതികൾ

2023 ഭവനരഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം.

2024 സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ, കാരമൂട്.

2025 കർണാടകയിലെ പുത്തൂർ രൂപതയിലെ ചാരിറ്റി പദ്ധതികൾക്ക് പിന്തുണ.

2026 സാന്ത്വനം പുതിയ ബ്ലോക്കിന്റെ നവീകരണവും നിർമ്മാണവും. (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്കും അവരോടൊപ്പമുള്ള പരിചാരകർക്കുമുള്ള കെയർഹോം) പട്ടം, തിരുവനന്തപുരം.

തുടരുന്നു...

സ്നേഹപൂർവ്വം ഒരു വീട്

- ഭവന പദ്ധതി : ഇതുവരെ 2,345 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഭവനനിർമ്മാണ സഹായം ലഭ്യമാക്കി.

സ്നേഹവിരുന്ന് ശാല

- സൗജന്യ ഉച്ചഭക്ഷണപദ്ധതി : പട്ടം സ്നേഹവിരുന്നുശാലയിൽ ഉച്ചഭക്ഷണം 12:30 മുതൽ 2 വരെയുള്ള സമയത്ത് ആവശ്യമുള്ളവർക്ക് 2019 മുതൽ നൽകിവരുന്നു.

സ്നേഹപൂർവ്വം ജൂബിലി വിദ്യാജ്യോതി

പ്രിയ സ്നേഹിതരെ,

സ്നേഹപൂർവ്വം ജൂബിലി വിദ്യാജ്യോതി പദ്ധതിയിലൂടെ, അർഹരായ നമ്മുടെ യുവജനതയെ സഹായിക്കുവാൻ, ഏവരേയും സന്തോഷപൂർവ്വം ക്ഷണിക്കുന്നു.

ഇതോടൊപ്പമുള്ള Commitment Slip പൂരിപ്പിച്ച് ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

സ്നേഹാശംസകളോടെ,

ഫാ. വർഗ്ഗീസ് കിഴക്കേക്കര (രജു അച്ചൻ)

ബന്ധപ്പെടുക : റവ. ഫാ. വർഗീസ് കിഴക്കേക്കര
കോ-ഓർഡിനേറ്റർ, സ്നേഹപൂർവ്വം ജൂബിലി വിദ്യാജ്യോതി
+91 9946 697 764
bccvidyajyothi@gmail.com
മേജർ ആർച്ച് ബിഷപ്സ് ഹൗസ്, പട്ടം,
തിരുവനന്തപുരം 695 004, കേരളം.

അക്കൗണ്ട് നമ്പർ : 0483053000021427
അക്കൗണ്ട് പേര് : Episcopal Jubilee Vidyajyothi
ബാങ്ക് : South Indian Bank
IFSC കോഡ് : SIBL0000483

സ്കാൻ ചെയ്ത് പണമടയ്ക്കുക
UPI ID: qr.episcopal@sib

SCAN & PAY

www.malankaralibrary.com

Malankara Syrian Catholic Church

Eparchy of St. Ephrem, Khadki-Pune

"That they may all be one." (John 17:21)



96th REUNION DAY CELEBRATION

2026 SEPTEMBER 17-19

Thursday | Friday | Saturday

Mar Ivanios Nagar
(Mar Gregorios College Campus)
Mogappair, Chennai

www.malankaralibrary.com

AN INVITATION TO REUNION

Dear Brethren in Christ,

With hearts filled with gratitude to Almighty God and with profound joy, we invite you to the 96th Reunion Anniversary Celebrations of the Malankara Syrian Catholic Church, hosted by the **Malankara Syrian Catholic Eparchy of St. Ephrem, Khadki-Pune, from 17th to 19th September 2026 at Mar Ivanios Nagar (Mar Gregorios College Campus), Mogappair, Chennai.** The Head and Father of our Church, **His Beatitude Moran Mor Baselios Cardinal Cleemis Catholicos** will officiate at the sacred liturgy and address the gathering thereafter.

Reunion Day is a sacred occasion for the whole Malankara Syrian Catholic Church to celebrate our unity in faith, communion with the Universal Church and our rich ecclesial heritage. The three-day celebration will include solemn liturgy, spiritual programs, and gatherings of ecclesial and social significance.

Bishops, clergy, religious, families, young people, friends and well-wishers are warmly invited to share in this grace-filled celebration. Your presence will strengthen our faith, deepen our communion and renew our commitment to the Church and her mission. Let us gather as one family in Christ and joyfully celebrate this historic occasion.

We look forward with joy to welcoming you to Chennai.

FOR CELEBRATION COMMITTEES

✠ **Antony Mar Silvanos** *(Curia Bishop & Convenor, Church Celebrations Committee)*

✠ **Mathews Mar Pachomios OIC** *(Bishop of Khadki-Pune & Chairman, Reunion Celebrations)*

Msgr. Dr Shaji Mathews Vazhayil *(Vicar General & General Convenor)*

Fr George Vettikattil *(Co-Convenor)*

Fr Dr Joshy Vazhappillethu *(Chancellor & Pastoral Council Priest Secretary)*

Mr Ajit John Kuttiyil *(Pastoral Council Lay Secretary)*

www.malankaralibrary.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 05-09-2026

Christavakahalam Monthly, SEPTEMBER 2026
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ പ്രസിദ്ധീകരണം. ആകർഷകമായ രൂപകല്പനയിൽ എല്ലാ കുടുംബങ്ങളിലേക്കും....

ക്രൈസ്തവ കാഹളം



വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com